ISSN 2582-2764



കേരള നിയമസഭയുടെ ഔദ്യോഗിക ന്യൂസ്‌ലെറ്റർ

നം. 06/2020 | ഡിസംബർ 2020 | തിരുവനന്തപുരം | പേജ് 20 | വില 10 രൂപ

» 03 ചരിത്രം കുറിച്ച ഒന്നാം കേരളനിയമസഭ
വി.എസ്. അച്യുതാനന്ദൻ

» 10 സംസ്ഥാന ഖനന നയം ആവിഷ്ക്കരിക്കണം;
പരിസ്ഥിതി സംബന്ധിച്ച സമിതി

» 20 വികസനത്തിന് താങ്ങായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ
പിണറായി വിജയൻ മുഖ്യമന്ത്രി

ചീഫ് എഡിറ്ററുടെ ഡെസ്കിൽ നിന്ന്

# മാതൃഭാഷാസ്നേഹവും മലയാളിയുടെ ജനാധിപത്യബോധവും

**പി. ശ്രീരാമകൃഷ്ണൻ, നിയമസഭാ സ്പീക്കർ**



വള്ളത്തോൾ കവിതകൾ പലതും സൂചിപ്പിക്കും പോലെ, നമ്മൾ ലോകത്തെ അറിയുന്നത്, നമ്മളെത്തന്നെ അറിയുന്നത് അമ്മയിലൂടെ എന്നതു പോലെ തന്നെ മാതൃഭാഷയിലൂടെയുമാണ്. നമ്മൾ നമ്മളെ അടയാളപ്പെടുത്തുന്നതും മാതൃഭാഷയിലൂടെയാണ്. ഇങ്ങനെ ജാതി, മതം, ലിംഗം, പ്രദേശം തുടങ്ങിയവയെ മുൻനിർത്തിയുള്ള സ്വത്വങ്ങളിലൂന്നി ഒരാൾ തങ്ങളെ അടയാളപ്പെടുത്താൻ ശ്രമിക്കുമ്പോൾ, അതിനെ മാത്രം മുൻനിർത്തുമ്പോൾ സ്വത്വരാഷ്ട്രീയമാകുന്നു. രൂക്ഷമായ വിഭാഗീയതകൾക്കിടനൽകുന്നതാണ് ഇത്തരം സ്വത്വബോധങ്ങളെങ്കിൽ ഈ സ്വത്വങ്ങളെയെല്ലാം ഉൾക്കൊണ്ട്, വിഭാഗീയതകൾക്കപ്പുറം നിൽക്കുന്ന ഒന്നാണ് ഒരുവന്റെ ഭാഷാസ്വത്വം. കേരളം വിട്ട് മറുനാട്ടിൽ ചെല്ലുമ്പോൾ, നാം മലയാളികളാകുന്നു. ജാതിമതരാഷ്ട്രീയങ്ങൾക്കപ്പുറത്ത് മലയാളികളെ ഒന്നിപ്പിക്കുന്നത് ഭാഷ തന്നെയാണ്. അതുകൊണ്ടാണ് കുഞ്ഞുണ്ണി മാഷ് പറഞ്ഞത്, മലയാളമെന്നാൽ അമ്പത്തൊന്നക്ഷരമോ മലയാളം എന്ന നാലക്ഷരമോ അല്ല, അമ്മയും മണ്ണുമാണെന്ന്.

ലോകത്ത് എവിടെ ചെന്നാലും അവിടെ ജീവിക്കാൻ സ്വയം പരുവപ്പെടുക, അവിടങ്ങളിലെ ഭാഷാസംസ്കാരങ്ങളെ ബഹുമാനിക്കുകയും സ്വാംശീകരിക്കുകയും ചെയ്യുക, അതോടൊപ്പം തന്റെ മാതൃഭാഷയെയും സംസ്കാരത്തെയും കൈവിടാതെ ചേർത്തുപിടിക്കുക - ഇതാണ് മലയാളി. ഈ സവിശേഷതകൾ മറ്റുള്ളവർക്കുമുണ്ടാകാം, എന്നാൽ മലയാളികളിൽ ഇത് വളരെ പ്രകടമാണ്. അതിന് കാരണവും, ഒരു പരിധിവരെ നമ്മുടെ മലയാള ഭാഷ തന്നെയാണ്. വേരുകളടരാതെ, എന്നാൽ സമ്പർക്കം പുലർത്തിയ മറ്റു ഭാഷാസംസ്കാരങ്ങളെ സ്വാംശീകരിച്ചുകൊണ്ടാണ് മലയാളവും മലയാളിയും എന്നും വളർന്നിട്ടുള്ളത്. തമിഴിന്റെ തായ്സ്നേഹവും ഭാഷാഭിമാനവും കൈവിടാതിരിക്കുകയും എന്നാൽ അതിൽ തന്നെ സ്വയം തളഞ്ഞുപോകാതെ സങ്കരസ്വാംശീകരണങ്ങളിലൂടെ പുതിയ ആകാശങ്ങൾ തേടി വളർന്ന മലയാളഭാഷയും മലയാളനാടും തന്നെയാണ് മലയാളിയെ മലയാളിയാക്കുന്നത്.

ഭാഷ എന്നത് സംസ്കാരവാഹകമാണ്. സാംസ്കാരിക-സാമൂഹിക നവോത്ഥാനങ്ങളിലും പരിവർത്തനങ്ങളിലും ഭാഷ ഒരു പ്രധാന ഉപാധിയും നിദർശനവുമാണ്. ഭക്തിപ്രസ്ഥാനകാലവും നവോത്ഥാനകാലവും അത് സാക്ഷ്യപ്പെടുത്തുന്നു. നവോത്ഥാനകാലത്ത് ഭാഷയ്ക്ക് പല പരിഷ്കാരങ്ങളും സംഭവിച്ചതുപോലെ തന്നെ, സാമൂഹികപരിഷ്കാരങ്ങളിൽ ഭാഷ ഒരു പ്രധാന ഉപാധിയായി. മലയാളം കൂടുതൽ സംസ്കൃതീകരിക്കപ്പെടുന്നുണ്ടെങ്കിലും വേദങ്ങളും ഇതിഹാസങ്ങളുമടക്കം സംസ്കൃതത്തിലെ സാഹിത്യ-വിജ്ഞാന ഗ്രന്ഥങ്ങൾ മലയാളത്തിലാക്കപ്പെടുന്നു. പ്രാർത്ഥനകൾ മലയാളത്തിലാകുന്നത് മതവിശ്വാസത്തിൽ വിപ്ലവാത്മകമായ ചുവടുവയ്പായതുപോലെ തന്നെ, പൗരോഹിത്യാധികാരത്തിനേറ്റ ഒരു പ്രഹരവുമായി. ഇംഗ്ലീഷ് വിദ്യാഭ്യാസത്തെയും ആധുനികവത്കരണത്തേയും സ്വാംശീകരിക്കാൻ മലയാളഭാഷ സജ്ജമായെങ്കിലും, അതേ കാലത്തുതന്നെ ദേശസ്നേഹമുണർത്താനും ഭാഷ വഴി കാണിച്ചു എന്നുള്ളതാണ് സത്യം. ആ പശ്ചാത്തലത്തിലാണ് വള്ളത്തോൾ പറയുന്നത്, 'മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ, മർത്ത്യനുപെറ്റമ്മ തൻഭാഷ താൻ' എന്ന്. ഇവിടെ ധാത്രി എന്നത് അമ്മയുടെ പര്യായപദം തന്നെ. പക്ഷേ, ഒന്ന് കേവലപദമായിരിക്കുന്നു. മറ്റൊന്ന് നമ്മെ പെറ്റതെന്ന നിലയിൽ നമ്മുടെ സത്ത തന്നെയായിരിക്കുന്നു, അമ്മ എന്ന മലയാളപദം നമുക്ക് കൂടുതൽ അനുഭവവേദ്യമാകുന്നു. ഇവിടെ എനിക്കോർമ്മ വരുന്ന മറ്റൊരു സന്ദർഭം, ബഷീറിന്റെ പാത്തുമ്മയുടെ ആടാണ്. 'മാതാവേ ശുദ്ധജലം തരൂ' എന്ന് പറയുമ്പോൾ ബഷീറിന്റെ ഉമ്മ തവി കൊണ്ട് തലയ്ക്കടിക്കുന്നത് കാണാം. ഭാഷയുടെ വരേണ്യസങ്കല്പങ്ങളെ ചോദ്യം ചെയ്യുന്നു എന്നത് മാത്രമല്ല അതിലെ കാര്യം. ഉമ്മ എന്ന വിളി അനുഭവമാണ്, മാതാവ് എന്നതുണ്ടാക്കുന്ന അന്യതാബോധം അതിനില്ല. അറിവും അനുഭൂതിയും അനുഭവിപ്പിക്കാൻ മാതൃഭാഷയോളം മറ്റൊന്നിനുമാകില്ല. നമ്മൾ ജനിച്ച പരിസരത്തിൽ വ്യവഹരിക്കുന്നതാണത്. പല ചരിത്രഘട്ടങ്ങളിലൂടെയാണ് ഓരോ ഭാഷയും സംക്രമിക്കുന്നതും പരിണമിക്കുന്നതും. അപ്പോൾ ഭാഷ അറിയുക എന്നാൽ ചരിത്രമറിയുകയും അതിന്റെ ചരിത്രസന്ധിയിൽ ഭാഗഭാക്കാകുകയുമാണ്. ശ്രേഷ്ഠഭാഷാ പദവിയിലെത്തി നിൽക്കുമ്പോൾ പിന്നിട്ട സഹസ്രാബ്ദങ്ങളുടെ ചരിത്രധാരയുടെ ഇങ്ങേ തലയ്ക്കലാണ് നമ്മളുള്ളത്. നാളെയിലേക്കും നീളുന്ന പ്രവാഹമാണത്. അമ്മയിൽ നിന്ന് കുഞ്ഞിലേക്ക് പകരുന്ന ഭാഷയോടൊപ്പം നമ്മുടെ സംസ്കാരവും കൈമാറ്റം ചെയ്യപ്പെടുന്നുണ്ട്. അതുകൊണ്ട് ഭാഷ കൈവിടുകയെന്നാൽ സംസ്കാരത്തെ മറക്കുക എന്നും വേരുകളറുക്കുക എന്നും കൂടിയാണ്.

മലയാളത്തിന്റെ അനുഭവ-അനുഭൂതി-ചരിത്രതലങ്ങളെക്കുറിച്ച് പറയുമ്പോൾ മറന്നുകൂടാത്ത ഒരു കാര്യം മലയാളമെന്നതു പോലും ഒറ്റയല്ല എന്നതാണ്. മാനകീകരിച്ച, സംസ്കൃതീകരിച്ച മാനകമലയാളത്തെയായിരിക്കാം നമ്മൾ മലയാളമെന്ന് വ്യവഹരിക്കുന്നത്. അതേസമയം മലയാളത്തിന് പല ദേശഭേദങ്ങളും സാമൂഹികഭേദങ്ങളുമുണ്ട്. അവ മാനകമലയാളത്തിൽ നിന്ന് ഏറെ ഭിന്നമായിരിക്കാം. എന്നാൽ ഒന്നും മറ്റൊന്നിനേക്കാൾ ശ്രേഷ്ഠമെന്നോ, ഹീനമെന്നോ പറഞ്ഞുകൂടാ. വിനിമയോപാധിയിൽ, പ്രേഷിതനോളം തന്നെ പ്രാധാന്യം സ്വീകർത്താവിനുമുണ്ട്. മറ്റുള്ളവരെക്കൂടി ഉൾക്കൊള്ളാനുള്ള തുറസ്സ് ഭാഷയ്ക്ക് സാധ്യമാണെന്നതുപോലെ പ്രാദേശിക-സാമൂഹിക ഭേദങ്ങളെ അതിവർത്തിച്ചു നില്ക്കുന്ന സമത്വബോധം ഭാഷാപരമായ ജനാധിപത്യബോധമാണ്.

സംസ്കൃതത്തിന്റെ കോയ്മയെ മറികടക്കാൻ നവോത്ഥാനം കൊണ്ടായി. ഏത് സംസ്കൃതഗ്രന്ഥവും സംസ്കൃതവിജ്ഞാനവും മലയാളത്തിലാക്കാൻ പാകത്തിന് സംസ്കൃതപദങ്ങളും അക്ഷരങ്ങളും മറ്റും മലയാളം സ്വായത്തമാക്കുകയും ചെയ്തു. എന്നാൽ ആധുനിക ലോകവ്യവഹാരങ്ങളിൽ ഇംഗ്ലീഷ് ഭാഷയ്ക്കുള്ള പ്രാമാണികതയെ മറികടക്കാൻ നമ്മളിനിയും മുന്നോട്ട് പോകേണ്ടതുണ്ട്. നമ്മുടെ പദസമ്പത്ത് വർദ്ധിപ്പിക്കാൻ കടംകൊള്ളുന്നതിൽ തെറ്റില്ലെങ്കിലും ഒരു വിദേശഭാഷാപദത്തിന് സമാനമായി ഒരു മലയാളപദം ഉപയോഗിച്ചാലും അപാകതയൊന്നുമില്ലെന്ന അവസ്ഥ വരണം. ടോർച്ച് എന്നതിന് പകരം, ഞെക്കുവിളക്ക് എന്ന് പറഞ്ഞാൽ അത് വിവരമില്ലായ്മയുടെ ലക്ഷണമായി കരുതാത്ത സ്വഭാഷാഭിമാനവും സ്വഭാഷാബോധവും ഇനിയും വളരേണ്ടതുണ്ട്. ഭരണ-നിയമ കാര്യങ്ങളും നമ്മുടെ മാതൃഭാഷയിലാകുമ്പോൾ മാത്രമാണ് നമ്മൾ പൂർണ്ണമായും സ്വാധികാരം കൈവരിക്കുക. വിജ്ഞാനവിതരണത്തിന് ഇംഗ്ലീഷിനെ തന്നെ ആശ്രയിക്കാതെ, മുമ്പ് സൂചിപ്പിച്ച പോലെ അറിവിനെ അനുഭവമാക്കാൻ മാതൃഭാഷയെ ഉപയുക്തമാക്കണം. മറ്റു ഭാഷകളിൽ നിന്ന് മലയാളത്തിലേക്ക് എന്ന പോലെ, മലയാളത്തിൽ നിന്ന് മറ്റു ഭാഷകളിലേക്കും കൃതികളും വിജ്ഞാനവും പകർത്തപ്പെടുന്ന അവസ്ഥയിലേക്ക് വളരണം. ലോകശ്രദ്ധ പിടിച്ചുപറ്റുന്ന നമ്മുടെ സാഹിത്യകൃതികൾ അത്തരത്തിൽ പ്രതീക്ഷയുളവാക്കുന്നതാണ്. കൊളോണിയൽ അധികാരത്തിന്റെ അടയാളങ്ങൾ പേറുന്ന കോടതി-ഭരണഭാഷകളിൽ നിന്ന് നമുക്ക് പുറത്ത് കടക്കേണ്ടതുണ്ട്. ഇംഗ്ലീഷ് മീഡിയത്തിൽ നിന്ന് ഒട്ടും താഴെയല്ല മലയാളം മീഡിയമെന്നും ഇവിടെ ഇംഗ്ലീഷ് എന്നത് ഒരു മീഡിയം - പഠനമാധ്യമം മാത്രമാണെന്നും ഇംഗ്ലീഷ് ഒരിക്കലും അറിവിന്റെ മാനദണ്ഡമല്ലെന്നുമുള്ള ബോധ്യത്തിലേക്ക്, അഭിമാനത്തിലേക്ക് നമ്മൾ വളരണം. ഇംഗ്ലീഷിനെ എന്ന പോലെ മറ്റേതു വിദേശഭാഷയെയും ബഹുമാനിക്കാനും സ്വായത്തമാക്കാനും കഴിവും മനസ്സുമുള്ളവരാണ് മലയാളികൾ. അതോടൊപ്പം സ്വന്തം ഭാഷയിലഭിമാനിക്കാൻ തക്കവണ്ണം മലയാളിയോടൊപ്പം മലയാളഭാഷയും പുതിയ വിതാനങ്ങൾ തേടേണ്ടതുണ്ട്. ആറു മലയാളിക്കു ആയിരം മലയാളമുണ്ടായാലും ആ ആയിരം മലയാളത്തെയും ഉൾക്കൊള്ളാനുള്ള സാഹോദര്യം നമ്മുടെ മാതൃഭാഷാസ്നേഹത്തിൽ ഉണ്ടായിരിക്കട്ടെ. മലയാളിയുടെ ജനാധിപത്യബോധത്തെ, സാംസ്കാരികസ്വത്വത്തെ ശക്തിപ്പെടുത്താൻ അവന്റെ ഭാഷാബോധത്തിനും ഭാഷാജ്ഞാനത്തിനുമാകട്ടെ.




ഗുജറാത്തിലെ കെവാദിയയിൽ നടന്ന സഭാധ്യക്ഷൻമാരുടെ ദേശീയ സമ്മേളനത്തിൽ സ്പീക്കർ പി ശ്രീരാമകൃഷ്ണൻ സംസാരിക്കുന്നു

മൊഴിമുഴക്കം



'ജനാധിപത്യം ഒരു സ്ഥിതിയല്ല, അതൊരു പ്രവൃത്തിയാണ്. ജനാധിപത്യത്തിന് വേണ്ടി നിങ്ങൾ എത്ര പോരാടുന്നു എന്നതനുസരിച്ചാണ് അതിന്റെ ശക്തി നിർണയിക്കപ്പെടുന്നത്.'

**കമലാ ഹാരിസ്**
നിയുക്ത അമേരിക്കൻ വൈസ് പ്രസിഡന്റ്

പ്രതിപക്ഷ നേതാവിന്റെ പേജ്

# പുതിയ കാർഷിക ബിൽ കർഷകന്റെ മരണക്കുരുക്ക്

**രമേശ് ചെന്നിത്തല**

ആയിരത്തിത്തൊള്ളായിരത്തി എഴുപതുകളിൽ പ്രധാനമന്ത്രിയായിരുന്ന ഇന്ദിരാഗാന്ധിയുടെ നേതൃത്വത്തിൽ ഭാരതത്തിന്റെ കാർഷികരംഗം ഘടനാപരമായ വലിയ മാറ്റങ്ങൾക്ക് വിധേയമായി. ആ മാറ്റങ്ങളാണ് ഇന്ത്യയെ ഭക്ഷ്യ രംഗത്ത് സ്വയം പര്യാപ്തത നേടാൻ പ്രാപ്തമാക്കിയതും അതുവഴി ലോകത്തിലെ ഏറ്റവും വലിയ ഭക്ഷ്യോൽപാദക രാഷ്ട്ര ങ്ങളിലൊന്നാക്കിമാറ്റുകയും ചെയ്തത്. കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് സർക്കാരുകൾ പ്രഖ്യാപിക്കുന്ന താങ്ങുവില, പൊതു സംഭരണം, പൊതുവിതരണ സംവിധാനം എന്നീ ബലവത്തായ മൂന്ന് തൂണുകളിലാണ് ഇന്ത്യയുടെ ഭക്ഷ്യസുരക്ഷ നിലനിൽക്കുന്നത്. ഇവ മൂന്നിനെയും തകർത്തുകൊണ്ട് ഇന്ത്യൻ കാർഷികരംഗത്തെ കുത്തകകൾക്കും ദല്ലാളൻമാർക്കും അടിയറവയ്ക്കുകയും അതുവഴി ഇന്ത്യൻ കർഷകന് മരണക്കുരുക്കൊരുക്കുകയുമാണ് ബി.ജെ. പി. സർക്കാർ രാജ്യസഭയിൽ പാസാക്കിയ കാർഷിക ബില്ലുകളിലൂടെ സംഭവിക്കുന്നത്.

കാർഷിക വിള വിപണന വാണിജ്യ (പ്രോത്സാഹനവും നടപ്പാക്കലും) ബിൽ 2020, വില ഉറപ്പാക്കുന്നതിനും കാർഷിക സേവനങ്ങൾക്കുമുള്ള കാർഷിക (ശാക്തീകരണ, സംരക്ഷണ) കരാർ 2020 എന്നിവയാണ് രാജ്യ സഭയിൽ അവതരിപ്പിച്ച് പാസാക്കിയത്. ഇന്ത്യയുടെ മഹത്തായ പാർലമെന്ററി പാരമ്പര്യത്തോടുള്ള വെല്ലുവിളികൂടിയായിരുന്നു സെപ്തംബർ 20ന് രാജ്യസഭയിൽ അരങ്ങേറിയത്. പ്രതിപക്ഷകക്ഷികളും ഭരണകക്ഷിയോടൊപ്പം നിൽക്കുന്ന ബിജു ജനതാദളും ആവശ്യപ്പെട്ടത് ഈ ബില്ല് കൂടുതൽ ചർച്ചകൾക്കും വിശകലനങ്ങൾക്കുമായി ബന്ധപ്പെട്ട പാർലമെന്ററി സ്റ്റാൻഡിംഗ് കമ്മിറ്റികൾക്ക് വിടണമെന്നായിരുന്നു. ഏത് ബില്ലും നിയമമാകുന്നതിന് മുമ്പ് അവശ്യം വേണ്ട ഘടകമാണ് പാർലമെന്ററി തലത്തിലെ ചർച്ചകളും വിശകലനങ്ങളും. എന്നാൽ യാതൊരു പാർലമെന്ററി മര്യാദയും കൂടാതെ ബില്ലുകൾ ക്ഷണനേരം കൊണ്ട് പാസാക്കിയെടുക്കുകയാണ് ബി.ജെ.പി. ഭരണകൂടം ചെയ്തത്. എതിർപ്പ് പ്രകടിപ്പിച്ച പ്രതിപക്ഷ എം. പി.മാരെ ജനാധിപത്യ വിരുദ്ധമായി സസ്പെൻഡ് ചെയ്യുകയും ചെയ്തു. ഇതിലൂടെയെല്ലാം ഇന്ത്യൻ കർഷകനെ കോർപ്പറേറ്റ് ഭീമന്മാരുടെ ദയാദാക്ഷണ്യങ്ങൾക്ക് എറിഞ്ഞിട്ടു കൊടുക്കുകയാണ് ബി.ജെ.പി. സർക്കാർ ചെയ്തത്.

## താങ്ങുവില ഇല്ലാതാകുന്നു

കാർഷികോത്പന്നങ്ങളുടെ താങ്ങുവില ഇല്ലാതാവുക എന്നതാണ് ഇതിലെ ഏറ്റവും ഗുരുതരമായ വശം. കേന്ദ്ര സംസ്ഥാന സർക്കാരുകൾ കാലാകാലങ്ങളായി കാർഷിക വിപണിയിൽ നടത്തുന്ന സജീവമായ ഇടപെടലുകളിലൂടെയാണ് താങ്ങ് വില സമ്പ്രദായം രൂപമെടുത്തത്. കർഷകർക്ക് തങ്ങളുടെ വിളവുകൾക്ക് ഒരു നിശ്ചിതമായ വില ഉറപ്പ് വരുത്തുകയാണ് ഇത് വഴി ചെയ്യുന്നത്. എന്നാൽ ഈ ബില്ലുകൾ പാസാക്കിയതോടെ താങ്ങുവില എന്നത് അവസാനിക്കും. കർഷകർക്കും അവരുടെ ഉത്പന്നങ്ങൾ വാങ്ങാനെത്തുന്നവർക്കും ഒരേ വിലപേശൽ ശക്തിയുണ്ടാക്കുകയാണ് ഈ ബില്ലുകൾ പാസാക്കുന്നതിലൂടെ സർക്കാർ ചെയ്തത്. 2003 ലെ എ.പി.എം.സി. അഥവാ കാർഷികോത്പന്ന കമ്പോള സമിതി നിയമത്തിലെ വ്യവസ്ഥകളെ ഇല്ലായ്മ ചെയ്താണ് പുതിയ നിയമം സർക്കാർ ഉണ്ടാക്കിയിരിക്കുന്നത്. അതത് പ്രദേശത്തെ വിലനിലവാരം കണക്കിലെടുത്ത് കാർഷികോത്പന്നങ്ങൾക്ക് വില നിശ്ചയിക്കുന്നത് എ.പി.എം.സി.യാണ്. ഉത്തരേന്ത്യൻ ഗ്രാമങ്ങളിലെല്ലാം ഇത്തരത്തിലാണ് കാർഷിക മേഖല നിലനിൽക്കുന്നത്. ഇതിലൂടെ കർഷകർക്ക് തങ്ങളുടെ ഉൽപ്പന്നങ്ങൾക്ക് വില കിട്ടുമെന്നുറപ്പായിരുന്നു. അതോടൊപ്പം



സർക്കാർ പ്രഖ്യാപിക്കുന്ന താങ്ങുവില ലഭിക്കുകയും ചെയ്യും. ഈ ബില്ലിലൂടെ എ.പി. എം.സി. ആക്റ്റ് റദ്ദാക്കുമ്പോൾ സർക്കാർ ചെയ്യേണ്ടിയിരുന്നത് കുറെക്കൂടി കർഷക സൗഹൃദവും തങ്ങളുടെ ഉത്പ്പന്നങ്ങൾക്ക് കൂടുതൽ വില ലഭിക്കുന്നതിനും കൃഷി ഒരു വരുമാന മാർഗമെന്നനിലയിൽ തുടർന്ന് കൊണ്ടുപോകുന്നതിനുമായി farmers producer companies / organisations രൂപീകരിക്കുകയാണ് ചെയ്യേണ്ടിയിരുന്നത്. 2019 ലെ ലോക്സഭാ തെരഞ്ഞെടുപ്പിന്റെ ഭാഗമായി കോൺഗ്രസ് പുറത്തിറക്കിയ പ്രകടന പത്രികയിൽ ഇത് വ്യക്തമായി സൂചിപ്പിച്ചിരുന്നു. എ.പി.എം.സി. ആക്റ്റ് പ്രകാരം കമ്പോളം അഥവാ മാർക്കറ്റ് എന്നത് കാർഷികോൽപ്പന്നകമ്പോള സമിതിയുടെ കീഴിലുള്ള സ്ഥലങ്ങളായിരുന്നു. അവിടെ നിന്ന് ഉത്പ്പന്നങ്ങൾ വാങ്ങുക എന്നതാണ് വാങ്ങാൻ വരുന്നവർ ചെയ്യേണ്ടിയിരുന്നത്. ഇതിനെ മണ്ഡികൾ എന്നാണ് ഉത്തരേന്ത്യയിൽ പറഞ്ഞുവരുന്നത്. ഒരോരോ പ്രദേശത്തെ മണ്ഡികളിൽ അതത് പ്രദേശത്തെ നിലവാരമനുസരിച്ച് കാർഷിക വിളകൾ അല്ലെങ്കിൽ ഉത്പ്പന്നങ്ങൾ വിൽക്കുകയാണ് ചെയ്ത് കൊണ്ടിരുന്നത്. ഈ പ്രാദേശിക മാർക്കറ്റുകളെ പൂർണ്ണമായും തകർക്കുകയാണ് ഈ ബില്ലിലെ വ്യവസ്ഥകൾ. ബില്ലിലെ പുതിയ വ്യവസ്ഥപ്രകാരം എവിടെയാണോ ഉത്പ്പന്നങ്ങൾ വിൽക്കുന്നത് അവിടെ കമ്പോളമായി തീരുമെന്നാണ്. എന്ന് വച്ചാൽ വൻകിട കുത്തകക്കാർക്കും തങ്ങളുടെ ഇഷ്ടപ്രകാരം കമ്പോളം നിശ്ചയിക്കാൻ കഴിയും. അങ്ങനെ വരുമ്പോൾ കാർഷികോത്പന്നങ്ങളുടെയും വിളവുകളുടെയും വിലനിലവാരവും അവർക്ക് നിശ്ചയിക്കാൻ കഴിയും. എവിടെയും സംഭരിക്കാം എവിടെയും വിൽക്കാം. നിലവിലുള്ള എ.പി.എം.സി. നിയമപ്രകാരം അവരിൽ നിന്ന് ലൈസൻസ് സമ്പാദിക്കുന്നവരാണ് വ്യാപാരികളായി കണക്കാക്കപ്പെടുന്നത്. പുതിയ ബില്ലുകളിലെ ചട്ടങ്ങൾ പ്രകാരം ഉത്പ്പാദകരും കയറ്റുമതിക്കാരും മുതൽ മിൽ ഉടമകളും ചെറുകിട വ്യാപാരികളും വരെ ഈ പട്ടികയിൽപ്പെടും. ഈ ബില്ലിലെ വ്യവസ്ഥകൾ വിൽക്കുന്നവനല്ല വാങ്ങുന്നവനാണ് വില നിശ്ചയിക്കുന്നത് എന്ന നിലയിലേക്ക് കാര്യങ്ങൾ എത്തും. വൻകിട കമ്പനികൾ അവരുടെ തന്നിഷ്ടപ്രകാരം വിപണികൾ സൃഷ്ടിക്കുകയും ചെയ്യും. ഇതോടെ കഴുത്തറപ്പൻ മൽസരത്തിൽ നിന്ന് സാധാരണ കൃഷിക്കാരന് പിൻവാങ്ങേണ്ടി വരും. അതോടെ അവന്റെ ജീവിതമാർഗവും അടയും. അതോടൊപ്പം ഒട്ടേറെ ഗ്രാമങ്ങൾ നമ്മുടെ കാർഷിക വിപണിയിൽ നിന്ന് പുറത്താവുകയും ചെയ്യും.

## കരാർകൃഷി പരമ്പരാഗത മേഖലയെ തകർക്കും

കരാർകൃഷിക്ക് വലിയ പ്രോത്സാഹനമാണ് ഈ ബില്ലുകളിലെ വ്യവസ്ഥകളിലുള്ളത്. നമ്മുടെ പരമ്പരാഗത മേഖലയെ പൂർണ്ണമായും തകർക്കുന്ന ഒന്നാണ് കരാർ കൃഷി. കർഷകൻ എന്ത് വിള കൃഷി ചെയ്യണം, എന്ത് വിത്ത് ഉപയോഗിക്കണം, എന്ത് വളം ഉപയോഗിക്കണമെന്നെല്ലാം ഇവിടെ തീരുമാനിക്കുന്നത് കുത്തക കമ്പനിയാണ്. മാത്രമല്ല ജനിതകമാറ്റം വന്ന വിത്തുകളും ഉപയോഗിച്ചേക്കാം. നമ്മുടെ കാർഷികമേഖലയുടെ കരുത്ത് തന്നെ അതിലെ വൈവിധ്യതയാണ്. എന്നാൽ കരാർ കൃഷി കാർഷികമേഖലയുടെ വൈവിധ്യത്തെ മാത്രമല്ല നമ്മുടെ പരമ്പരാഗത വിത്തിനങ്ങളെയും ഇല്ലാതാക്കും. ഇന്ത്യയിൽ കരാർ കൃഷി നേരത്തെ തന്നെയുണ്ടെങ്കിലും ഈ ബില്ലിലെ വ്യവസ്ഥകൾ നിയമമാകുന്നതോടെ കരാർ കൃഷി ഇന്ത്യയിൽ കൂടുതൽ വ്യാപിക്കുമെന്നുറപ്പാണ്. ചെറുകിട നാമമാത്ര കർഷകർ ഇതോടെ പതിയെ പതിയെ ഇല്ലാതാവുകയും ചെയ്യും. കർഷകർക്ക് ധാരാളം സൗജന്യ സേവനങ്ങൾ സർക്കാരിൽ നിന്നും മറ്റും ലഭിച്ചുകൊണ്ടിരിക്കുന്ന രാജ്യമാണ് ഇന്ത്യ. ഇനി അതെല്ലാം വില കൊടുത്ത് വാങ്ങേണ്ടിവരുമോ എന്ന ഭീതിയും കർഷകർക്കുണ്ട്. ഇന്ത്യയുടെ ഫെഡറൽ വ്യവസ്ഥക്ക് തന്നെ ഈ ബില്ലിലെ ചില വ്യവസ്ഥകൾ ഭീഷണിയാണെന്ന വാദവും ശക്തിയായി ഉയർന്നുവരുന്നുണ്ട്. ഭക്ഷ്യോൽപ്പന്നങ്ങളുടെ വില നിയന്ത്രണമുൾപ്പെടെയുള്ള കാര്യങ്ങൾക്ക് സംസ്ഥാന സർക്കാരുകൾക്കുള്ള വിപുലമായ അധികാരങ്ങൾ ദുർബലപ്പെടുമെന്നവാദവും ഉയർന്നുവരുന്നുണ്ട്.

## കേരളത്തിനും ആഘാതം

ജനിതകമാറ്റം വരുത്തിയ വിത്തുകൾ കൃഷി ചെയ്യാനുള്ള അനുമതിയും കരാർ കൃഷിയുമൊക്കെ കേരളത്തിലെ കാർഷികമേഖലയ്ക്കും വലിയ ആഘാതം വരുത്തിവയ്ക്കും ചെറുകിട ഇടത്തരം നാമമാത്ര കർഷകർ കൂടുതൽ ഉള്ള സംസ്ഥാനത്ത് കരാർ കൃഷി പ്രോൽസാഹിപ്പിക്കുക എന്നത് തന്നെ ആത്മഹത്യാപരമാണ്. ചെറുകിട കർഷകരുടെ ഭൂമി നിസാര വിലയ്ക്ക് കരാർ കമ്പനികൾ വിലക്കെടുക്കാനും സാധ്യതയുണ്ട്. കരാർ കമ്പനികൾ കർഷകർക്ക് അവരുടെ അധ്വാനത്തിന് അനുസരിച്ചുള്ള വില ഉൽപ്പന്നങ്ങൾക്ക് നൽകുമോ എന്നതും സംശയമുള്ള കാര്യമാണ് അതോടൊപ്പം കേരളത്തിൽ വളരെ ശക്തമായി നില നിൽക്കുന്ന സഹകരണ മാർക്കറ്റിംഗ് സംവിധാനങ്ങൾ, കൃഷി വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇവയുടെ സ്വതന്ത്രമായ കാർഷിക പ്രവർത്തനത്തിന് തുരങ്കം വയ്ക്കുന്ന നിർദ്ദേശങ്ങളും ഈ ബില്ലിലുണ്ട്. മാത്രമല്ല കാർഷികമേഖലയിൽ സംസ്ഥാനങ്ങൾക്കുണ്ടായ അധികാരം ഗണ്യമായ തോതിൽ കുറയാനും അത് വഴി കേന്ദ്ര ഇടപെടലുകൾ വർധിക്കാനും സാധ്യതയുണ്ട്. ഈ ബില്ലിലെ വ്യവസ്ഥകൾ പ്രകാരം കേരളത്തിൽ ആർക്ക് വേണമെങ്കിലും വിപണികൾ സ്ഥാപിക്കാനും വ്യാപാരം നടത്താനും കഴിയും. നമ്മൾ കാലാകാലങ്ങളായി പിന്തുടർന്നുപോന്ന കാർഷിക സംസ്കാരത്തിന്റെ തന്നെ മരണമണിയായിരിക്കും ഈ പുതിയ കാർഷിക ബില്ലിലൂടെ ഉണ്ടാകാൻ പോകുന്നതെന്നു കൂടുതൽ വ്യക്തമാവുകയാണ്.

അറിവോരം

കേരള നിയമസഭയുടെ ഔദ്യോഗിക ന്യൂസ് ലെറ്റർ

# ചരിത്രം കുറിച്ച ഒന്നാം കേരളനിയമസഭ

**വി.എസ്. അച്യുതാനന്ദൻ**

ചെയർമാൻ, ഉദ്യോഗസ്ഥ ഭരണപരിഷ്കാര കമ്മീഷൻ

കേരളപ്പിറവിയുടെ മാസമാണ് നവംബർ. 1956 നവംബർ ഒന്നാണല്ലോ കേരള സംസ്ഥാനത്തിന്റെ ജന്മദിനം. മദ്രാസിന്റെ ഭാഗമായിരുന്ന മലബാറും തിരുവിതാംകൂറും കൊച്ചിയും 1949 ജൂലായ് 1 ന് സംയോജിച്ച തിരു-കൊച്ചി സംസ്ഥാനം എന്നിവ ചേർത്ത് രൂപീകൃതമായതാണ് ഇന്നത്തെ കേരളം. സംസ്ഥാനങ്ങളുടെ രൂപീകരണം മാതൃഭാഷ മാനദണ്ഡത്തിലായിരുന്നു. ആ അടിസ്ഥാനത്തിൽ തന്നെയാണ് കേരളവും രൂപീകൃതമായത്. തിരുവിതാംകൂറിന്റെ കന്യാകുമാരി ഉൾപ്പെടെയുള്ള ചില മേഖലകൾ കേരളത്തിന് കൈവിട്ടപ്പോൾ മലബാർ കേരളത്തിന് വന്നുചേർന്നു. ഒരു പ്രത്യേക മാനദണ്ഡ പ്രകാരം പുനഃസംഘടനയുണ്ടാക്കുമ്പോൾ ഉണ്ടാകുന്ന മാറ്റ-കേറ്റങ്ങൾ സ്വാഭാവികം.

കേരളപ്പിറവി ദിനം ആഘോഷിക്കുന്നു എന്നാണ് വെയ്പ്. അതായത്, ഈ ആഘോഷം മറ്റ ദേശീയ ഉത്സവങ്ങളുടെ ആഘോഷത്തോടെ ജനങ്ങൾ ഏറ്റെടുക്കുന്നുവോ എന്ന് പരിശോധിക്കപ്പെടേണ്ടതുണ്ട്. കേരളപ്പിറവി എത്രത്തോളം വിജ്ഞാനപ്രദമായും, സൃഷ്ടിപരമായും പ്രചോദനദായകമായും ആഘോഷിക്കപ്പെടുന്നുണ്ട്? കേരളം എന്നത് സ്വാഭാവികമായി വന്നു രൂപീകൃതമായതാണെന്ന തെറ്റിദ്ധാരണ യുവതയിൽ ഉണ്ടാകാം ഇത് ഉൾപ്പെടെയുള്ള ധാരണാപിശകുകളിലേക്ക് യുവത വഴുതിപ്പോകാതിരിക്കാൻ ക്രിയാത്മകമായ ആഘോഷങ്ങൾ സഹായിക്കും. ഐതിഹ്യത്തെ മുൻനിർത്തി ആഴ്ച്ചകളോളം ആഘോഷം സംഘടിപ്പിക്കപ്പെടുമ്പോൾ, ചരിത്രം മുൻനിർത്തിയുള്ള ആഘോഷം നാമമാത്രമായി കൂടാ. ഈ കാഴ്ച്ചപ്പാടിലാണ് നവംബർ കേരളത്തിന്റെ ജന്മമാസം എന്ന നിലയിൽ ഞാൻ എടുത്തുപറഞ്ഞത്. കേരളപ്പിറവി അനുസ്മരണത്തോടൊപ്പം തന്നെ പ്രസക്തമാണ് ഒന്നാം കേരളസർക്കാരും ഒന്നാം കേരളനിയമസഭയും. എന്തെന്നാൽ, രണ്ടും ചരിത്രപ്രധാന സംഭവവികാസങ്ങളാണ്.

സ്വാതന്ത്ര്യസമര ദേശീയപ്രസ്ഥാനത്തിന് അനുബന്ധമായിരുന്നു ജന്മിത്വത്തിനെതിരായ പോരാട്ടം. മലബാർ മേഖലയിലെ കർഷക സമരങ്ങളും തിരുവിതാംകൂർ കൊച്ചി മേഖലകളിലെ കർഷകത്തൊഴിലാളി പ്രക്ഷോഭങ്ങളുമൊക്കെ സ്വാതന്ത്ര്യദാഹത്തോടൊപ്പം ജന്മിത്വചൂഷണത്തിനെതിരായ കലാപവുമായിരുന്നു. ദേശീയ പ്രസ്ഥാനത്തിന്റെ പ്രധാന മുദ്രാവാക്യമായിരുന്നു കൃഷിഭൂമി കർഷകന്, കുടിയാന് ഭൂമി തുടങ്ങിയവ.ഈ മുദ്രാവാക്യങ്ങൾ മുൻനിർത്തിയാണ് ജന്മിത്വത്തിനെതിരായ പ്രക്ഷോഭം നടന്നത്. കർഷകരും കുടിയാന്മാരും അനുഭവിച്ച ഭീകരചൂഷണം അക്കാലത്തെ സാമൂഹ്യജീവിതത്തിന്റെ ഭാഗമായിരുന്ന പശ്ചാത്തലത്തിലാണ് നാട് സ്വാതന്ത്ര്യം നേടിയത്.

തിരുവിതാംകൂറിലെ ആദ്യത്തെ ജനകീയ ഗവൺമെന്റ് 1948 മാർച്ച് 24 ന് പട്ടംതാണുപിള്ള പ്രധാനമന്ത്രിയായ മന്ത്രിസഭയായിരുന്നു. 1949 ജൂലായ് ഒന്നിന് തിരു-കൊച്ചി സംസ്ഥാനം



നിലവിൽ വരികയും മുഖ്യമന്ത്രിയായി പറവൂർ ടി കെ നാരായണപിള്ള മന്ത്രിസഭ അധികാരത്തിലേറുകയും ചെയ്തു. തുടർന്നിങ്ങോട്ട് 1956 മാർച്ച് വരെ, അതായത് കേരളം രൂപീകരണത്തിന് തൊട്ടുമുമ്പ് വരെ ഏഴ് വർഷത്തിനുള്ളിൽ അഞ്ച് മന്ത്രിസഭകളാണ് അധികാരത്തിൽ വന്നത്. 1948 മുതൽ കണക്കാക്കിയാൽ ഏഴു മന്ത്രിസഭ. ഓരോ മന്ത്രിസഭയും അകാലത്തിൽ നിലംപതിക്കുകയായിരുന്നു. അഥവാ, മന്ത്രിസഭകൾ വിടരുകയും അകാലത്തിൽ കൊഴിയുകയും ചെയ്തുവന്നു. ഈ പ്രക്രിയ 1956 മുതൽ 1957 ഏപ്രിൽ വരെ നീണ്ട രാഷ്ട്രപതി ഭരണത്തിൽ കലാശിക്കുകയാണ് ഉണ്ടായത്. കോൺഗ്രസ്സ് സർക്കാരുകളുടെ ഈ അലങ്കോലങ്ങളിൽ ജനങ്ങളാരും ഉത്തരവാദികളായിരുന്നില്ല എന്നത് സ്മരണീയമാണ്.

1948 മുതലുള്ള എട്ടുവർഷങ്ങളിൽ മന്ത്രിസഭകൾ പലതുണ്ടായെങ്കിലും ജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങളിലേക്കു ഭരണശ്രദ്ധ പോയില്ല. ജന്മിത്വത്തിന്റെ കൊടുംചൂഷണവും പാവപ്പെട്ടവന്റെ ഇതര മേഖലയിലെ ദുരിതങ്ങളും അകറ്റാൻ നടപടിയൊന്നും ഉണ്ടായില്ല. ഈ സാമൂഹ്യപശ്ചാത്തലത്തിലാണ് കേരളം രൂപീകൃതമാകുന്നത്.

1957 ഫെബ്രുവരി-മാർച്ചിലായി നടന്ന ഒന്നാം കേരളനിയമസഭാ തെരഞ്ഞെടുപ്പും തുടർന്നുണ്ടായ ഗവൺമെന്റും നിയമസഭയും ചരിത്രപ്രസിദ്ധമായത് ഈ സാമൂഹ്യ പശ്ചാത്തലത്തിലാണ്. കേരളവും ഇന്ത്യയും ലോകമാകെയും വിസ്മയത്തോടെയാണ് ആ തെരഞ്ഞെടുപ്പ് ഫലം സ്വീകരിച്ചത്. ബാലറ്റ് പേപ്പറിലൂടെ കമ്മ്യൂണിസ്റ്റുകാർ അധികാരത്തിൽ വരുന്നതായിരുന്നു ലോകത്തിന്റെ ഒരു വിസ്മയം. ലോകരാഷ്ട്രീയ ചരിത്രത്തിൽ അത്ഭുതകരമായ സംഭവവികാസം.അതിലേറെ പ്രസിദ്ധമായതാണ് ആ തെരഞ്ഞെടുപ്പിന്റെ ഉൽപ്പന്നമായ സർക്കാരും നിയമസഭയും. ഇ.എം.എസ്സിന്റെ നേതൃത്വത്തിൽ വന്ന ആ സർക്കാരും നിയമസഭയും നേരെ പോയത് സ്വാതന്ത്ര്യസമര വാഗ്ദാനപാലനത്തിലേക്കാണ്. അധികാരമേറ്റ് ആറാം ദിവസം സർവ്വ കുടിയൊഴിപ്പിക്കലും നിരോധിച്ചുകൊണ്ട് സർക്കാർ ഓർഡിനൻസ് ഇറക്കി.

അടുത്തത് നിയമസഭയുടെ ഊഴമായിരുന്നു. 126 അംഗങ്ങളുടെ ഒന്നാം കേരള നിയമസഭ 1957 ഏപ്രിൽ ഒന്നിന് നിലവിൽ വന്നു. ഏപ്രിൽ 27 നായിരുന്നു

(ശേഷം പേജ് 4 ൽ)



(തുടർച്ച പേജ് 3)

അതിന്റെ ആദ്യസമ്മേളനം. 1957 ഡിസംബർ 18 ന് കേരളനിയമസഭയിൽ പുതിയ ചരിത്രം പിറന്നു. ഇന്ത്യയിലാദ്യമായി സമഗ്ര ഭൂപരിഷ്കരണം നിയമമാക്കാൻ ഉദ്ദേശിച്ചുള്ള ബില്ല് റവന്യൂമന്ത്രി കെ ആർ ഗൗരിയമ്മ അവതരിപ്പിച്ചു. നൂറ്റാണ്ടുകളായി നിലനിന്ന ജന്മിത്വത്തിന്റെ നട്ടെല്ല് തകർക്കുന്നതായിരുന്നു ആ ബില്ല്. നാളിതുവരെയുള്ള കേരള നിയമസഭകളുടെ ചരിത്രത്തിൽ, കേരളത്തിന്റെ സാമൂഹ്യമാറ്റത്തിന് അസ്ഥിവാരമിട്ട നടപടിയായിരുന്നു അത്. അതുകൊണ്ടുതന്നെ കേരള ചരിത്രത്തിലെ ഏറ്റവും സുപ്രധാന സംഭവവികാസമായി ഇന്നും അതു പരിഗണിക്കപ്പെടുന്നു.

ഈ നിയമനിർമ്മാണം വഴി ലക്ഷ്യമിട്ടത് കേരളത്തിലെ ഭൂവുടമ, കാർഷികബന്ധം അഴിച്ചുപണിയാണ്. കൃഷിഭൂമി കർഷകന്, കുടിയൊഴിപ്പിക്കൽ നിരോധനം, കുടിയാന്മാർക്ക് കിടപ്പാടം, ഭൂവുടമകളിൽ നിന്ന് അവർക്ക് ആവശ്യത്തിലധികമുള്ള ഭൂമി ഏറ്റെടുത്ത് ഭൂമി ഇല്ലാത്തവർക്ക് വിതരണം ചെയ്യൽ എന്നിവയായിരുന്നു ആ ബില്ലിന്റെ ഹൃദയം. അത് നൂറ്റാണ്ടുകളായി നിലനിന്ന ഭൂവുടമ, കാർഷികബന്ധ വ്യവസ്ഥിതിയെ പാടെ മാറ്റിമറിക്കലായിരുന്നു. സ്വാതന്ത്ര്യസമര ദേശീയപ്രസ്ഥാനത്തിന്റെ ഈ രംഗത്തെ പ്രധാനമുദ്രാവാക്യമോ വാഗ്ദാനമോ ഒക്കെയായിരുന്നു അത്.

ഭൂവുടമ, കാർഷികബന്ധ വ്യവസ്ഥിതിയിൽ നൂറ്റാണ്ടുകളായി ജന്മിത്വമായിരുന്നു നിലനിന്നിരുന്നത്. അതിന്റെ കൊടും ചൂഷണശക്തി മാരകമായിരുന്നു. ഭൂരിപക്ഷം വരുന്ന പാവങ്ങളുടെ ജീവിതം അതിൽ ഞെരിഞ്ഞു അർദ്ധപ്രാണനോടെ കഴിച്ചുകൂട്ടുകയായിരുന്നു. ഇന്ത്യയുടെയാകെ സാമൂഹ്യവ്യവസ്ഥയായിരുന്നു അത്. അതുകൊണ്ടു തന്നെയാണ് അതിനെതിരായ പോരാട്ടം ദേശീയപ്രസ്ഥാനത്തിന്റെ ഭാഗമായത്. പക്ഷേ, സ്വാതന്ത്ര്യത്തിനു ശേഷം ഒരു ദശാബ്ദം പിന്നിട്ടിട്ടും ജന്മിത്വത്തിനെതിരെ നിയമനിർമ്മാണം മറ്റൊരിടത്തും ഉണ്ടായില്ല. ജന്മിത്വത്തിന്റെ നട്ടെല്ല് തകർത്ത നിയമനിർമ്മാണ ഉദ്യമത്തിനു ഇന്ത്യയിൽ തുടക്കമിട്ടത് ഒന്നാം കേരള നിയമസഭയിലാണ്. ഒന്നാം കേരള നിയമസഭ അങ്ങനെ രാജ്യത്തിന്റെ അനന്യമാതൃകയായി.

കേരളനിയമസഭയ്ക്ക് വലിയ പ്രകീർത്തിയാണ് ഈ നിയമനിർമ്മാണ ഉദ്യമം നേടികൊടുത്തത്. ഈ നിയമനിർമ്മാണം ജനാധിപത്യപരമായ വിപ്ലവമെന്ന് ചരിത്രകാരന്മാർ വിലയിരുത്തി. അത് നൂറ്റാണ്ടുകളുടെ വേരുറപ്പുള്ള കർഷകവിരുദ്ധ കാർഷികബന്ധ വ്യവസ്ഥ തച്ചുടയ്ക്കുന്നതായി. കർഷകജനതയെ സ്വന്തം കാലിൽ നിൽക്കാൻ പ്രാപ്തമാക്കി. അവരിൽ സാമ്പത്തികപരമായ ആത്മവിശ്വാസം വളർത്തുന്നതായി. ഈ നിയമനിർമ്മാണത്തിന്റെ പൂർണ്ണമായ നിർവ്വഹണം ആഴത്തിലും പരപ്പിലും പുതിയ ചരിത്രസംഭവമെന്ന് ചരിത്രകാരന്മാർ പ്രകീർത്തിച്ചു. ദേശീയതലത്തിൽ മാത്രമല്ല അന്താരാഷ്ട്രരംഗത്തു തന്നെ ഒന്നാം കേരളനിയമസഭയുടെ ഈ ഉദ്യമം ചർച്ച ചെയ്യപ്പെട്ടു. കേരളത്തിന്റെ അടിസ്ഥാന വികസനനേട്ടങ്ങൾ ലോകത്തിന്റെ വികസനമാതൃകചർച്ചാരംഗത്ത് പ്രധാന ഇനമാണ്. ആ നേട്ടങ്ങൾക്ക് അസ്ഥിവാരമിട്ടത് ഒന്നാംകേരള നിയമസഭയിലെ ഈ നിയമനിർമ്മാണമാണെന്നതാണ് വസ്തുത. 1959 ജൂൺ 10 ന് നിയമസഭ ആ ബിൽ പാസ്സാക്കി.

സ്വാതന്ത്ര്യത്തിനുശേഷം ജനജീവിതം വലിയ കഷ്ടതയിലായിരുന്നു. കേരളവും അതിൽ നിന്ന് വിഭിന്നമായിരുന്നില്ല. വരുമാനമില്ലായ്മ, വിശപ്പ്, നിരക്ഷരത, പാർപ്പിടം ഇല്ലാത്തത്, വിദ്യാഭ്യാസ സൗകര്യത്തിന്റെ അഭാവം, വ്യാധികൾ, ജാതി- ലിംഗവിവേചനങ്ങൾ എന്നിങ്ങനെ നിരവധിയായ ദുരിതങ്ങൾ. ഇവക്ക് കാർഷികബന്ധപരമായ ഉത്തരം ജന്മിത്വത്തിന്റെ അറുതിവരുത്തലായിരുന്നു. അതാണ്, ഒന്നാം കേരളനിയമസഭയിൽ 1958 ജൂൺ 10 ന് സംഭവിച്ചത്.

ഒന്നാം കേരളനിയമസഭയുടെ മറ്റൊരു ചരിത്രപ്രധാന സംഭാവനയാണ് സ്വകാര്യസ്കൂളുകളുടെ നിയന്ത്രണം. വിദ്യാഭ്യാസമന്ത്രിയായിരുന്ന പ്രൊഫ.ജോസഫ് മുണ്ടശ്ശേരി അവതരിപ്പിച്ച വിദ്യാഭ്യാസനിയമം ബില്ല് ജനാധിപത്യപരമായ വലിയ പരിവർത്തനമാണ് സൃഷ്ടിച്ചത്. അക്കാലത്ത് സ്വകാര്യമേഖലയിലെ സ്കൂൾ അധ്യാപകർ അക്ഷരാർത്ഥത്തിൽ പട്ടിണി പാവങ്ങളായിരുന്നു. ഉയർന്ന തുക ശമ്പളമായി കൈപ്പറ്റിയെന്ന് മാനേജ്മെന്റിന് ഒപ്പിട്ടുകൊടുക്കുകയും പ്രതിമാസം നാലോ അഞ്ചോ രൂപ കൈപ്പറ്റിപോകേണ്ടി വരികയും ചെയ്യു ദുരവസ്ഥയായിരുന്നു. തുച്ഛമായ ഈ തുക പോലും കിട്ടുക പതിവില്ലായിരുന്നു താനും. അനിഷ്ടമായി ഒരു വാക്ക് പറഞ്ഞാൽ ജോലിയിൽ നിന്ന് പിരിച്ചുവിടപ്പെടുന്ന സാഹചര്യവും. അവധി അറിയാതെ കഞ്ഞികുടിക്കുന്നത് അമളിപറ്റുന്നതായി കരുതിയ അധ്യാപകരായിരുന്നു ഏറെയും. അക്കാലത്തെ സ്വകാര്യ സ്കൂൾ അധ്യാപകരുടെ ദയനീയാവസ്ഥ ഇതിൽ കൂടുതൽ വിവരിക്കേണ്ടതില്ലല്ലോ. ഇന്നത്തെ അധ്യാപകരുടെ സ്വപ്നശേഷിക്കും അപ്പുറമാണ് അങ്ങനെയൊരു കാലവും അങ്ങനെയൊരു അധ്യാപകസമൂഹവും. സ്വകാര്യസ്കൂൾ അധ്യാപകർ അനുഭവിച്ചുവന്ന ഈവക കൊടുംചൂഷണങ്ങൾ ഇല്ലാതാക്കിയ നിയമനിർമ്മാണ സംരംഭമായിരുന്നു വിദ്യാഭ്യാസ ബിൽ.അധ്യാപകരുടെ ശമ്പളം നൽകൽ സർക്കാർ ഏറ്റെടുത്തു. അധ്യാപകരുടെ നിയമനം, സേവനകാര്യങ്ങൾ, അച്ചടക്ക നടപടികൾ എന്നിവയിലൊക്കെ സർക്കാർ നിയന്ത്രണവും ചട്ടവിധേയത്വവും ബില്ലിൽ വ്യവസ്ഥ ചെയ്യപ്പെട്ടു. 1958 നവംബർ 28 ന് വിദ്യാഭ്യാസ ബിൽ ഒന്നാംകേരള നിയമസഭ പാസ്സാക്കി.

ഈ രണ്ടുനിയമങ്ങളും നാളിതുവരെ സാക്ഷ്യമായിട്ടില്ലാത്തത്ര പുരോഗമനാത്മകവും, മാറ്റത്തിന്റെ ശംഖൊലി ഉയർത്തുന്നതുമായിരുന്നെങ്കിലും, അതിന്റെ നിർവ്വഹണം ഒന്നാം കേരളസഭയുടെ കാലയളവിൽ പൂർത്തിയായിരുന്നില്ല. പ്രധാന തടസ്സം കേരളത്തിലെ നിക്ഷിപ്തതാൽപര്യക്കാരുടെ യോജിച്ച എതിർപ്പും കലാപവുമായിരുന്നു. മറ്റൊരു കാര്യം നിയമയുദ്ധവും രാഷ്ട്രപതിയുടെ അംഗീകാര പ്രശ്നവുമൊക്കെയായിരുന്നു. പക്ഷേ, ചരിത്രം കുറിച്ച ഈ നിയമനിർമ്മാണങ്ങളെ എന്നേക്കും പരാജയപ്പെടുത്താൻ കഴിഞ്ഞിരുന്നില്ല. പത്തുവർഷത്തിനു ശേഷം 1967 ൽ സി പി ഐ (എം) ന്റെ നേതൃത്വത്തിൽ ഐക്യമുന്നണി അധികാരത്തിൽ വന്നപ്പോൾ ആ സംരംഭങ്ങൾ പുതുജീവൻ വച്ചു. ആ നിയമസഭ സമഗ്ര കാർഷികബന്ധനിയമം പാസ്സാക്കി. അതു നടപ്പാക്കാൻ ജനകീയ പ്രക്ഷോഭങ്ങളുടെ സമ്മർദ്ദം വേണ്ടിവന്നു എന്നത് ചരിത്രപരമായ മറ്റൊരു വിഷയമാണ്.

ഭൂപരിഷ്കരണ ബിൽ, വിദ്യാഭ്യാസബിൽ എന്നിവ ഒന്നാംകേരള നിയമസഭ പാസ്സാക്കിയതിനെ തുടർന്ന് അസാധാരണമായ രാഷ്ട്രീയസാഹചര്യമാണ് കേരളത്തിലുണ്ടായത്. വലിയ കലാപം ഉയർത്തിക്കൊണ്ടുവരാൻ ജന്മിത്വ, ചൂഷണനിക്ഷിപ്തതാൽപര്യക്കാർക്ക് സാധിച്ചു എന്നതാണ് ചരിത്രം. അതേ തുടർന്ന് 1959 ജൂലായ് 31 ന് ഗവൺമെന്റിനെയും സഭയെയും പിരിച്ചുവിടുകയാണ് ഉണ്ടായത്. ഭരണഘടനയുടെ 356 ാം വകുപ്പിന്റെ ഇന്ത്യയിലെ ആദ്യ പ്രയോഗം കൂടിയായിരുന്നു ആ പിരിച്ചുവിടൽ.

**ഭൂമി, കാർഷികബന്ധ രംഗങ്ങളിൽ ഇന്നും കേരളം ഇന്ത്യയ്ക്കു മാതൃകയാണ്. അന്താരാഷ്ട്രരംഗം വരെ ശ്ലാഘിക്കുന്നു. സ്വകാര്യസ്കൂൾ മേഖല പരിഷ്കൃതമായിരിക്കുന്നു. അധ്യാപകർ ബഹുമാനിക്കപ്പെടുന്നു. ഇവ എക്കാലത്തും പ്രസക്തമായ കേരളത്തിന്റെ നേട്ടങ്ങളാണ്.**

അഥവാ, കേരളത്തിന്റെ നേട്ടങ്ങളെല്ലാം ഇവയിൽ തുടങ്ങുന്നു എന്നത് തർക്കമറ്റ വിലയിരുത്തലാണ്. ഈ മുന്നേറ്റത്തിന് ഒരുപാട് ത്യാഗവും രക്തസാക്ഷിത്വവും വേണ്ടിവന്നു!. അതിൽ അഗ്രഗണ്യമാണ് ഒന്നാംകേരള നിയമസഭയുടെ രക്തസാക്ഷിത്വം.



ഒന്നാം കേരള നിയമസഭയിലെ മന്ത്രിസഭാംഗങ്ങൾ

അറിവോരം
കേരള നിയമസഭയുടെ ഔദ്യോഗിക ന്യൂസ് ലെറ്റർ

സാമാജികരുടെ നിയോജകമണ്ഡലങ്ങളിലൂടെ

# ആരോഗ്യ മേഖലയിൽ ചിറയിൻകീഴിന്റെ മാതൃക

**വി. ശശി** ചിറയിൻകീഴ്





### കേരളീയ ശില്പഭംഗിയോടെ ചിറയിൻകീഴ് താലൂക്ക് ആശുപത്രി മന്ദിരം പുനർനിർമ്മിച്ചു

ചിറയിൻകീഴ് താലൂക്കിലെ ഏറ്റവും പ്രധാനപ്പെട്ട ആശുപത്രിയാണ് ചിറയിൻകീഴ് താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി. സംസ്ഥാന സർക്കാരിന്റെ ആർദ്രം മിഷനിൽ ഉൾപ്പെടുത്തി കിഫ്ബിയുടെ സഹായത്തോടുകൂടി ധാരാളം നിർമ്മാണ പ്രവർത്തനങ്ങളാണ് ഇവിടെ നടന്നുവരുന്നത്. സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തുന്നതിനുള്ള പ്രവൃത്തികളും ദ്രുതഗതിയിൽ നടന്നുവരികയാണ്. പദ്ധതിയുടെ ഭാഗമായി പുനർനിർമ്മിച്ച പൈതൃക കെട്ടിടം ആരോഗ്യവകുപ്പുമന്ത്രി കെ.കെ. ശൈലജ ടീച്ചർ നാടിന് സമർപ്പിച്ചു. അതോടൊപ്പം ഡെപ്യൂട്ടി സ്പീക്കർ വി ശശിയുടെ മണ്ഡലം ആസ്തി വികസന ഫണ്ടിൽ നിന്നും 30 ലക്ഷം രൂപ വിനിയോഗിച്ച് വാങ്ങിയ അഡ്വാൻസ്ഡ് ലൈഫ് സപ്പോർട്ട് ആംബുലൻസും ആശുപത്രിക്ക് കൈമാറി. ഹൃദ്രോഗികൾ അടക്കമുള്ള അത്യാഹിത വിഭാഗം രോഗികളെ തിരുവനന്തപുരം മെഡിക്കൽ കോളേജിലേക്ക് അടിയന്തരമായി മാറ്റേണ്ടി വരുമ്പോൾ 108 ആംബുലൻസ് സർവ്വീസിനെ മാത്രമാണ് ആശ്രയിക്കുന്നത്. ഈ സാഹചര്യത്തിലാണ് ആംബുലൻസ് സേവനം ലഭ്യമാക്കിയതെന്ന് ചടങ്ങിൽ അധ്യക്ഷതവഹിച്ച ഡെപ്യൂട്ടി സ്പീക്കർ പറഞ്ഞു. ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ആർ. സുഭാഷ് സ്വാഗതം ആശംസിച്ച ചടങ്ങിൽ മുൻ എം.എൽ.എ ആനത്തലവട്ടം ആനന്ദൻ, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് എ. ഷൈലജാബീഗം, താലൂക്ക് ആശുപത്രി സൂപ്രണ്ട് ഡോ. ഷബ്നം ഡി.എസ് തുടങ്ങി നിരവധി പ്രമുഖർ പങ്കെടുത്തു.

### ചിറയിൻകീഴ് താലൂക്ക് ആശുപത്രിക്ക് അഡ്വാൻസ്ഡ് ലൈഫ് സപ്പോർട്ട് ആംബുലൻസ്

ഡെപ്യൂട്ടി സ്പീക്കറുടെ ആസ്തി വികസന ഫണ്ടിൽ നിന്നും മുപ്പത് ലക്ഷം രൂപ ചെലവഴിച്ച് വാങ്ങിയ ആംബുലൻസ് ചിറയിൻകീഴ് താലൂക്ക് ആശുപത്രിക്ക് കൈമാറി. വെന്റിലേറ്റർ സൗകര്യമുള്ള ട്രോമാകെയർ ആംബുലൻസാണ് കൈമാറിയത്. ചിറയിൻകീഴ് താലൂക്ക് ആശുപത്രിയിലെത്തിക്കുന്ന രോഗികളെ അടിയന്തര ചികിത്സയ്ക്കായി തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലും മറ്റും കൊണ്ട് പോകുന്നതിന് വെന്റിലേറ്റർ സൗകര്യമുള്ള ആംബുലൻസ് ലഭ്യമാക്കണമെന്ന നാട്ടുകാരുടെ ദീർഘകാലത്തെ ആവശ്യമാണ് ഇതോടെ സഫലമാകുന്നത്. മാത്രവുമല്ല കോവിഡ് സാഹചര്യത്തിൽ ഈ ആംബുലൻസ് സംവിധാനം വളരെയേറെ പ്രയോജനപ്രദമാണ്. പെരുമാതുറ ഫാമിലി ഹെൽത്ത് സെന്ററിനും ഇത്തരത്തിൽ ആംബുലൻസ് നൽകിയിട്ടുണ്ട്. ആംബുലൻസുകൾക്ക മാത്രമായി എം.എൽ.എ ഫണ്ടിൽ നിന്നും ഏകദേശം ഒരു കോടി രൂപ വിനിയോഗിച്ചിട്ടുണ്ട്.

# വേങ്ങര ജി.വി.എച്ച്.എസ്. സ്കൂളിന് സ്വപ്നസാക്ഷാത്കാരം

**കെ.എൻ.എ.ഖാദർ** വേങ്ങര





പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ എല്ലാ നിയോജക മണ്ഡലങ്ങളിലും ഒരു വിദ്യാലയം വീതം മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിന്റെ ഭാഗമായി കൈറ്റിന്റെ നേതൃത്വത്തിൽ വേങ്ങര ജി.വി.എച്ച്.എസി ൽ നിർമ്മാണം പൂർത്തീകരിച്ച പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനം 2020 സെപ്റ്റംബർ 9 ന് മുഖ്യമന്ത്രി പിണറായി വിജയൻ വീഡിയോ കോൺഫറൻസ് വഴി നിർവ്വഹിച്ചു. പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രൊഫ.സി.രവീന്ദ്രനാഥ് അധ്യക്ഷത വഹിച്ച ചടങ്ങിൽ ധനകാര്യ വകുപ്പുമന്ത്രി ഡോ.ടി.എം.തോമസ് ഐസക് മുഖ്യപ്രഭാഷണം നടത്തി. മന്ത്രിമാരായ കെ.കെ.ശൈലജ ടീച്ചർ, ടി.പി.രാമകൃഷ്ണൻ, കടകംപള്ളി സുരേന്ദ്രൻ, എ.കെ. ശശീന്ദ്രൻ എന്നിവർ മുഖ്യാതിഥികളായിരുന്നു.

വേങ്ങര ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിന്റെ മുഖഛായ മാറുന്ന പ്രവൃത്തികളാണ് നടത്തിയത്. കിഫ്ബിയിൽ നിന്ന് 5 കോടി രൂപ ചെലവഴിച്ച് നിർമ്മിച്ച കെട്ടിടത്തിൽ അക്കാദമിക്ക് ഓഫീസ്, കിച്ചൺ ബ്ലോക്കുകൾ, 15 ക്ലാസ് മുറികൾ, 2 സ്റ്റാഫ് മുറികൾ, എച്ച്.എം.ഓഫീസ്, ഡൈനിങ് ഹാൾ, 2 നിലകളിൽ ബാത്ത് റൂം കോംപ്ലക്സ്, പെൺകുട്ടികളുടെ ഡ്രസിങ് റൂം, ലാബുകൾ, മിനി ഓഡിറ്റോറിയം എന്നിവ ഒരുക്കിയിട്ടുണ്ട്. സ്കൂളുകൾ ആധുനിക സൗകര്യങ്ങളോടെ മെച്ചപ്പെട്ട അക്കാദമിക നിലവാരത്തിലേയ്ക്ക് ഓൺലൈൻ പഠന സംവിധാനങ്ങളിലൂടെ മുന്നേറുന്ന ഇക്കാലത്ത് മികച്ച ഐ.ടി.സംവിധാനങ്ങളും ഈ വിദ്യാലയത്തിലുണ്ട്.

### കുറുക ഗവൺമെന്റ് ഹൈസ്കൂൾ കെട്ടിടം

വലിയോറ കുറുക ഗവൺമെന്റ് ഹൈസ്കൂളിൽ പുതുതായി നിർമ്മിച്ച കെട്ടിടം കെ.എൻ.എ.ഖാദർ എം.എൽ.എ. ഉദ്ഘാടനം ചെയ്തു. എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്ന് രണ്ടുഘട്ടങ്ങളിലായി ഒരു കോടി പതിനഞ്ച് ലക്ഷം രൂപ വിനിയോഗിച്ചാണ് പുതിയ കെട്ടിടം നിർമ്മിച്ചത്.

# കടുത്തുരുത്തി മിനി സിവിൽ സ്റ്റേഷൻ ഉദ്ഘാടനം ചെയ്തു

**മോൻസ് ജോസഫ്** കടുത്തുരുത്തി

കേരളത്തിലെ ഗ്രാമപഞ്ചായത്ത് ആസ്ഥാനങ്ങളിൽ ഇതുവരെ നിർമ്മിച്ചിട്ടുള്ളതിൽ ഏറ്റവും വലിയ സിവിൽ സ്റ്റേഷൻ മന്ദിരം കടുത്തുരുത്തിയിൽ യാഥാർത്ഥ്യമായി. 5.50 കോടി രൂപ ചെലവഴിച്ചാണ് മിനി സിവിൽ സ്റ്റേഷൻ നിർമ്മിച്ചത്. കടുത്തുരുത്തിയുടെ ഭരണ സിരാകേന്ദ്രമായി മാറുന്ന സിവിൽ സ്റ്റേഷനിലേക്ക് പ്രധാനപ്പെട്ട ഓഫീസുകളെല്ലാം മാറ്റുന്നതിനായി നടപടി സ്വീകരിച്ചു. മേജർ ഇറിഗേഷൻ ഓഫീസ്, കടുത്തുരുത്തി ജില്ലാ വിദ്യാഭ്യാസ ഓഫീസ്, പി.ഡബ്ല്യൂ.ഡി. സബ് ഡിവിഷൻ, സെക്ഷൻ ഓഫീസുകൾ, വില്ലേജ് ഓഫീസ്, കൃഷി ഭവൻ, അഗ്രികൾച്ചർ അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ് എന്നിവയാണ് മിനി സിവിൽ



സ്റ്റേഷനിലേക്ക് മാറ്റുന്നത്. ഒഴിവുള്ള സ്ഥലം പൊതു താൽപര്യവും, ആവശ്യകതയും പരിശോധിച്ച് ഔദ്യോഗിക കാര്യങ്ങൾക്ക് നൽകാനും തീരുമാനിച്ചു. നാന്നൂറ് പേർക്ക സൗകര്യപ്രദമായി ഇരിക്കാവുന്ന ഓഡിറ്റോറിയവും, മെച്ചപ്പെട്ട നിലവാരത്തിലുള്ള സ്റ്റേജ്, അതിഥി വിശ്രമ മുറി, ഗ്രീൻ റൂം, ടോയ്‌ലറ്റ് ബ്ലോക്ക് എന്നിവയെല്ലാം ഇതോടൊപ്പം നടപ്പാക്കിയിട്ടുണ്ട്. ഏറ്റവും താഴത്തെ നില വാഹന പാർക്കിംഗിനായിട്ടാണ് മാറ്റി വച്ചിട്ടുള്ളത്. മിനി സിവിൽ സ്റ്റേഷൻ ഉദ്ഘാടനം മന്ത്രിമാരായ ജി.സുധാകരനും ഇ.ചന്ദ്രശേഖരനും ചേർന്ന് നിർവ്വഹിച്ചു. കടുത്തുരുത്തിയിൽ നടന്ന പരിപാടിയിൽ മോൻസ് ജോസഫ് എം.എൽ.എ. അധ്യക്ഷത വഹിച്ചു.

സാമാജികരുടെ നിയോജകമണ്ഡലങ്ങളിലൂടെ

# സംസ്ഥാനത്തെ ആദ്യ ട്രൈക്കോ കാർഡ് യൂണിറ്റ് ആലത്തൂരിൽ പ്രവർത്തനമാരംഭിച്ചു

**കെ.ഡി.പ്രസേനൻ** ആലത്തൂർ

സംസ്ഥാനത്തെ ആദ്യ ട്രൈക്കോ കാർഡ് യൂണിറ്റ് ആലത്തൂരിൽ പ്രവർത്തനമാരംഭിച്ചു. നിയോജകമണ്ഡലത്തിലെ കാർഷിക വികസന പദ്ധതി 'നിറ' യുടെ മേൽനോട്ടത്തിൽ ആലത്തൂർ ഗ്രാമ പഞ്ചായത്ത് കൃഷി ഭവൻ, കുടുംബശ്രീ എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിലാണ് യൂണിറ്റ് ആരംഭിച്ചിരിക്കുന്നത്. കേരള കാർഷിക സർവ്വകലാശാല ജൈവ കീടരോഗ നിയന്ത്രണ വിഭാഗവും യൂണിറ്റിന് പൂർണ്ണ പിന്തുണ നൽകുന്നു. ട്രൈക്കോ കാർഡ് ഉല്പാദനം ആരംഭിക്കുന്ന ആദ്യത്തെ കുടുംബശ്രീ യൂണിറ്റ് എന്ന പ്രത്യേകതയും ഇതോടൊപ്പം വാന്നൂരിലെ സാന്ത്വനം കുടുംബശ്രീ യൂണിറ്റിന് ലഭിച്ചു. നെല്ലിലെ തണ്ടുതുരപ്പൻ പുഴു, ഓലചുരുട്ടി പുഴു എന്നിവയുടെ മുട്ടകളെ നശിപ്പിക്കുന്നതിന് വേട്ടാളൻ വിഭാഗത്തിൽപ്പെട്ട ട്രൈക്കോഗ്രാമ എന്ന കടന്നലുകളുടെ മുട്ട കാർഡ് രൂപത്തിൽ കർഷകർക്ക് നൽകുന്നതിലൂടെ രാസകീടനാശിനിയുടെ ഉപയോഗം ഇല്ലാതാക്കാൻ കഴിയും. നിലവിൽ മണ്ണുത്തി കാർഷിക സർവ്വകലാശാലയിലെ കൺട്രോൾ ലാബിൽ ഇത്തരം യൂണിറ്റ് ഉണ്ടെങ്കിലും ജനങ്ങളുടെ നേതൃത്വത്തിൽ ഒരു യൂണിറ്റ് പ്രവർത്തിക്കുന്നത് ഇതാദ്യമാണ്. ട്രൈക്കോ കാർഡ് നാട്ടിൻ പുറത്തെ കർഷകർക്ക് ലഭ്യമാക്കുന്നതു വഴി പുത്തൻ കൃഷി രീതികൾ കർഷകരെ പരിശീലിപ്പിക്കുക എന്ന ലക്ഷ്യവും ഇതിനു പിന്നിലുണ്ട്.







### കൊയ്ത്തിനൊരു കൈത്താങ്ങായി 'നിറ'

ആലത്തൂർ നിയോജക മണ്ഡലം കാർഷിക വികസന പദ്ധതി 'നിറ' നാലാം വർഷവും കൊയ്ത്തിനൊരു കൈത്താങ്ങുമായി എത്തുകയാണ്.'നിറ' ആരംഭിക്കുന്നതിന് മുമ്പു തന്നെ നടപ്പിലാക്കിയ പദ്ധതിയാണ് കൊയ്ത്തിനൊരു കൈത്താങ്ങ്. ചില അന്യസംസ്ഥാന ഏജന്റുമാർ ഭീമമായ തുക കൊയ്ത്ത് യന്ത്രങ്ങൾക്ക് വാടകയായി വാങ്ങി കർഷകരെ ചൂഷണം ചെയ്തിരുന്ന സമയത്താണ് 'നിറ' പദ്ധതിയിലൂടെ മിതമായ വാടകയിൽ യന്ത്രങ്ങൾ എത്തിച്ചു തുടങ്ങിയത്. ഇത്തവണ കോവിഡിന്റെ പശ്ചാത്തലത്തിലും പ്രതിസന്ധികളെല്ലാം മറികടന്നാണ് യന്ത്രങ്ങൾ എത്തിക്കുന്നത്. ക്ലാസ്, കർത്താർ എന്നീ രണ്ടു തരം യന്ത്രങ്ങളും മണിക്കൂറിന് 2200 രൂപ നിരക്കിൽ നിറ ഹരിത മിത്ര സൊസൈറ്റി ലഭ്യമാക്കും.

### 'നിറപറ:' മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ആലത്തൂരിന്റെ സംഭാവന

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് നിറപറ ഒരുക്കി ആലത്തൂർ മണ്ഡലം. ആലത്തൂർ നിയോജക മണ്ഡലം കാർഷിക വികസന പദ്ധതി 'നിറ'യുടെ കീഴിലാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവന ശേഖരിക്കുന്ന ഈ പദ്ധതി പ്രവർത്തനമാരംഭിച്ചത്. 'നിറപറ' എന്ന പേരിൽ നടത്തുന്ന പദ്ധതിയുടെ ഭാഗമായി നെൽകർഷകരിൽ നിന്നും ഒരേക്കറിന് മൂന്നു പറ നെല്ല് ശേഖരിക്കും. ഈ നെല്ല് വിൽപന നടത്തി ലഭിക്കുന്ന തുക ദുരിതാശ്വാസ നിധിയിലേയ്ക്ക് നൽകും. നെല്ല് നൽകാത്തവരിൽ നിന്നും തത്തുല്യമായ തുകയും സ്വീകരിക്കും. പാടശേഖര സമിതികൾ, കൃഷി ഓഫീസർമാർ, നിറ മണ്ഡലം കമ്മിറ്റി, നിറ ഹരിതമിത്ര സൊസൈറ്റി എന്നിവ മുഖാന്തരമാണ് നെല്ലും പണവും സ്വീകരിക്കുന്നത്. ഇതിലൂടെ സമാഹരിച്ച 24,20,135 രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് കൈമാറിക്കഴിഞ്ഞു.

### പൊതു പഠനകേന്ദ്രങ്ങളിൽ ടി.വി.

ആലത്തൂർ നിയോജകമണ്ഡലത്തിലെ 155 പൊതു പഠനകേന്ദ്രങ്ങളിലേക്ക് ടി.വി. നൽകി. നിയോജക മണ്ഡലം സമഗ്ര വിദ്യാഭ്യാസ പദ്ധതി 'ദിശ' കെ.എസ്.എഫ്.ഇ.യുമായി കൈകോർത്താണ് ഏറെ അഭിമാനകരമായ ഈ പദ്ധതി നടപ്പാക്കിയത്. ഓൺലൈൻ പഠനത്തിന് കുട്ടികൾ ആശ്രയിക്കുന്ന അങ്കണവാടികളും വായനാശാലകളും ക്ലബ്ബുകളും അടങ്ങുന്ന 150 പ്രാദേശിക പഠനകേന്ദ്രങ്ങളായിരുന്നു ഉദ്ദേശിച്ചിരുന്നതെങ്കിലും പഞ്ചായത്തുകളുടെ ആവശ്യപ്രകാരം 155 ആയി വർദ്ധിപ്പിക്കുകയായിരുന്നു.

### സമഗ്ര ആരോഗ്യ പരിരക്ഷ പദ്ധതി 'നന്മ'

സംസ്ഥാന സർക്കാരിന്റെ ആരോഗ്യനയത്തിലൂന്നി നിയോജക മണ്ഡലത്തിൽ രൂപം നൽകിയ സമഗ്ര ആരോഗ്യ പരിരക്ഷ പദ്ധതി 'നന്മ'യും അനുബന്ധമായി രൂപീകരിച്ച നന്മ ചാരിറ്റബിൾ ട്രസ്റ്റ് ഓഫ് ഇന്ത്യയും കോവിഡ് കാലത്ത് അശരണർക്ക് അത്താണിയായി മാറി. കിഡ്നി രോഗികളുടെ സാമ്പത്തിക പ്രയാസം മനസ്സിലാക്കി മണ്ഡലത്തിലെ എല്ലാ കിഡ്നി രോഗികൾക്കും ഡയാലിസിസ് നടത്താനുള്ള കോവിഡ്കാല സാമ്പത്തിക സഹായം നൽകിയപ്പോൾ പലർക്കും ലഭിച്ചത് നഷ്ടമാവുമായിരുന്ന ജീവിതമായിരുന്നു. കിഡ്നി ട്രാൻസ്പ്ലാന്റേഷൻ കഴിഞ്ഞവർക്കും സാമ്പത്തിക സഹായം നൽകി. നന്മയുടെ നേതൃത്വത്തിൽ 'നന്മ വി സെർവ്' എന്ന പേരിൽ വളണ്ടിയർ ഗ്രൂപ്പ് രൂപീകരിച്ച് എല്ലാ പഞ്ചായത്തുകളിലെയും ആരോരുമില്ലാത്തവരും പരസഹായം ആവശ്യമുള്ളവരുമായവർക്ക് അവശ്യ വസ്തുക്കൾ എത്തിച്ചു നൽകി. വീടുകളിൽ കഴിയുന്നവർ പച്ചക്കറി കൃഷിയിൽ പങ്കാളികളാകണമെന്ന മുഖ്യമന്ത്രിയുടെ ആഹ്വാനം ഏറ്റെടുത്ത് വി സെർവ് വളണ്ടിയർമാർ മുഖേന വിത്തുകൾ വീടുകളിലേക്ക് എത്തിച്ചു നൽകി. രോഗപ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിനായുള്ള ഹോമിയോ മരുന്ന് 2 ലക്ഷം കുടുംബങ്ങൾക്കും ആയുർവ്വേദ ഔഷധക്കൂട്ട് 1000 കുടുംബങ്ങൾക്കും ഈ വളണ്ടിയർമാർ വീട്ടുമുറ്റത്തെത്തിച്ചു. ആരോഗ്യ പ്രവർത്തകർക്ക് ആവശ്യമായ ഗ്ലൗസുകൾ, സർജിക്കൽ മാസ്കുകൾ, ഫേസ്ഷീൽഡുകൾ എന്നിവ സന്നദ്ധ സംഘടനകളുടെ സഹായത്തോടെ 'നന്മ' എല്ലാ ആരോഗ്യ കേന്ദ്രങ്ങളിലേക്കും നൽകി. ലോക നഴ്സസ് ദിനത്തിൽ ആരോഗ്യമേഖലയിൽ സ്തുത്യർഹ സേവനം നടത്തുന്ന നഴ്സുമാരെ ആദരിച്ചു. ആലത്തൂർ താലൂക്ക് ആശുപത്രിയുടെ വികസനത്തിനായി കിഫ്ബിയിൽ നിന്നും 14.40 കോടി രൂപ അനുവദിച്ചത് മണ്ഡലത്തിന്റെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് സഹായകരമായി.

# വാമനപുരത്തിന് അഭിമാനമായി സർക്കാർ ഐ.ടി.ഐ.

**ഡി.കെ.മുരളി** വാമനപുരം



ഒരു സർക്കാർ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനം എന്ന ചിരകാലാഭിലാഷം സഫലമായതിന്റെ സന്തോഷത്തിലാണ് വാമനപുരത്തുകാർ. ഡി.കെ. മുരളി എം.എൽ.എ. യുടെ പരിശ്രമത്തിന്റെ ഭാഗമായാണ് വാമനപുരം കളമച്ചലിൽ സർക്കാർ ഐ.ടി.ഐ. അനുവദിച്ചത്. 2017 ആഗസ്റ്റ് മാസത്തിൽ പ്രഖ്യാപിച്ച ഐ.ടി.ഐ.യിൽ നവംബർ 1 ന് ക്ലാസുകൾ ആരംഭിച്ചു. തൊഴിൽമന്ത്രി ടി.പി. രാമകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. പ്ലംബർ, ഡ്രാഫ്റ്റസ്മാൻ സിവിൽ, എന്നീ കോഴ്സുകളിൽ നാല് യൂണിറ്റുകളാണ് അനുവദിച്ചത്. ഇതിൽ പ്ലംബർ ഒരു വർഷ കോഴ്സും ഡ്രാഫ്റ്റ്സ്മാൻ സിവിൽ രണ്ട് വർഷ കോഴ്സുമാണ്. ഓരോ യൂണിറ്റിലും ഇരുപത്തി ഒന്ന് ട്രെയിനികൾ വീതം എൺപത്തി നാല് കുട്ടികളാണ് പഠിക്കുന്നത്. എട്ട് സ്ഥിരം തസ്തികകളും സർക്കാർ അനുവദിച്ചു. ഇതിനുപുറമേ താൽകാലിക അടിസ്ഥാനത്തിൽ രണ്ട് സെക്യൂരിറ്റി, ഒരു സ്വീപ്പർ എന്നിവരും ഇവിടെ ജോലി ചെയ്യുന്നുണ്ട്. എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും നാലര ലക്ഷം രൂപ അനുവദിച്ചാണ് താൽക്കാലിക കെട്ടിടങ്ങളിൽ അടിസ്ഥാന സൗകര്യം ഒരുക്കിയത്.

നിലവിൽ താൽക്കാലിക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഐ.ടി.ഐ.യ്ക്ക് കെട്ടിടം നിർമിക്കുന്നതിന് സ്വന്തമായി വസ്തു വാങ്ങുന്നതിന് നാട്ടുകാരുടെ നേതൃത്വത്തിൽ ജനകീയ കമ്മിറ്റി രൂപീകരിച്ചിരുന്നു. എം.എൽ.എ. യുടെ നേതൃത്വത്തിൽ പഞ്ചായത്ത് പ്രസിഡന്റ് കെ.ദേവദാസ് ചെയർമാനും എസ്.കെ. ലെനിൻ കൺവീനറും എസ്. മധു വർക്കിംഗ് ചെയർമാനുമായി രൂപീകരിച്ച ജനകീയകമ്മിറ്റിയുടെ പരിശ്രമത്തിന്റെ ഫലമായി അറുപത് ലക്ഷം രൂപ സ്വരൂപിച്ച് ഒരേക്കർ നാൽപത്തിമൂന്ന് സെൻറ് വസ്തു

അറിവോരം
കേരള നിയമസഭയുടെ ഔദ്യോഗിക ന്യൂസ് ലെറ്റർ



വാങ്ങി സർക്കാരിന് നൽകി. ഇവിടെ ഐ.ടി.ഐ.യ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് മൂന്ന് കോടി രൂപയും സർക്കാർ അനുവദിച്ചിട്ടുണ്ട്.

### മികവിന്റെ കേന്ദ്രങ്ങളായി വാമനപുരം മണ്ഡലത്തിലെ പൊതുവിദ്യാലയങ്ങൾ

സംസ്ഥാന സർക്കാരിന്റെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വാമനപുരം മണ്ഡലത്തിലെ വിവിധ സ്കൂളുകൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർന്നു. സംസ്ഥാനതലത്തിൽ



തന്നെ ആദ്യമായി മികവിന്റെ കേന്ദ്രമായി മാറിയ വിദ്യാലയങ്ങളിലൊന്നാണ് വെഞ്ഞാറമൂട് ഗവ. മോഡൽ ഹയർസെക്കന്ററി സ്കൂൾ. പദ്ധതിയുടെ ഭാഗമായി അഞ്ചുകോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് സ്കൂളിൽ നടപ്പിലാക്കിയത്. എട്ടാം ക്ലാസ് മുതൽ പ്ലസ്ടു വരെ രണ്ടായിരത്തി അഞ്ഞൂറിലധികം കുട്ടികൾ പഠിക്കുന്ന വെഞ്ഞാറമുടിന്റെ ഹൃദയഭാഗത്തുള്ള ഈ സ്കൂൾ ഹയർസെക്കന്ററി വിദ്യാഭ്യാസ രംഗത്ത് സംസ്ഥാനത്ത് തന്നെ മികച്ച വിദ്യാലയങ്ങളിലൊന്നായി മാറിയിട്ടുണ്ട്. കിഫ്ബി വഴി അഞ്ചു കോടി രൂപ ഉപയോഗിച്ചാണ് സ്കൂളിനെ ഹൈടെക്ക് സംവിധാനമുള്ള അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തിയത്. ഹൈടെക് ക്ലാസ് മുറികൾക്ക് പുറമേ സെമിനാർ ഹാൾ, മൾട്ടി മീഡിയാ റൂം, ഓപ്പൺ എയർ ആഡിറ്റോറിയം, ബാഡ്മിന്റൺ കോർട്ട്, ശൗചാലയങ്ങൾ എന്നിവയും സ്കൂളിൽ ഒരുക്കിയിട്ടുണ്ട്. കൂടാതെ ഹൈസ്കൂളിനും ഹയർ സെക്കന്ററി വിഭാഗത്തിനും പ്രത്യേകമായി വിശാലമായ കമ്പ്യൂട്ടർ ലാബ് സൗകര്യവും ഒരുക്കിയിട്ടുണ്ട്. 2500 പേർക്ക് ഇരുന്ന് പരിപാടികൾ കാണാൻ കഴിയുന്ന പതിനെട്ടായിരം ചതുരശ്ര അടി വിസ്തൃതിയുള്ള തറയോട് പാകിയ ഓപ്പൺ എയർ ആഡിറ്റോറിയം മറ്റൊരു ആകർഷണീയതയാണ്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മണ്ഡലത്തിലെ വെഞ്ഞാറമൂട് ഗവ. യു.പി. സ്കൂളിന് 6.10 കോടി, ഭരതന്നൂർ ഗവ. ഹയർസെക്കൻഡറി സ്കൂളിനു 3.93 കോടി, കല്ലറ ഗവ. വി.എച്ച്.എസ്.എസിന് 3.30 കോടി, മിതൃമ്മല ഗവ. ബി.എച്ച് .എസ്.എസ്. 3.25 കോടി, വാമനപുരം ഐ.ടി.ഐ. 3 കോടി, ജവഹർകോളനി ഗവ. എച്ച്.എസ്. 3 കോടി, മിതൃമ്മല ഗവ. ജി.എച്ച് എസ്.എസ്. 2.50 കോടി, പെരിങ്ങമ്മല ഗവ. യു.പി.എസ്. 2.40 കോടി, ആട്ടുകാൽ ഗവ. യു.പി. എസ്. 2 കോടി, കൊല്ലായിൽ ഗവ. എൽ.പി.എസ്. 1.23കോടി, ആലന്തറ ഗവ.യു.പി.എസ്. 1.17 കോടി, മടത്തറകാണി ഗവ.എച്ച് .എസ്. 1 കോടി, ആനാട് ഗവ.എൽ.പി.എസ്. 1 കോടി, കല്ലറ യു.ഐ.ടി. കെട്ടിടം 99 ലക്ഷം, പേരുമല ഗവ. എൽ.പി.എസ്. 70 ലക്ഷം, നന്ദിയോട് ഗവ. എൽ.പി.എസ്. 45 ലക്ഷം, പനയമുട്ടം ഗവ. എൽ.പി.എസ്. 25 ലക്ഷം, രാമപുരം ഗവ. യു.പി. എസ്. 14.7 ലക്ഷം എന്നിവ അനുവദിക്കുന്നതിനൊപ്പം 29 സ്കൂളുകൾക്ക് വാഹനങ്ങൾ വാങ്ങാൻ 2.85 കോടി, 3 സ്കൂളുകൾക്ക് പാചകപ്പുര, ടോയ്‌ലെറ്റ് നിർമ്മാണത്തിന് 1.07 കോടി, പത്ത് ഹയർസെക്കൻഡറി സ്കൂളുകളിൽ ജല ഗുണനിലവാര പരിശോധനാ ലാബുകൾക്കായി 15 ലക്ഷം തുടങ്ങി ഒട്ടേറെ വികസനപ്രവർത്തനങ്ങളാണ് വിദ്യാഭ്യാസ മേഖലയിൽ എം.എൽ.എ.യുടെ ക്രിയാത്മക ഇടപെടൽ കൊണ്ട് നേടാനായത്.

### മീൻമുട്ടിൽ പുതിയ പാലം

പുല്ലമ്പാറ പഞ്ചായത്തിൽ തേമ്പാംമൂട് - മൂന്നാനക്കുഴി റോഡിലെ മീൻമുട്ടിൽ എഴുപത്തി ഏഴ് വർഷം പഴക്കമുള്ള പഴയ പാലത്തിനു പകരം പുതിയ വലിയ പാലം എന്നത് നാടിന്റെയാകെ ദീർഘനാളത്തെ ആവശ്യമായിരുന്നു. ഇത് യാഥാർത്ഥ്യമാകുന്നതിന്റെ സന്തോഷത്തിലാണ് നാട്ടുകാർ. 1943 ലാണ് പഴയപാലം നിർമ്മിച്ചത്. കാലപ്പഴക്കം കൊണ്ട് ബലക്ഷയം വന്നതോടെയാണ് നാട്ടുകാർ പുതിയ പാലം വേണമെന്ന ആവശ്യം ഉയർത്തിയത്. അതിനെ തുടർന്ന് എം.എൽ.എ.യുടെ




ആസ്തി വികസന ഫണ്ടിൽ നിന്നും പുതിയ പാലത്തിനായി 5.80 കോടി രൂപ അനുവദിച്ചു. 11 മീറ്റർ വീതിയിലും 16 മീറ്റർ നീളത്തിലുമാണ് പുതിയ പാലം പണിയുന്നത്. പാലത്തിന് ഇരുവശത്തും ഒന്നര മീറ്റർ വീതിയിൽ നടപ്പാതയും പണിയും. പാലത്തിൻ ഇരു വശത്തും ഓരോ കി.മീ വീതം ബി.എം.ആന്റ് ബി.സി.നിലവാരത്തിൽ റോഡ് നിർമ്മിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

# സ്കൂളുകളുടെ മുഖച്ഛായ മാറുന്നു

**കെ.വി.അബ്ദുൾ ഖാദർ** ഗുരുവായൂർ







ഗുരുവായൂർ മണ്ഡലത്തിലെ വിദ്യാഭ്യാസ മേഖലയിൽ സമഗ്ര മാറ്റം കുറിച്ച് മികച്ച ഭൗതിക സാഹചര്യങ്ങളാണ് ഒരുക്കിയിട്ടുള്ളത്. വടക്കേകാട് ഗ്രാമപഞ്ചായത്തിലെ കൊച്ചന്നൂർ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന് 3 കോടി ചെലവിൽ നിർമ്മിച്ച പുതിയ ബ്ലോക്ക് മുഖ്യമന്ത്രി പിണറായി വിജയൻ വീഡിയോ കോൺഫറൻസിങ്ങിലൂടെ നാടിനായി സമർപ്പിച്ചു.

കടപ്പുറം ഗ്രാമപഞ്ചായത്തിലെ പുതിയങ്ങാടി ഗവൺമെന്റ് ഫിഷറീസ് അപ്പർ പ്രൈമറി സ്കൂളിന് എം.എൽ.എ. യുടെ ആസ്തിവികസന ഫണ്ടിൽ നിന്നും 1 കോടി 82 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിക്കുന്ന പുതിയ കെട്ടിടത്തിന്റെ ശിലാസ്ഥാപനം ഒക്ടോബർ 20ന് നടന്നു. വിവിധ ജനപ്രതിനിധികളും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ചടങ്ങിൽ സംബന്ധിച്ചു.

സംസ്ഥാന സർക്കാരിന്റെ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നിർമ്മിച്ച പുന്നയൂർക്കുളം ചെറായി ഗവൺമെന്റ് അപ്പർ പ്രൈമറി സ്കൂൾ കെട്ടിടം ഒക്ടോബർ 2 ന് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു. 1 കോടി രൂപയുടെ സർക്കാർ ഫണ്ടും 43 ലക്ഷം രൂപയുടെ എം.എൽ.എ. ആസ്തി വികസനഫണ്ടും വിനിയോഗിച്ചാണ് കെട്ടിടവും ആഡിറ്റോറിയവും നിർമ്മിച്ചത്.

പുന്നയൂർക്കുളം കുപ്രവള്ളി സ്കൂളിനായി നിർമ്മിക്കുന്ന പുതിയ കെട്ടിടത്തിന് ഒക്ടോബർ 1 ന് തറക്കല്ലിട്ടു. സംസ്ഥാന സർക്കാർ അനുവദിച്ച 70 ലക്ഷം രൂപ വിനിയോഗിച്ചാണ് കെട്ടിടം നിർമ്മിക്കുന്നത്.

പുന്നയൂർക്കുളം ഗ്രാമ പഞ്ചായത്തിലെ കടിക്കാട്



ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂളിൽ നിർമ്മിക്കുന്ന പുതിയ കെട്ടിടത്തിന്റെ ശിലാസ്ഥാപനം സെപ്റ്റംബർ 20 ന് നടന്നു. എംഎൽഎ യുടെ ആസ്തി വികസന ഫണ്ടിൽ നിന്ന് 2 കോടി രൂപ ചെലവഴിച്ചാണ് നിർമ്മാണം.

### ഗുരുവായൂർ നഗരസഭ ടൗൺ ഹാൾ

ഗുരുവായൂർ നഗരസഭ ടൗൺ ഹാൾ വിപുലീകരണത്തിനായി 95 ലക്ഷം രൂപ എം.എൽ.എ. യുടെ ആസ്തി വികസന ഫണ്ടിൽ നിന്ന് അനുവദിച്ചു. ഇതിന്റെ നിർമ്മാണോദ്ഘാടനം ഒക്ടോബർ 30 ന് നടന്നു.

### ജലജീവൻ പദ്ധതിയിൽ മണ്ഡലത്തിലെ പഞ്ചായത്തുകളും

സംസ്ഥാന ജലവിഭവ വകുപ്പിന്റെ ജലജീവൻ മിഷനിൽ ഗുരുവായൂർ മണ്ഡലത്തിലെ കടപ്പുറം, ഒരുമനയൂർ, വടക്കേകാട് എന്നീ ഗ്രാമ പഞ്ചായത്തുകളെ കൂടി ഉൾപ്പെടുത്തി. ഇതനുസരിച്ച് ഇവിടങ്ങളിൽ ഹൗസ് കണക്ഷനുള്ള അപേക്ഷകൾ സ്വീകരിക്കും.



സംസ്ഥാന സർക്കാരിന്റെ നൂറു ദിന കർമ്മ പദ്ധതിയിൽ ഉൾക്കൊള്ളിച്ചാണ് ഇത് പൂർത്തീകരിക്കുക. കടപ്പുറത്ത് ആയിരവും, ഒരുമനയൂരിൽ എഴുന്നൂറും ഗുണഭോക്താക്കൾക്ക് ആദ്യഘട്ടത്തിൽ കണക്ഷൻ നൽകും.

### അംബേദ്ക്കർ ഗ്രാമം തീരദേശറോഡ്

ഒരുമനയൂർ ഗ്രാമപഞ്ചായത്തിലെ അംബേദ്ക്കർ ഗ്രാമം തീരദേശറോഡ് തദ്ദേശസ്വയംഭരണ റോഡ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 40 ലക്ഷം രൂപ വിനിയോഗിച്ച് നിർമ്മിക്കുന്നതിന് തീരുമാനിച്ചു.

### ചാമുണ്ഡേശ്വരി - ശ്രീകൃഷ്ണ സ്കൂൾ - പെരുമ്പിലാവിൽ റോഡ്

ഗുരുവായൂർ നഗരസഭയിലെ ചാമുണ്ഡേശ്വരി - ശ്രീകൃഷ്ണ സ്കൂൾ - പെരുമ്പിലാവിൽ റോഡ് നിർമ്മാണം ആരംഭിച്ചു. റോഡ് ഉയർത്തി കോൺക്രീറ്റ് ചെയ്ത് ടൈൽ വിരിക്കുന്ന പ്രവൃത്തി പൂർത്തീകരിക്കുന്നതിനായി എംഎൽഎ യുടെ ആസ്തി വികസന ഫണ്ടിൽനിന്ന് 64 ലക്ഷം രൂപയാണ് ചെലവഴിക്കുന്നത്.

# ജനാധിപത്യത്തിന്റെ കാവലാളായി നിയമസഭാ സമിതികൾ



റ്റി.മനോഹരൻ നായർ,
സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി

(ലേഖനം തുടർച്ച)

## സൂക്ഷ്മപരിശോധന നടത്തുന്നതിനുള്ള സമിതികൾ

എക്സിക്യൂട്ടീവിന്റെ പ്രവർത്തനങ്ങളിലേക്ക് കൂടുതൽ ആഴത്തിൽ ഇറങ്ങിച്ചെല്ലാനും ഫലപ്രദമായി നിയന്ത്രിക്കാനും ലെജിസ്ലേച്ചറിനെ പ്രാപ്തമാക്കുന്ന ഒരു സംവിധാനമായിട്ടാണല്ലോ നിയമസഭാ സമിതികളെ കണക്കാക്കിയിരിക്കുന്നത്. അപ്രകാരം എക്സിക്യൂട്ടീവിന്റെ പ്രവർത്തനങ്ങളെ സസൂക്ഷ്മം പരിശോധന നടത്തുന്ന സമിതികളാണ് സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി, ഉറപ്പുകൾ സംബന്ധിച്ച സമിതി, മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി, ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതി എന്നീ നാലു സമിതികൾ. ഇവ ഓരോന്നിലും ഒൻപത് അംഗങ്ങൾ വീതമാണുള്ളത്. സമിതി അംഗങ്ങളെ നോമിനേറ്റ് ചെയ്യുന്നതും സമിതിയിലെ അധ്യക്ഷനെ നിയോഗിക്കുന്നതും സ്പീക്കറാണ്. ഈ കമ്മിറ്റികളുടെ കാലാവധി സംബന്ധിച്ച് ചട്ടത്തിൽ പ്രത്യേകമായി പരാമർശിച്ചിട്ടില്ല. എന്നാൽ ധനകാര്യസമിതികളേയും സബ്ജക്ട് കമ്മിറ്റികളേയും പോലെ ഈ സമിതികളുടെയും കാലാവധി മുപ്പത് മാസമായി കണക്കാക്കി വരുന്നു. സർക്കാർ നടപടികളിന്മേലുള്ള സൂക്ഷ്മപരിശോധന നടത്തുന്ന സമിതികൾ ആയതുകൊണ്ടുതന്നെ ഒരു കീഴ്‌വഴക്കമെന്ന നിലയിൽ ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെയും മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതിയുടെയും അധ്യക്ഷന്മാരായി പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങളെയാണ് നിയോഗിച്ചുവരുന്നത്. ഇനി അവ ഓരോന്നിന്റെയും കർത്തവ്യങ്ങളെയും പ്രവർത്തനങ്ങളെയും പരിശോധിക്കാം.

### (1) സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി

ആധുനികകാലത്ത് ഏൽപ്പിച്ചു കൊടുക്കപ്പെട്ട നിയമ നിർമ്മാണം അഥവാ ഡെലിഗേറ്റഡ് ലെജിസ്ലേഷൻ വളരെ പ്രധാനപ്പെട്ടതും സാരവത്തായതുമായ ഒരു കാര്യമായിത്തീർന്നിട്ടുണ്ട്. ക്ഷേമരാഷ്ട്ര സങ്കൽപത്തിന്റെ വരവോടെയും ഗവണ്മെന്റ് പ്രവർത്തനങ്ങൾ വളരെയധികം മേഖലകളിലേക്ക് വിശേഷിച്ച് സാങ്കേതികവും സങ്കീർണ്ണവുമായ മേഖലകളിലേക്ക് പ്രവേശിച്ചതോടെ നിയമനിർമ്മാണം വിശാലമായ തത്വങ്ങളും നയങ്ങളും ഉൾക്കൊള്ളുന്നതായിത്തീർന്നു. ഈ സാഹചര്യത്തിൽ, നിയമസഭകൾ പാസ്സാക്കുന്ന നിയമത്തിലെ വ്യവസ്ഥകൾ പ്രയോഗത്തിൽ കൊണ്ടുവരാനുള്ള ചട്ടം ഉണ്ടാക്കുവാനുള്ള അധികാരം എക്സിക്യൂട്ടീവിന് ഏൽപ്പിച്ചു കൊടുക്കുവാൻ തുടങ്ങി. നിയമ നിർമ്മാണാധികാരം ഏൽപ്പിച്ചു കൊടുക്കുമ്പോൾത്തന്നെ അവ ബന്ധപ്പെട്ട നിയമത്തിന്റെ പരിധിക്കുള്ളിൽ വരാൻ ശ്രദ്ധിക്കണം. ഏൽപ്പിച്ചു കൊടുക്കപ്പെട്ട നിയമനിർമ്മാണത്തിന്റെ അത്യധികമായ അധികാരം കൊടുക്കാതിരിക്കാനും ശ്രദ്ധിക്കണം. ഇവിടെ ഏൽപ്പിച്ചുകൊടുക്കുന്ന നിയമനിർമ്മാണാധികാരം നിർവ്വഹിക്കുന്ന അധികാരസ്ഥൻ ഒരു ഡെലിഗേറ്റ് മാത്രമാണ്. അതുകൊണ്ട് ഈ ഡെലിഗേറ്റ് കിട്ടിയ അധികാരത്തിനുള്ളിൽ നിന്നാണോ പ്രവർത്തിക്കുന്നതെന്ന പരിശോധന നടത്തുന്നതിന് നിയമസഭ അതിന്റേതായ മെഷിനറി ഏർപ്പെടുത്തിയിട്ടുണ്ട്. അതാണ് സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി.

#### ചുമതലകൾ

ചട്ടങ്ങളും ബൈലോകളും മറ്റും ഉണ്ടാക്കുന്നതിന് ഭരണഘടനയോ സംസ്ഥാന നിയമസഭയോ, പാർലമെന്റോ ഏൽപ്പിച്ചു കൊടുത്തിട്ടുള്ള അധികാരം ശരിയായി വിനിയോഗിക്കുന്നുണ്ടോ എന്നും ഏൽപ്പിച്ചുകൊടുത്ത അധികാരപരിധിക്കകത്തുനിന്നുകൊണ്ടാണോ ഈ അധികാരം നിർവ്വഹിക്കുന്നതെന്നും പരിശോധിച്ച് റിപ്പോർട്ട് ചെയ്യുകയാണ് ഈ കമ്മിറ്റിയുടെ ചുമതല. ഭരണഘടനയോ പാർലമെന്റോ നിയമസഭയോ ഏൽപ്പിച്ചുകൊടുത്തിട്ടുള്ള അധികാരം വിനിയോഗിച്ച് ഗവണ്മെന്റുണ്ടാക്കുന്ന ഓരോ ഓർഡറും റൂളും റഗുലേഷനും നമ്പർ ചെയ്യുകയും ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും വേണം. ഇപ്രകാരം നമ്പരിടുന്നതുകൊണ്ട് റൂളുകളേതെന്ന് നിയമസഭാ സെക്രട്ടേറിയറ്റിന് പെട്ടെന്ന് മനസ്സിലാക്കുവാൻ കഴിയുന്നു. എല്ലാ എസ്.ആർ.ഒ.കളും സ്റ്റാറ്റ്യൂട്ടറി റൂൾസ് ആന്റ് ഓർഡേഴ്സ് എന്ന പേരിൽ കമ്മിറ്റി സെക്ഷനിൽ രജിസ്റ്റർ ചെയ്യുന്നതുകൊണ്ട് ഏതെങ്കിലും ഓർഡർ കിട്ടാത്തപക്ഷം അതു പ്രത്യേകം നിരീക്ഷിക്കുവാനും കമ്മിറ്റിക്കു കഴിയുന്നു.

ഓരോ എസ്.ആർ.ഒ.കളും ഗസറ്റിൽ പ്രസിദ്ധീകരിച്ചശേഷം കമ്മിറ്റി അവ വിശദമായി പരിശോധിക്കേണ്ടതുണ്ട്. അപ്രകാരം പരിശോധനാ വിധേയമാക്കുമ്പോൾ അത് ഉണ്ടാക്കിയിട്ടുള്ളത് ഭരണഘടനയുടെയോ, ആക്ടിന്റെയോ പൊതുവായ ഉദ്ദേശ്യത്തിന് അനുസൃതമായാണോ എന്നും, അത് നിയമസഭയുടെ ഒരു ആക്ടിൽ നിബന്ധിപ്പിക്കേണ്ട കാര്യങ്ങളാണോ എന്നും, അത് നികുതി ചുമത്തുന്ന ഒന്നാണോ എന്നും, നേരിട്ടോ അല്ലാതെയോ കോടതികളുടെ അധികാരത്തെ തടയുന്നുണ്ടോ എന്നും പരിശോധിക്കേണ്ടതാണ്. കൂടാതെ, ഭരണഘടനയോ, ബന്ധപ്പെട്ട ആക്ടോ വ്യക്തമായി അധികാരം കൊടുക്കാത്ത സംഗതികളിൽ അത് പൂർവ്വകാല പ്രാബല്യം നൽകിയിട്ടുണ്ടോ എന്നും, സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ നിന്നോ പൊതു റവന്യൂവിൽനിന്നോ ചെലവുകളുൾക്കൊള്ളുന്നതാണോ എന്നും, ഭരണഘടനയോ, ബന്ധപ്പെട്ട ആക്ടോ നൽകിയിട്ടുള്ള അധികാരത്തിന്റെ അസാധാരണമോ അപ്രതീക്ഷിതമോ ആയിട്ടുള്ള ഉപയോഗം നടത്തിയിട്ടുണ്ടോ എന്നും, അത് പ്രസിദ്ധീകരിക്കുന്നതിനോ, സഭ മുമ്പാകെ വയ്ക്കുന്നതിനോ അസാധാരണ താമസം ഉണ്ടായിട്ടുണ്ടോ എന്നും, ഏതെങ്കിലും കാരണവശാൽ അതിന്റെ രൂപമോ ആശയമോ വ്യക്തത ആവശ്യപ്പെടുന്നുണ്ടോ എന്നും സമിതിക്ക് പരിശോധിക്കാവുന്നതാണ്.

#### പ്രവർത്തനരീതി

എല്ലാ സ്റ്റാറ്റ്യൂട്ടറി റൂളുകളും ഓർഡറുകളും നിയമസഭാ സെക്രട്ടേറിയറ്റ് സംഭരിച്ച് ഓരോന്നും ഏതെല്ലാം ആക്ടിന്റെ കീഴിൽ ഉണ്ടാക്കിയതാണെന്ന് ഒരു ലിസ്റ്റ് തയ്യാറാക്കുകയും ആ ലിസ്റ്റനുസരിച്ച് ഓരോ ആക്ടിന്റെയും കീഴിൽ പുറപ്പെടുവിച്ചിട്ടുള്ള ഓർഡറുകൾ ഒന്നിച്ച് സമിതി പരിഗണിക്കുകയും ചെയ്യുന്നു. സമിതിയുടെ പരിഗണനയ്ക്ക് ആവശ്യമായ സഹായം നൽകുന്നതിനായി നിയമസഭാ സെക്രട്ടേറിയറ്റ് ഓരോ എസ്.ആർ.ഒ.യെയും പറ്റി കുറിപ്പുണ്ടാക്കി നൽകുന്നു. ഈ കുറിപ്പിൽ ഓർഡറുകളിലുള്ള ന്യൂനത ചൂണ്ടിക്കാണിക്കും. അപ്രകാരമുള്ള കുറിപ്പിന്റെയും മുകളിൽ പറഞ്ഞ കാര്യങ്ങളുടെയും വെളിച്ചത്തിലാണ് ഓരോ എസ്.ആർ.ഒ.യും സമിതി പരിഗണിക്കുന്നത്. കൂടാതെ, കരട് വിജ്ഞാപനം ആവശ്യമുള്ളിടത്ത് അതു നടത്തിയിട്ടുണ്ടോ എന്നും ഓർഡർ സ്വാഭാവിക നീതിക്കനുഗുണമാണോ, അത് സ്വേച്ഛാപരമാണോ, റീസണബിളാണോ എന്നും പൊതുതത്ത്വങ്ങൾക്കെതിരാണോ എന്നുമുള്ള പ്രസക്തമായ എല്ലാ കാര്യങ്ങളും സമിതിക്കുള്ള നോട്ടിൽ പരാമർശിച്ചിരിക്കും.

സമിതിയെ സഹായിക്കുവാൻ നിയമവകുപ്പിലെ ഉദ്യോഗസ്ഥർ സമിതി യോഗത്തിൽ ഹാജരുണ്ടാകും. ആവശ്യമായ സന്ദർഭങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നും പ്രധാനപ്പെട്ട റൂളുകളുടെ കാര്യത്തിൽ ബന്ധപ്പെട്ട താൽപര്യക്കാരിൽനിന്നും വ്യക്തികളിൽനിന്നും സംഘടനകളിൽനിന്നും പൊതുജനങ്ങളിൽനിന്നും സമിതി തെളിവെടുപ്പ് നടത്തുന്നതാണ്. എസ്.ആർ.ഒ.കൾ പരിഗണിച്ചപ്പോൾ സമിതി നടത്തിയ അഭിപ്രായങ്ങളുടെയും കണ്ടെത്തലുകളുടെയും വെളിച്ചത്തിൽ സമിതിയുടെ ശിപാർശകൾ ക്രോഡീകരിക്കുകയും തുടർന്ന് അത് റിപ്പോർട്ടായി സഭയ്ക്ക് സമർപ്പിക്കുകയും ചെയ്യുന്നു.

### (2) ഉറപ്പുകൾ സംബന്ധിച്ച സമിതി

ചോദ്യോത്തരവേള, ശ്രദ്ധക്ഷണിക്കൽ, സബ്മിഷൻ, ബജറ്റിലെ പൊതു ചർച്ച, ധനാഭ്യർത്ഥന സംബന്ധിച്ച ചർച്ച എന്നിവയോടനുബന്ധിച്ച് മന്ത്രിമാർ ഉറപ്പുകളും വാഗ്ദാനങ്ങളും നൽകാറുണ്ട്. ഈ ഉറപ്പുകൾ സഭയ്ക്ക് നൽകുന്ന ഉറപ്പുകളാണ്. ഇവ പരിശോധിക്കുന്നതിനുവേണ്ടി രൂപീകരിച്ചിട്ടുള്ളതാണ് ഉറപ്പുകൾ സംബന്ധിച്ച സമിതി.

#### ചുമതലകൾ

മന്ത്രിമാർ സഭാതലത്തിൽ കൊടുക്കുന്ന ഉറപ്പുകളും വാഗ്ദാനങ്ങളും എത്രമാത്രം നടപ്പാക്കി എന്നും അവ നടപ്പാക്കിയ സംഗതികളിൽ അവ നടപ്പാക്കുന്നതിനു വേണ്ടിയിരുന്ന ചുരുങ്ങിയ സമയത്തിനുള്ളിൽ നടപ്പാക്കിയോയെന്നും സഭയ്ക്ക് റിപ്പോർട്ട് ചെയ്യുകയാണ് സമിതിയുടെ കർത്തവ്യം.

ഒരു സമ്മേളനം കഴിഞ്ഞാലുടനെ ആ സമ്മേളനത്തിൽ മന്ത്രിമാർ നൽകിയ ഉറപ്പുകളും വാഗ്ദാനങ്ങളും ബന്ധപ്പെട്ട സഭാ നടപടികളിൽനിന്നും കണ്ടുപിടിച്ച് ഒരു ലിസ്റ്റാക്കുന്നു. അത് ബന്ധപ്പെട്ട വകുപ്പുകൾക്കയച്ച് അതിന്മേൽ സ്വീകരിച്ച അനന്തര നടപടി അറിയിക്കുവാനാവശ്യപ്പെടുന്നു. ഗവണ്മെന്റിൽനിന്നും ലഭിക്കുന്ന മറുപടി സമിതി പരിഗണിക്കുന്നു.

ജനോപകാരപ്രദമായ പരിപാടികളെ സംബന്ധിക്കുന്ന ഉറപ്പുകളും വാഗ്ദാനങ്ങളും നടപ്പാക്കാൻ താമസിക്കുകയാണെങ്കിലോ നടപ്പാക്കാൻ ആവശ്യത്തിലധികം സമയം എടുത്തിട്ടുണ്ടെങ്കിലോ അതിന്റെ കാരണം മനസ്സിലാക്കുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരെ വിളിച്ചുവരുത്തി തെളിവെടുക്കാറുണ്ട്. ആവശ്യമായി വരുന്ന സന്ദർഭങ്ങളിൽ സ്ഥലസന്ദർശനവും നടത്താറുണ്ട്. പരിശോധന സംബന്ധിച്ച റിപ്പോർട്ട് സമിതി സഭയ്ക്ക് സമർപ്പിക്കുന്നു.

### (3) മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി

നൂറിലധികം പൊതുമേഖലാ സ്ഥാപനങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ സംസ്ഥാന ഗവണ്മെന്റിന് സാരമായ മുതൽമുടക്കുണ്ട്. ഇവയുടെ പ്രവർത്തനം സംബന്ധിച്ച് സഭ അറിയുന്നത് അവയുടെ വാർഷിക റിപ്പോർട്ടും കണക്കും സഭയുടെ മേശപ്പുറത്ത് വയ്ക്കുമ്പോഴാണ്. കൂടാതെ ഗവണ്മെന്റിന്റെ പല വകുപ്പുകളും സ്റ്റാറ്റ്യൂട്ടറി റിപ്പോർട്ടുകൾ, എസ്.ആർ.ഒ.കൾ എന്നിവ സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതുണ്ട്. നിരവധി വർഷത്തെ കണക്കുകളും റിപ്പോർട്ടുകളും മേശപ്പുറത്തുവയ്ക്കാതെ കുടിശ്ശികയായി കിടപ്പുണ്ടെന്ന് അനുഭവത്തിൽനിന്നും ബോധ്യമായി. അതിന്റെ അടിസ്ഥാനത്തിലാണ് ഒൻപതാം കേരള നിയമസഭയിൽ മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി രൂപീകരിക്കുന്നതിനുവേണ്ടി ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തിയത്.

#### ചുമതലകൾ

സഭയുടെ മേശപ്പുറത്ത് മന്ത്രിമാർ വയ്ക്കുന്ന എല്ലാ രേഖകളും പരിശോധിക്കുകയും അവയെ സംബന്ധിക്കുന്ന കാര്യങ്ങളെപ്പറ്റി സഭയ്ക്ക് റിപ്പോർട്ട് നൽകുകയുമാണ് ഈ സമിതിയുടെ പ്രധാന ജോലി. അപ്രകാരം പരിശോധിക്കുമ്പോൾ പേപ്പർ മേശപ്പുറത്തു വയ്ക്കുന്നതിനുപോൽബലകമായ നിയമത്തിന്റെയോ ഭരണഘടനയുടെയോ ചട്ടത്തിന്റെയോ വ്യവസ്ഥ അനുസരിച്ചിട്ടുണ്ടോ എന്നും പേപ്പർ മേശപ്പുറത്ത് വയ്ക്കുന്നതിന് അസാധാരണ കാലതാമസം ഉണ്ടായിട്ടുണ്ടോ എന്നും കാലതാമസം വന്നിട്ടുള്ളപക്ഷം ആ കാലതാമസം കാണിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റ് മേശപ്പുറത്തു വച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അത് തൃപ്തികരമാണോ എന്നും സമിതി പരിശോധിക്കുന്നതാണ്.അതോടൊപ്പം സഭയുടെ മേശപ്പുറത്തു വയ്ക്കുന്ന കടലാസുകളെപ്പറ്റി സ്പീക്കർ ഏൽപ്പിച്ചുകൊടുക്കുന്ന മറ്റു കർത്തവ്യങ്ങളും സമിതി നിർവ്വഹിക്കേണ്ടതാണ്.

സഭയുടെ മേശപ്പുറത്തു വച്ച കടലാസുകൾ പരിശോധിക്കുന്നതിനോടൊപ്പം അവ മേശപ്പുറത്തു വയ്ക്കാനുള്ള കാലതാമസത്തെപ്പറ്റിയും കാലതാമസത്തിനുള്ള കാരണങ്ങൾ വിവരിക്കുന്ന സ്റ്റേറ്റ്മെന്റ് തൃപ്തികരമല്ലെങ്കിൽ അതേപ്പറ്റിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരെ വിസ്തരിച്ച് തെളിവെടുപ്പ് നടത്താറുണ്ട്. മേശപ്പുറത്തു വച്ച കടലാസുകളുടെ പരിശോധന സംബന്ധിച്ച് സമിതിയുടെ ശ്രദ്ധയിൽപ്പെടുന്ന കാര്യങ്ങളുൾക്കൊള്ളിച്ച് റിപ്പോർട്ടുണ്ടാക്കി സഭയ്ക്ക് സമർപ്പിക്കുന്നു.

### (4) ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതി

കേരള നിയമസഭയിൽ ലോക്കൽ ഫണ്ട്

അക്കൗണ്ട്സ് കമ്മിറ്റിയോടൊപ്പം 2003 ൽ നിലവിൽവന്ന മറ്റൊരു സമിതിയാണ് ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതി. സംസ്ഥാനത്ത് ഔദ്യോഗിക ആവശ്യങ്ങൾക്ക് മലയാളം ഔദ്യോഗിക ഭാഷയായി ഉപയോഗിക്കുന്നതിലുള്ള പുരോഗതി വിലയിരുത്തുകയും അതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ നിർദ്ദേശിക്കുകയും ചെയ്യുക എന്ന മുഖ്യ ഉത്തരവാദിത്വമാണ് സമിതിയിൽ നിക്ഷിപ്തമായിരിക്കുന്നത്.

### ചുമതലകൾ

മലയാളം ഔദ്യോഗിക ഭാഷയായി ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളുടെ കർശനമായ പാലനം ഉറപ്പുവരുത്തുക, സർക്കാരിന്റെ വിവിധ വകുപ്പുകളിൽ ഔദ്യോഗിക ഭാഷാനയം നടപ്പിലാക്കുന്നതിനുവേണ്ടി എടുത്ത നടപടി പരിശോധിക്കുകയും അതിന്മേൽ കൈവരിച്ച പുരോഗതി അവലോകനം ചെയ്യുകയും ചെയ്യുക, മലയാളം ഔദ്യോഗിക ഭാഷയായി പ്രഖ്യാപിച്ചിട്ടുള്ള വകുപ്പുകളുമായി ബന്ധപ്പെട്ട കോഡുകളും മാനുവലുകളും ഫാറങ്ങളും യഥാസമയം പരിഭാഷപ്പെടുത്തിയിട്ടുണ്ടോ എന്നും ഇതുവരെ പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവുകൾ പരിഭാഷപ്പെടുത്തിയിട്ടുണ്ടോ എന്നും ഉറപ്പുവരുത്തുക എന്നിവ സമിതിയുടെ കർത്തവ്യങ്ങളിൽപ്പെടുന്നു. അതോടൊപ്പം പതിവായി ഉപയോഗിക്കുന്ന ഔദ്യോഗിക മലയാളപദങ്ങളുടെ പുതുക്കിയ ശബ്ദാവലി പ്രസിദ്ധീകരിക്കുന്നത് ഉറപ്പുവരുത്തുക, ഔദ്യോഗിക ഭാഷാ പരിശീലനം പരിപാടിക്കായുള്ള പാഠ്യപദ്ധതിയിൽ ആവശ്യമായ പരിഷ്കാരങ്ങൾ നിർദ്ദേശിക്കുക, ഉപഭോക്തൃ തർക്ക പരിഹാര ഫാറങ്ങൾ, ഓംബുഡ്സ്മാൻ, വനിതാ കമ്മീഷൻ തുടങ്ങിയ ഓഫീസുകളിൽ മലയാളം കോടതി ഭാഷയായും ഔദ്യോഗിക ഭാഷയായും ഉപയോഗിക്കുന്നതിനുവേണ്ട നടപടി നിർദ്ദേശിക്കുക, സംസ്ഥാനത്ത് ഔദ്യോഗിക ഭാഷയുമായി ബന്ധപ്പെട്ട് സ്പീക്കർ കാലാകാലങ്ങളിൽ നൽകുന്ന ചുമതലകൾ നിർവ്വഹിക്കുക എന്നിവയും ഈ സമിതിയുടെ കർത്തവ്യങ്ങളിൽപ്പെടുന്നു.

### പ്രവർത്തനരീതി

സമിതിയുടെ കർത്തവ്യ നിർവ്വഹണാർത്ഥം സന്ദർശനങ്ങൾ നടത്താവുന്നതും ഏതൊരു ഗവണ്മെന്റ് വകുപ്പുകളുടെയും ഉദ്യോഗസ്ഥരെ വിളിച്ചുവരുത്തി തെളിവെടുക്കാവുന്നതുമാണ്. അപ്രകാരം നടത്തുന്ന പഠനത്തിലൂടെ ഉരുത്തിരിയുന്ന കാര്യങ്ങൾ സമിതി റിപ്പോർട്ട് രൂപത്തിൽ സഭയിൽ സമർപ്പിക്കുന്നതാണ്.

(തുടരും...)

# ഇ-നിയമസഭ പദ്ധതി മുന്നോട്ട്

ഇ-നിയമസഭ ആപ്ലിക്കേഷന്റെ ഭാഗമായുള്ള Q and A module, മേശപ്പുറത്ത് വയ്ക്കുന്ന കടലാസുകൾ സംബന്ധിച്ച 'Paper Laying module' എന്നിവ ഉൾപ്പെടുന്ന രണ്ടാം പതിപ്പ് (V2.0), ഒന്നാം പതിപ്പിന്റെ പരിഷ്കരിച്ച പതിപ്പ് (V1.3) എന്നിവ റിലീസ് ചെയ്തു. പ്രസ്തുത പതിപ്പുകൾ നിയമസഭാസാമാജികർക്കും അവരുടെ പേഴ്സണൽ അസിസ്റ്റന്റുമാർക്കും പരിചയപ്പെടുത്തുന്നതിനായി 2020 ഒക്ടോബർ 12 മുതൽ 20 വരെ 'ഗൂഗിൾ മീറ്റ്' മുഖാന്തരം ഓൺലൈൻ പരിശീലന പരിപാടി സംഘടിപ്പിച്ചു. ചോദ്യങ്ങൾ, മേശപ്പുറത്ത് വച്ച കടലാസുകൾ എന്നീ മൊഡ്യൂളുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ ഫീച്ചറുകൾ പരിശീലന പരിപാടിയിൽ വിശദീകരിക്കുകയുണ്ടായി. ആറ് സെഷനുകളിലായി നടത്തിയ പരിശീലന പരിപാടിയിൽ നാൽപത്തിമൂന്ന് സാമാജികരും തൊണ്ണൂറോളം പേഴ്സണൽ അസിസ്റ്റന്റുമാരും പങ്കെടുത്തു. നിയമസഭാ സെക്രട്ടേറിയറ്റിലെ ഡെപ്യൂട്ടി സെക്രട്ടറി തലം മുതൽ മുകളിലോട്ടുള്ള ഉദ്യോഗസ്ഥർക്കായി ഒക്ടോബർ 20 ന് സംഘടിപ്പിച്ച പരിശീലന പരിപാടിയിൽ ഇരുപത് ഓഫീസർമാർ ഓൺലൈനായി പങ്കെടുത്തു. പങ്കെടുക്കാൻ സാധിക്കാത്ത നിയമസഭാംഗങ്ങൾക്കായി പ്രസ്തുത റിലീസുകൾ സംബന്ധിച്ചും സജ്ജമാകുന്ന മുറയ്ക്ക് ഇൻഹൗസുമായി ബന്ധപ്പെട്ട മറ്റു മൊഡ്യൂളുകൾ സംബന്ധിച്ചും തുടർ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതാണ്.

പദ്ധതിയുമായി ബന്ധപ്പെട്ട് വിവിധ സെക്ഷനുകളിൽ ഫർണ്ണിച്ചർ പുനക്രമീകരിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തിയാക്കുകയും അത്തരം പ്രവൃത്തികൾ പൂർത്തിയാകുന്നമുറയ്ക്ക് സെക്ഷനുകളിൽ നിലവിലുള്ള ടെലിഫോൺ സംവിധാനം റീ-റൂട്ട് ചെയ്യുന്നതിനായി പൊതുമരാമത്ത് (ഇലക്ട്രോണിക്സ്) വിഭാഗത്തെ നിയോഗിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിലെ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമസമിതി, എസ്റ്റിമേറ്റ്സ് കമ്മിറ്റി വിഭാഗങ്ങൾ, ഫെയർ കോപ്പി വിഭാഗം എന്നിവയിലെ ക്യൂബിക്കിൾ, നെറ്റ് വർക്കിംഗ് ജോലികളും പൂർത്തിയാക്കി.

ഇ-നിയമസഭ പദ്ധതിയുടെ ചുമതലയുള്ള ടെക്നിക്കൽ കമ്മിറ്റി യോഗം ചേർന്ന് പദ്ധതിയുമായി ബന്ധപ്പെട്ട സോഫ്റ്റ് വെയർ ആർക്കിടെക്ച്ചർ, ഹാർഡ് വെയർ പ്രവർത്തനങ്ങളുടെ പുരോഗതി എന്നിവ വിലയിരുത്തുകയും Duct work for Fiber Cabling, Electrical Works, HVAC Works എന്നിവയുടെ എസ്റ്റിമേറ്റ് പരിശോധിക്കുന്നതിനുള്ള നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

നിയമസഭാ സമുച്ചയത്തിൽ വച്ച് സാങ്കേതിക സഹായത്തോടെ വിവിധ വകുപ്പുകളുമായി വിനിമയം നടത്തുന്നതു സംബന്ധിച്ച് പൊതുഭരണം, പാർലമെന്ററികാര്യം എന്നീ വകുപ്പുകളുമായി സംയുക്ത യോഗം ചേർന്നു. നിയമസഭാ സാമാജികർക്ക് തങ്ങളുടെ മണ്ഡലങ്ങളിൽ സർക്കാർ അനുവദിച്ചിട്ടുള്ള പദ്ധതികൾ, മറ്റ് പ്രോജക്ടുകൾ, പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ, പൊതുജനങ്ങളിൽ നിന്നുള്ള പരാതികൾ, അപേക്ഷകൾ എന്നിവയിൻമേലുള്ള തുടർനടപടികൾ സംബന്ധിച്ച വിശദാംശം തുടങ്ങിയ കോൺസ്റ്റിസ്റ്റ്യുവൻസി മാനേജ്മെന്റുമായി ബന്ധപ്പെട്ട കാര്യങ്ങൾ, സഭാനടപടികളും നിയമസഭാ സെക്രട്ടേറിയറ്റിന്റെ പ്രവർത്തനങ്ങളും കടലാസുരഹിതമാക്കുന്നതിന്റെ ഭാഗമായി സഭയും സർക്കാരുമായുള്ള കത്തിടപാടുകൾ, നിയമസഭാ സമിതികളുമായി ബന്ധപ്പെട്ട ആശയവിനിമയം, നടപടിക്കുറിപ്പുകൾ, റിപ്പോർട്ടുകൾ ഓൺലൈനായി ലഭ്യമാക്കൽ, മേശപ്പുറത്ത് വയ്ക്കുന്ന കടലാസുകൾ ഓൺലെനായി ലഭ്യമാക്കൽ, ബജറ്റ് സംബന്ധമായ രേഖകൾ ലഭ്യമാക്കൽ എന്നിവ സംബന്ധിച്ചും നിലവിൽ പ്രയോഗത്തിലുള്ള വിവിധ ആപ്ലിക്കേഷനുകളുമായുള്ള സംയോജന സാധ്യത സംബന്ധിച്ചും യോഗത്തിൽ വിശദമായി ചർച്ച ചെയ്തു.

ചോദ്യ വിഭാഗത്തിന്റെയും ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെയും പ്രവർത്തനങ്ങൾക്കായി NIC തയ്യാറാക്കിയിട്ടുള്ള LAIS, AID എന്നീ ആപ്ലിക്കേഷനുകളുമായി ബന്ധപ്പെട്ട്, നിലവിലുള്ള ഡാറ്റാ ഇ-നിയമസഭ ആപ്ലിക്കേഷനിലേക്ക് മൈഗ്രേറ്റ് ചെയ്യുന്നത് സംബന്ധിച്ച് NIC യുടെയും (ഓൺലൈൻ മുഖാന്തരം) ചോദ്യവിഭാഗത്തിലെയും ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും തുടർപ്രവർത്തനങ്ങൾക്ക് ULCCS ന് നിർദ്ദേശം നൽകുകയും ചെയ്തു.

## ചിത്രജാലകം



മുൻ രാഷ്ട്രപതി കെ.ആർ. നാരായണന്റെ ചരമ വാർഷിക ദിനത്തോടനുബന്ധിച്ച് നിയമസഭാ സമുച്ചയത്തിലെ അദ്ദേഹത്തിന്റെ പ്രതിമയിൽ നിയമസഭാ സെക്രട്ടറി എസ് വി ഉണ്ണിക്കൃഷ്ണൻ നായർ പുഷ്പാർച്ചന നടത്തുന്നു



മുൻ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിന്റെ ജന്മ വാർഷിക ദിനത്തോടനുബന്ധിച്ച് നിയമസഭാ സമുച്ചയത്തിലെ നെഹ്റു പ്രതിമയിൽ നടത്തിയ പുഷ്പാർച്ചന

നിയമസഭാസമിതി ശിപാർശകൾ

# സംസ്ഥാന ഖനനനയം ആവിഷ്ക്കരിക്കണം പരിസ്ഥിതി സംബന്ധിച്ച സമിതി

ദേശീയ ഹരിത ട്രൈബ്യൂണൽ, സുപ്രീംകോടതി എന്നിവയുടെ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ കേരളത്തിലെ പാറ ക്വാറികളുടെയും ക്രഷർ യൂണിറ്റുകളുടെയും പ്രവർത്തനം ശാസ്ത്രീയമായും നിയമവിധേയമായും പ്രകൃതി സൗഹൃദമായും നടപ്പാക്കാൻ കഴിയുന്നവിധം സമഗ്രമായ ഒരു സംസ്ഥാന ഖനന നയം ആവിഷ്ക്കരിക്കണമെന്ന് പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ പത്തൊൻപതാമത് റിപ്പോർട്ട് ശിപാർശ ചെയ്തു. മുല്ലക്കര രത്നാകരൻ എം.എൽ.എ അദ്ധ്യക്ഷനും എം.എൽ.എ മാരായ അനിൽ അക്കര, പി. വി. അൻവർ, കെ. ബാബു, ഒ. ആർ. കേളു, പി. ടി. എ. റഹിം, കെ. എം. ഷാജി, കെ. വി. വിജയദാസ്, എം. വിൻസെന്റ് എന്നിവർ അംഗങ്ങളുമായിട്ടുള്ള സമിതിയാണ് ശിപാർശകൾ സമർപ്പിച്ചത്. പാറക്വാറികൾ സംബന്ധിച്ച് സമിതി മുൻപാകെ വരുന്ന പരാതികളുടെ ബാഹുല്യം കണക്കിലെടുത്താണ് ഇത് സംബന്ധിച്ച് പഠനം നടത്താൻ സമിതി തീരുമാനിച്ചത്. റിപ്പോർട്ട് തയ്യാറാക്കുന്നതിനു മുന്നോടിയായി വിപുലവും സമഗ്രവുമായ പഠനമാണ് സമിതി നടത്തിയത്. ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തിയും ക്വാറികൾ സന്ദർശിച്ചും കരിങ്കൽ ക്വാറികൾ സംബന്ധിച്ച നിയമങ്ങളും ചട്ടങ്ങളും വിശദമായി പഠനവിധേയമാക്കിയുമാണ് സമിതി റിപ്പോർട്ട് തയ്യാറാക്കിയത്.

2015ൽ ഭേദഗതി വരുത്തിയ കേരള മൈൻസ് ആൻഡ് മിനറൽസ് കൺസർവേഷൻ ചട്ടം കൃത്യമായി നടപ്പിൽ വരുത്തണം, ക്വാറികൾ പൊതു ഉടമസ്ഥതയിൽ/സർക്കാർ നിയന്ത്രണത്തിൻ കീഴിൽ കൊണ്ടുവരണം, ഖനനത്തിന് ശക്തമായ സാമൂഹ്യ നിയന്ത്രണങ്ങൾ ഏർപ്പെടുത്തണം, ക്വാറി/ക്രഷർ എന്നിവയുടെ പ്രവർത്തനങ്ങൾമൂലം നാശനഷ്ടത്തിനിരയാകുന്നവർക്ക് അർഹമായ നഷ്ടപരിഹാരം ക്വാറി ഉടമകളിൽ നിന്ന് ഈടാക്കി നൽകുന്ന കാര്യം നിയമംവഴി വ്യവസ്ഥചെയ്യണം, അനധികൃത ഖനനം നടത്തിയെടുക്കുന്ന കരിങ്കല്ലിന് പരസ്യ വിപണിക്ക് തുല്യമായ പിഴ ഈടാക്കണം, ക്വാറികളുടെ പ്രവർത്തനം കേരളത്തിൽ ഉരുൾപൊട്ടലിന് കാരണമാകുന്നുണ്ടോ എന്നത് ജിയോളജിയിൽ വൈദഗ്ധ്യമുള്ള ഒരു ഏജൻസി വഴി പഠന വിധേയമാക്കണം, പാറ പൊട്ടിക്കുന്നതിന് അമോണിയം നൈട്രേറ്റ് പോലുള്ള രാസവസ്തുക്കൾ ഉപയോഗിക്കുന്ന രീതി ഉപേക്ഷിച്ച് ബ്ലേഡ് കട്ടിംഗ്, നോൺ ഇലക്ട്രിക്കൽ രീതി എന്നിവ സ്വീകരിക്കുന്നത് പരിഗണിക്കണം.




നിർമ്മാണ പ്രവൃത്തികൾക്ക് ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തണം, നിർമ്മാണ സാമഗ്രികളുടെ പുനരുപയോഗം പ്രോത്സാഹിപ്പിക്കണം, ക്വാറികളുടെ പ്രവർത്തനം ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ വിവിധ വകുപ്പുകൾ സംയുക്തമായി നിരന്തരം നിരീക്ഷിക്കണം, ക്വാറികളും ജനവാസകേന്ദ്രവുമായുള്ള ദൂരപരിധി ഇരുന്നൂറ് മീറ്ററായി വർദ്ധിപ്പിക്കുകയും ഖനനാനന്തരം ഉപേക്ഷിക്കപ്പെടുന്ന ക്വാറി പ്രദേശം വ്യവസ്ഥയനുസരിച്ച് പരിപാലിച്ച് സംരക്ഷിക്കപെടുന്നില്ലെങ്കിൽ ബന്ധപ്പെട്ട ക്വാറി ലൈസൻസിയിൽ നിന്ന് പിഴ ഈടാക്കണം, നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കാവുന്ന പാറയുടെ അളവ് ആവശ്യാധിഷ്ഠിതമായി നിശ്ചയിച്ച് നിയമം മൂലം വ്യവസ്ഥ ചെയ്യണം, പാറയ്ക്കും പാറ ഉത്പന്നങ്ങൾക്കും വിലനിയന്ത്രണം ഏർപ്പെടുത്തണം, റവന്യൂ ഭൂമിയിൽ പ്രവർത്തിക്കുന്ന പാറ ക്വാറികളിൽ നിന്ന് ഒരു നിശ്ചിത അളവ് പാറ സർക്കാർ നിശ്ചയിക്കുന്ന വിലയിൽ സർക്കാരിനോ, നിശ്ചയിക്കുന്ന പ്രകാരമുള്ള മറ്റ് പ്രവർത്തനങ്ങൾക്കോ ലഭ്യമാക്കുവാൻ വ്യവസ്ഥ ചെയ്യണം, കുടുബാംഗങ്ങളുടെ എണ്ണത്തിനനുസരിച്ച് വീടിന്റെ വിസ്തൃതി നിയന്ത്രിക്കുകയും അനുവദനീയമായ പരിധിയിൽ കൂടുതൽ ഉള്ള വീടുകൾക്ക് പാറവിലയോടൊപ്പം അധിക നികുതി ഈടാക്കുകയും വേണം തുടങ്ങിയവയാണ് റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ.

പാറക്വാറികളുടെ പ്രവർത്തനം മൂലം പ്രദേശത്തെ റോഡുകൾ നിരന്തരം കേടാകുന്നതിനാൽ അവ ക്വാറി ഉടമകളുടെ ചെലവിൽ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും പ്രാദേശിക റോഡുകൾക്ക് അനുയോജ്യമല്ലാത്ത വലിയ ടിപ്പർ ലോറികളിൽ അനുവദനീയമായതിലും കൂടുതൽ ഭാരം കയറ്റിപോകുന്നത് നിയന്ത്രിക്കാൻ സംവിധാനം ഏർപ്പെടുത്തുകയും വേണം, പാറക്വാറികളുടെ പ്രവർത്തനം മൂലമുണ്ടാകുന്ന പൊടിപടലങ്ങൾ നിയന്ത്രിക്കുന്നതിന് ക്വാറികൾക്ക് ചുറ്റും ഷെൽട്ടർ ബെൽറ്റുകൾ സ്ഥാപിക്കണം തുടങ്ങിയ ശിപാർശകളും റിപ്പോർട്ടിൽ ഉണ്ട്. കേരളത്തിലെ പാറക്വാറികളുടെയും ക്രഷർ യൂണിറ്റുകളുടെയും പ്രവർത്തനം സൃഷ്ടിക്കുന്ന പരിസ്ഥിതി പ്രശ്നങ്ങൾ സംബന്ധിച്ച് നിയമസഭാ പരിസ്ഥിതി സംബന്ധിച്ച സമിതി തയ്യാറാക്കിയ ഈ പ്രത്യേക റിപ്പോർട്ട് 2020 ആഗസ്റ്റ് 24 നാണ് സഭയിൽ സമർപ്പിച്ചത്.

പതിനാലാം കേരള നിയമസഭയുടെ കാലയളിലെ സമിതിയുടെ 19-ാമത് റിപ്പോർട്ടാണിത്. മൂന്നാർ, കേരളം നേരിട്ട പ്രളയ ദുരന്തത്തിന്റെ പാരിസ്ഥിതികാഘാതങ്ങൾ എന്നിവ സംബന്ധിച്ച പ്രത്യേക റിപ്പോർട്ടുകൾ സമിതി സമർപ്പിച്ചിരുന്നു. സമിതിക്ക് ലഭിക്കുന്ന പരാതികളിൽ ഭൂരിപക്ഷവും ക്വാറികളുടെയും ക്രഷറുകളുടേയും പ്രവർത്തനം സംബന്ധിച്ചായിരുന്നു. ഇക്കാര്യം സംബന്ധിച്ച് സമിതി 1996 ലും 2014 ലും റിപ്പോർട്ട് സമർപ്പിച്ചിരുന്നു. എന്നാൽ ക്വാറികളും ഖനനവും സംബന്ധിച്ച നിയമങ്ങളിലെ ഭേദഗതികൾ, ബഹു.സുപ്രീം കോടതിയുടെയും, ഹരിതട്രൈബ്യൂണലിന്റേയും വിധികൾ കേരളത്തിലെ സവിശേഷ സാഹചര്യം തുടങ്ങിയവയുടെ പശ്ചാത്തലത്തിൽ ഇക്കാര്യത്തിൽ പുതിയ പരിശോധനയും പഠനവും ആവശ്യമാണെന്ന് സമിതി വിലയിരുത്തുകയുണ്ടായി. ഇത് കേവലം ക്വാറികളുടെ പ്രവർത്തനം സംബന്ധിച്ച റിപ്പോർട്ടല്ല. പ്രകൃതി, പ്രകൃതി വിഭവങ്ങൾ അവയുടെ ഉപയോഗം എന്നിവ സംബന്ധിച്ച പൊതുബോധത്തേയും സമീപനങ്ങളേയും നിലപാടുകളേയും വിലയിരുത്തുകയും പരിഹാരങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുന്ന റിപ്പോർട്ടാണിത്. ജനവാസകേന്ദ്രങ്ങളും ക്വാറികളും തമ്മിലുള്ള ദൂരപരിധിയുടെ കാര്യത്തിൽ സമിതിയുടെ ശിപാർശ ഗ്രീൻട്രൈബ്യൂണലിന്റെ ചെന്നൈ ബെഞ്ച് അംഗീകരിക്കുകയുണ്ടായി. മിനറൽ ഫൗണ്ടേഷൻ ഫണ്ട് സംബന്ധിച്ച സമിതിയുടെ ശിപാർശ ക്വാറികളുമായി ബന്ധപ്പെട്ട പൊതുജനങ്ങളുടെ പ്രശ്നങ്ങൾ ഏറെക്കുറെ പരിഹരിക്കാൻ കഴിയുന്നതാണ്.

**ഷബാന അഞ്ജും**
ജോയിന്റ് സെക്രട്ടറി
പരിസ്ഥിതി സംബന്ധിച്ച സമിതി

## വലയിൽ നിന്ന്..



കേരളസംസ്ഥാന ദിനാഘോഷം

20—10—'56.

1956 നവംബർ 1-ാംതീയതി

അദ്ധ്യക്ഷൻ:-ശ്രീ. K-N ... B. A. B. L.



## ന്യൂസിലൻഡ് മന്ത്രിസഭയിൽ മലയാളിത്തിളക്കം


ചരിത്രത്തിൽ ആദ്യമായി ഒരിന്ത്യാക്കാരി ന്യൂസിലൻഡ് മന്ത്രിസഭാംഗമായി. മലയാളിയായ പ്രിയങ്ക രാധാകൃഷ്ണൻ ന്യൂസിലൻഡിന്റെ സാമൂഹികം, യുവജനക്ഷേമം, സന്നദ്ധ മേഖല തുടങ്ങിയ വകുപ്പുകളുടെ ചുമതലയാണ് വഹിക്കുക. തൊഴിൽ സഹമന്ത്രി സ്ഥാനവും പ്രിയങ്കയ്ക്ക് നൽകിയിട്ടുണ്ട്. എറണാകുളം പറവൂർ മാടവനപ്പറമ്പ് രാമൻ രാധാകൃഷ്ണൻ- ഉഷ ദമ്പതികളുടെ മകളായ പ്രിയങ്ക പതിനാറ് വർഷമായി ന്യൂസിലൻഡിൽ സജീവ രാഷ്ട്രീയ രംഗത്തുണ്ട്. ലേബർ പാർട്ടി പ്രവർത്തകയായ പ്രിയങ്ക രാധാകൃഷ്ണൻ, ലേബർ പാർട്ടി സർക്കാരിൽ അസിസ്റ്റന്റ് സ്പീക്കറായും പേഴ്സണൽ സെക്രട്ടറിയായും പ്രവർത്തിച്ചിരുന്നു.

## സഭാദ്ധ്യക്ഷൻമാരുടെ അഖിലേന്ത്യാ സമ്മേളനം


ഇന്ത്യയിലെ നിയമനിർമ്മാണസഭകളിലെ അദ്ധ്യക്ഷൻമാരുടെ എൺപതാമത് സമ്മേളനം 2020 നവംബർ 25, 26 തീയതികളിൽ ഗുജറാത്തിലെ കെവാദിയയിൽ സംഘടിപ്പിച്ചു. നാല് ദിവസങ്ങളിലായി നടക്കാറുള്ള സമ്മേളനം കോവിഡ്-19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ രണ്ട് ദിവസമായി ചുരുക്കി സഭാദ്ധ്യക്ഷൻമാരുടെ സമ്മേളനം മാത്രമായാണ് ഇക്കുറി നടത്തിയത് 'Harmonious Coordination between Legislature, Executive and Judiciary Key to a Vibrant Democracy' എന്നതാണ് പ്രധാന ചർച്ചാ വിഷയം.

കേരള നിയമസഭ വിജയകരമായി സംഘടിപ്പിച്ച ഫെസ്റ്റിവൽ ഓൺ ഡെമോക്രസിയുടെ മാതൃകയിൽ രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളിലും പാർലമെന്റിലും പരിപാടി സംഘടിപ്പിക്കാൻ സമ്മേളനത്തിൽ തീരുമാനിച്ചു. ഇത് സംബന്ധിച്ച് സ്പീക്കർ പി ശ്രീരാമകൃഷ്ണൻ അവതരിപ്പിച്ച പ്രമേയം സമ്മേളനം ഐകകണ്ഠേന പാസാക്കി.


## നിയമസഭാ ലൈബ്രറിയിലെ പുതിയ പുസ്തകങ്ങളിലൂടെ...




**Superintelligence: Paths, Dangers, Strategies**
Nick Bostrom
London: Oxford University Press, 2017.
Call No: D6,8(B) Q7
(This book deals with the existential dangers that could threaten humanity as a result of developments in the artificial super intelligence.)




**The Cliffhangers**
Sabin Iqbal
New Delhi: Aleph Book Company, 2020.
Call No: O111,3 SAB R0
(Novel)




**Mouth Full of Blood**
Toni Morrison
London: Vintage, 2020.
Call No: O111,6 TON R0
(A collection of essays and speeches)




**The Unbearable Lightness of Being**
Milan Kundera
Translated by Michael Henry Heim.
London: Faber and Faber, 2019.
Call No: O122,3MIL 111Q9
(English translation of the French novel)




**The Way to Paradise**
Mario Vargas Llosa
Translated by Natasha Wimmer.
London: Faber and Faber, 2003.
Call No: O123,3 MAR 111P3
(English translation of the Spanish novel)



**അജ്ഞാതന്റെ കുറിപ്പുകൾ**
ഫയദോർ ദസ്തയെവ്സ്കി
വിവർത്തനം ചെയ്തത്
വേണു വി. ദേശം.
തൃശ്ശൂർ: ഗ്രീൻ ബുക്സ്, 2015.
Call No: O142,3DAS 32Q5
(റഷ്യൻ നോവലിന്റെ മലയാള പരിഭാഷ)




**മലയാളത്തിന്റെ പ്രിയകവിതകൾ**
കെ.ജി.ശങ്കരപിള്ള.
തൃശ്ശൂർ: ഗ്രീൻ ബുക്സ്, 2017.
Call No: O32,1KGS Q7
(കെ.ജി.ശങ്കരപിള്ളയുടെ കവിതാ സമാഹാരം)




**നവോത്ഥാനത്തിന്റെ രാഷ്ട്രീയമാനങ്ങൾ**
പ്രൊഫ. എം.ജി.എസ്. നാരായണൻ
തൃശ്ശൂർ: ഗ്രീൻ ബുക്സ്, 2019.
Call No: O32,6NAR Q9
(ലേഖന സമാഹാരം)




**ഗുരുഗാഥ**
ഒ. വി. ഉഷ
തൃശ്ശൂർ: ഗ്രീൻ ബുക്സ്, 2019.
Call No: 32Q9
(ആദ്ധ്യാത്മിക ലേഖനങ്ങൾ)



**സൈന്ധവതടത്തിലെ സാമ്രാജ്യങ്ങൾ**
ആലിസ് അൽബിനിയ
തൃശ്ശൂർ: കറന്റ് ബുക്സ്, 2017.
Call No: U832Q7
(യാത്രാവിവരണം)




**The Anarchy: The East India Company, Corporate violence and the pillage of an empire**
William Dalrymple
New Delhi: Bloomsbury Publishing, 2019.
Call No: V2 Q9
(This book tells the timely and cautionary tale of the rise of the East India Company and one of the most supreme acts of corporate violence in world history.)



**ഓർമ്മപ്പടികൾ**
പ്രൊഫ. എം.എ. ഉമ്മൻ
കോട്ടയം: ഡി സി ബുക്സ്, 2020
Call No: XwUMM 32R0
(സാമ്പത്തിക ശാസ്ത്രജ്ഞൻ പ്രൊഫ. എം.എ. ഉമ്മന്റെ ആത്മകഥ)







## വിജ്ഞാനപഥം

## പ്രാചീന കേരളത്തിലെ പ്രധാന ശിലാശാസനങ്ങൾ/ശാസനങ്ങൾ

- **ശിലാലിഖിതങ്ങളെക്കുറിച്ചുള്ള പഠന ശാഖ?**
  എപ്പിഗ്രാഫി
- **കേരളത്തിൽ കണ്ടെത്തിയിട്ടുള്ള ശിലാശാസനങ്ങൾ എഴുതാൻ ഉപയോഗിച്ചിട്ടുള്ള ഭാഷ?**
  **വട്ടെഴുത്ത്** (പതിനഞ്ചാം നൂറ്റാണ്ടുവരെ മലയാളഭാഷയിൽ പ്രചാരത്തിലുണ്ടായിരുന്ന ലിപി സമ്പ്രദായം)
- **കൃത്യമായി തീയതി നിർണയിക്കാൻ കഴിഞ്ഞിട്ടുള്ള കേരളത്തിലെ ആദ്യ ശിലാശാസനം?**
  **തരിസാപ്പള്ളി ശാസനം** (കുലശേഖര സാമ്രാജ്യത്തിലെ മൂന്നാം ഭരണാധികാരിയായ സ്ഥാണു രവിവർമ്മന്റെ കാലത്ത് അദ്ദേഹത്തിന്റെ കീഴിലുള്ള വേണാട് ഭരണാധികാരി അയ്യനടികൾ തിരുവടികൾ ആണ് ഈ ശാസനം എഴുതിയത്.)
- **റോമാസാമ്രാജ്യവുമായി കേരളത്തിനുണ്ടായിരുന്ന വാണിജ്യബന്ധത്തിന് തെളിവായ 'ദീനാരിയസ്' എന്ന നാണയത്തെക്കുറിച്ച് പ്രതിപാദിക്കുന്ന ശാസനം?**
  **വാഴപ്പള്ളി ശിലാശാസനം** (എ.ഡി.830 ൽ രാജശേഖരവർമ്മൻ പുറപ്പെടുവിച്ചു)
- **പ്രാചീന കേരളത്തിലെ വിദ്യാപീഠങ്ങളെപ്പറ്റി പരാമർശിക്കുന്ന ശാസനം?**
  **ഹജ്ജൂർ ശാസനം** (ആയ് രാജാവ് കരുനന്തടക്കൻ എ.ഡി.866 ൽ പുറപ്പെടുവിച്ചു)
- **ശ്രീമൂലവാസം ചെപ്പേടുകൾ എന്നറിയപ്പെടുന്ന ശാസനം?**
  **പാലിയം ശാസനം** (ആയ് രാജാവായ വിക്രമാദിത്യ വരഗുണൻ പുറപ്പെടുവിച്ചത്)
- **ജൂതശാസനം പുറപ്പെടുവിച്ചതാര് ?**
  **ഭാസ്ക്കര രവിവർമ്മൻ ഒന്നാമൻ** (എ.ഡി.1000 ൽ ജോസഫ് റബ്ബാൻ എന്ന യഹൂദ പ്രമാണിക്ക് സ്വന്തമായി നികുതി പിരിക്കാനുള്ള അവകാശവും അഞ്ചുവണ്ണ സ്ഥാനവും അനുവദിച്ച കൊണ്ട് പുറപ്പെടുവിച്ചത്)
- **കൊടവലം ശിലാശാസനം തിരിച്ചറിഞ്ഞ ചരിത്രകാരൻ?**
  **എം.ജി.എസ്. നാരായണൻ** (1969ൽ കൊടവലം മഹാവിഷ്ണക്ഷേത്രത്തിൽ കണ്ടെത്തി. ഭാസ്കര രവിപെരുമാൾ ആണ് കൊടവലം ശിലാശാസനം പുറപ്പെടുവിച്ചത്. കൊടവലത്തു നിന്ന് (കാസർഗോഡ്) പിരിച്ചെടുക്കുന്ന അട്ടൈക്കോള് എന്ന വാർഷിക നികുതിയിൽ നിന്ന് മൂന്ന് കഴഞ്ച് സ്വർണം ക്ഷേത്രത്തിന് വഴിപാടായി നൽകാൻ പറയുന്നതാണ് ശാസനത്തിന്റെ ഉള്ളടക്കം.)
- **കേരളത്തിലെ ദേവദാസികളെക്കുറിച്ചുള്ള ശിലാശാസനം?**
  **ചോക്കൂർ ശാസനം** (എ.ഡി.932 ൽ കോതരവിവർമ്മൻ തയ്യാറാക്കിയത്)
- **ലഭ്യമായ ശാസനങ്ങളിൽ കൊല്ലവർഷം ആദ്യമായി രേഖപ്പെടുത്തിയിട്ടുള്ള ശാസനം?**
  **മാമ്പള്ളി ശാസനം** (കൊല്ലവർഷം 149)

## സമൂഹത്തിൽ ഡിജിറ്റൽ വിഭജനം ഇല്ലാതാക്കുന്നതിന് വേണ്ട നടപടികൾ - ഓൺലൈൻ ചർച്ച

സമൂഹത്തിൽ ഡിജിറ്റൽ ഉച്ചനീചത്വം ഇല്ലാതാക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് വിവിധ വകുപ്പുകളുടെ പ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ഓൺലൈൻ ചർച്ച 2020 നവംബർ 12 ന് നിയമസഭാ സമുച്ചയത്തിലെ ഐ.ടി. വീഡിയോ കോൺഫറൻസ് ഹാളിൽ സംഘടിപ്പിച്ചു. സാമ്പത്തികവും വിദ്യാഭ്യാസപരവും സാമൂഹികവും ഭൂമിശാസ്ത്രപരവുമായ വേർതിരിവുകളെ അടിസ്ഥാനപ്പെടുത്തി, സമൂഹത്തിൽ നിലനിൽക്കുന്ന വിവര വിനിമയ സാങ്കേതിക വിദ്യകളുടെ അസന്തുലിതമായ വിതരണവും വേർതിരിവും ഉയർത്തുന്ന വെല്ലുവിളികൾമൂലമുള്ള 'ഡിജിറ്റൽ ഡിവൈഡ്' ഇല്ലാതാക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. ഇത് തിരിച്ചറിഞ്ഞ് ഇത്തരം വെല്ലുവിളികൾ ഇല്ലാതാക്കാനുള്ള മാർഗങ്ങൾ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ കണ്ടെത്തി നടപ്പാക്കണമെന്ന് നിയമസഭാ സ്പീക്കർ നിർദ്ദേശിച്ചതനുസരിച്ചാണ് കേരള നിയമസഭയുടെ സെന്റർ ഫോർ പാർലമെന്ററി സ്റ്റഡീസ് ആൻഡ് ട്രെയിനിംഗിന്റെ ആഭിമുഖ്യത്തിൽ ചർച്ച സംഘടിപ്പിച്ചത്. സ്പീക്കർ പി.ശ്രീരാമകൃഷ്ണൻ അധ്യക്ഷത വഹിച്ച പരിപാടിയിൽ നിയമസഭാ സെക്രട്ടറി എസ്.വി.ഉണ്ണികൃഷ്ണൻ നായർ സ്വാഗതം ആശംസിച്ചു.

കോവിഡ് - 19 പകർച്ചവ്യാധി ക്രിയാത്മകമായി നേരിടുന്നതിന് ഓൺലൈൻ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുന്നത് അനിവാര്യമായി മാറിയിരിക്കുന്ന ഇക്കാലത്ത് ഡിജിറ്റൽ അന്തരം എന്നത് മനുഷ്യന്റെ നിലനിൽപ്പിനെത്തന്നെ ബാധിച്ചേക്കാവുന്ന ഒരു ഘടകമാണ്.

CENTRE FOR PARLIAMENTARY STUDIES AND TRAINING
KERALA LEGISLATURE SECRETARIAT

ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ ഡിജിറ്റൽ സാങ്കേതികവിദ്യയും വിജ്ഞാനവും എന്നത് വിദ്യാഭ്യാസം, ആരോഗ്യം എന്നിവ പോലെ ഓരോ വ്യക്തിയുടെയും രാജ്യത്തിന്റെയും സാമൂഹിക - സാമ്പത്തിക ഉന്നതിക്ക് വേണ്ട അവശ്യ അടിസ്ഥാന സേവനമായാണ് കണക്കാക്കപ്പെടുന്നത്. ആയതിനാൽ എല്ലാവർക്കും കമ്പ്യൂട്ടർ, മൊബൈൽ ഫോൺ, ഇന്റർനെറ്റ് കണക്ടിവിറ്റി, അവ ഉപയോഗിക്കുന്നതിനുള്ള അറിവ് എന്നിവ അടിസ്ഥാനപരമായി സാധ്യമാക്കേണ്ടതിന്റെ പ്രാധാന്യം വളരെ വലുതാണ്.

ഡിജിറ്റൽ ലഭ്യത ഉള്ളവരും ഇല്ലാത്തവരും തമ്മിലുള്ള അന്തരം സാമൂഹിക ഐക്യത്തേയും സാമ്പത്തിക മുന്നേറ്റത്തേയും പ്രതികൂലമായി ബാധിക്കുന്ന ഒന്നാണെന്ന് നിരീക്ഷിച്ച സ്പീക്കർ കമ്പ്യൂട്ടർ ഉപയോഗിക്കുന്നതിനുള്ള പരിചയക്കുറവ് ഇല്ലാതാക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം പരിഹരിക്കുന്നതിനുമായി ഗ്രാമീണ മേഖലയിൽ ഡിജിറ്റൽ വികാസവുമായി ബന്ധപ്പെട്ട് പുതിയ കർമ്മപദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടതിന്റെ ആവശ്യകത ഓർമ്മപ്പെടുത്തി. കേരള നിയമസഭയുടെ സെന്റർ ഫോർ പാർലമെന്ററി സ്റ്റഡീസ് ആൻഡ് ട്രെയിനിംഗിന്റെ ആഭിമുഖ്യത്തിൽ വിവിധ സർക്കാർ വകുപ്പുകളെ ഏകോപിപ്പിച്ച് സമൂഹത്തിൽ ഡിജിറ്റൽ വിഭജനം കുറയ്ക്കുന്നതിനുവേണ്ടി നിയോജകമണ്ഡലാടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ ആരംഭിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.

ചർച്ചയിൽ പങ്കെടുത്ത വിവിധ വകുപ്പ് ഉദ്യോഗസ്ഥരും, ഇൻഫർമേഷൻ കേരള മിഷൻ, ഐ.ടി.മിഷൻ, KITE, ASAP, കുടുംബശ്രീ എന്നിവയുടെ പ്രതിനിധികളും ഡിജിറ്റൽ വിഭജനം കുറയ്ക്കുന്നതിനും ഇല്ലാതാക്കുന്നതിനുമായി അവരവരുടെ മേഖലകളിൽ കൈക്കൊണ്ടുവരുന്ന നടപടികൾ വിശദീകരിച്ചു. സർക്കാർ സേവനങ്ങളുടെ നടപടിക്രമങ്ങൾ തുടക്കം മുതൽ ഒടുക്കം വരെ ഓൺലൈനായി നടത്താൻ കഴിയുന്നതിന്റെയും സമൂഹത്തിലെ ഏറ്റവും അടിത്തട്ട് വരെയുള്ള പൗരനും അതിന്റെ ഗുണഭോക്താവാകുവാൻ കഴിയുന്നതിന്റെയും ആവശ്യകത മുഖ്യപ്രതിപാദ്യമായ ചർച്ചയിൽ ഡിജിറ്റൽ വിഭജനം കുറയ്ക്കുവാൻ വ്യക്തമായ കാഴ്ചപ്പാടുകളോടെ ഒന്നിച്ച് പ്രവർത്തിക്കേണ്ടതിന്റെ പ്രസക്തി വിലയിരുത്തുകയും ചെയ്തു.

ഡെപ്യൂട്ടി സെക്രട്ടറി വി.ജി.റിജു മോഡറേറ്ററായിരുന്ന ചടങ്ങിൽ അഡീഷണൽ സെക്രട്ടറി എസ്.ബിന്ദു കൃതജ്ഞത രേഖപ്പെടുത്തി.

## വേർപാട്



## പി.കുമാരൻ

**മുൻ എം.എൽ.എ.**

മണ്ണാർക്കാട് മുൻ എം.എൽ.എ. യും സി.പി.ഐ. നേതാവുമായ പി.കുമാരൻ (86) ഒക്ടോബർ 26 ന് കോഴിക്കോട് അന്തരിച്ചു. 1982 മുതൽ 87 വരെയുള്ള ഏഴാം കേരള നിയമസഭയിൽ അംഗമായിരുന്നു. കരിമ്പുഴ പഞ്ചായത്ത് പ്രസിഡന്റ്, കല്ലുക്കിലിയാട് സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. അട്ടപ്പാടി മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തനമാരംഭിക്കുന്നതിൽ പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. 'ജീവിത ചിന്തകൾ' എന്ന പേരിൽ ആത്മകഥ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പരേതയായ പാർവ്വതിയാണ് ഭാര്യ. നാലു മക്കളുണ്ട്.



## എം. നാരായണൻ

**മുൻ എം.എൽ.എ.**

മുൻ എം.എൽ.എ. യും സി.പി.എം. നേതാവുമായ എം.നാരായണൻ (56) നവംബർ 8 ന് അന്തരിച്ചു. കോവിഡ് ബാധിച്ച് ചികിത്സയിലായിരുന്നു. ഒമ്പതാം കേരള നിയമസഭയിലും പത്താം കേരള നിയമസഭയിലും കുഴൽമന്ദം നിയോജകമണ്ഡലത്തെ പ്രതിനിധാനം ചെയ്തു. പാലക്കാട് അർബൻ ബാങ്ക് ചെയർമാനായി പ്രവർത്തിച്ചു വരികയായിരുന്നു.

നിലവിൽ കർഷകസംഘം സംസ്ഥാന കമ്മിറ്റി അംഗവും സി.പി.എം. പാലക്കാട് ഏരിയാ കമ്മിറ്റി അംഗവുമാണ്. എസ്.എഫ്.ഐ. ജില്ലാ സെക്രട്ടറി, ഡി.വൈ.എഫ്.ഐ. ജില്ലാ പ്രസിഡന്റ്, സി.പി.എം. ജില്ലാ കമ്മിറ്റിയംഗം, പാലക്കാട് ഏരിയാ സെക്രട്ടറി തുടങ്ങിയ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. കെ.പ്രേമലതയാണ് ഭാര്യ. ഒരു മകനും ഒരു മകളുമുണ്ട്.



## സി. മോയിൻകുട്ടി

**മുൻ എം.എൽ.എ.**

മുസ്ലീം ലീഗ് സംസ്ഥാന ഉപാധ്യക്ഷനും മുൻ എം.എൽ.എ.യുമായ സി. മോയിൻകുട്ടി (77) നവംബർ 9 ന് അന്തരിച്ചു. 1996 ൽ കൊടുവള്ളി നിയോജകമണ്ഡലത്തിൽ നിന്നും 2001, 2011 എന്നീ വർഷങ്ങളിൽ തിരുവമ്പാടി മണ്ഡലത്തിൽ നിന്നും നിയമസഭയിലെത്തി. പരേതനായ ലീഗ് നേതാവ് പി.സി. അഹമ്മദ്കുട്ടി ഹാജിയുടെയും കുഞ്ഞി ഉമ്മാച്ചയുടെയും മകനായ മോയിൻകുട്ടി എം.എസ്.എഫിലും യൂത്ത് ലീഗിലും പ്രവർത്തിച്ചാണ് പൊതുപ്രവർത്തന രംഗത്തെത്തിയത്.

താമരശ്ശേരി പഞ്ചായത്ത് പ്രസിഡന്റ്, കോഴിക്കോട് ജില്ലാ കൗൺസിൽ അംഗം, മുസ്ലീം യൂത്ത് ലീഗ് സംസ്ഥാന ജനറൽസെക്രട്ടറിയും പ്രസിഡന്റും, മുസ്ലീം ലീഗ് കോഴിക്കോട് ജില്ലാ സെക്രട്ടറി, കേരള സ്റ്റേറ്റ് റൂറൽ ഡവലപ്മെന്റ് ബോർഡ് അംഗം, കെ.എസ്.ആർ.ടി.സി. അഡ്വൈസറി ബോർഡ് അംഗം, വഖഫ് ബോർഡ് അംഗം തുടങ്ങിയ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. ഭാര്യ ഖദീജ. മൂന്ന് മക്കളുണ്ട്.

## കേരള നിയമസഭ നാൾവഴിയിലൂടെ നിയമസഭാ നടപടികളുടെ വീഡിയോ ആർക്കൈവിംഗ് പദ്ധതി

കേരള നിയമസഭയുടെ ഇരുപത് വർഷത്തെ ദൃശ്യങ്ങൾ സഭയും സമ്മേളനങ്ങളും എന്ന് ഇനം തിരിച്ച് പരമ്പര ആയി സഭാ ടി.വി. ഒ.ടി.ടി. പ്ലാറ്റ്ഫോമിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചു. കേരള നിയമസഭയുടെ ഇതപര്യന്തമുള്ള സമ്മേളനങ്ങളുടെ സമഗ്ര വീഡിയോ ആർക്കൈവ്സ് സൃഷ്ടിക്കുക എന്നതാണ് ഇതുകൊണ്ട് ലക്ഷ്യംവയ്ക്കുന്നത്.

നിയമസഭാ സാമാജികർ, രാഷ്ട്ര മീമാംസാ വിദ്യാർത്ഥികൾ, ഗവേഷകർ, മാധ്യമപ്രവർത്തകർ തുടങ്ങി നിയമസഭയെക്കുറിച്ച് പഠിക്കാനും അറിയാനും ശ്രമിക്കുന്ന എല്ലാവർക്കും പ്രാപ്യമായ നിർമ്മിതബുദ്ധിയുടെയും യന്ത്രപഠനത്തിന്റെയും സാധ്യതകൾ ഉപയോഗിക്കുന്ന ഒരു ശേഖരമായാവും ആർക്കൈവ്സ് രൂപകൽപ്പന ചെയ്യുക. രാഷ്ട്രീയ നേതാക്കൾ, നിയമസഭാ റിപ്പോർട്ടിംഗിൽ പ്രാവീണ്യമുള്ള മാധ്യമപ്രവർത്തകർ, സർവ്വകലാശാലാ അദ്ധ്യാപകർ തുടങ്ങിയവരെ പങ്കെടുപ്പിച്ച് തയ്യാറാക്കുന്ന വിശദീകരണ വീഡിയോകൾ ആർക്കൈവിംഗിന്റെ ഭാഗമായി ഉൾപ്പെടുത്തും. ഓരോ നിയമസഭയെയും അതിലെ സമ്മേളനങ്ങളെയും പ്രധാന നേതാക്കളെയും വെവ്വേറെ പരിചയപ്പെടുത്തുന്നവയാവും വീഡിയോകൾ. സാമൂഹിക പശ്ചാത്തലവും ചർച്ചയിൽ വന്ന പ്രധാനപ്പെട്ട കാര്യങ്ങളും നിയമനിർമ്മാണത്തെക്കുറിച്ചുള്ള വിവരങ്ങളും പരമ്പരയിൽ ഉൾപ്പെടുത്തും.

പതിനാലാം കേരള നിയമസഭ മുതൽ പിന്നോട്ടാണ് ആർക്കൈവ്സിലേയ്ക്ക് ദൃശ്യങ്ങൾ ഉൾക്കൊള്ളിക്കുന്നത്. ഇതിനായി ദൂരദർശൻ, ആകാശവാണി തുടങ്ങിയ സ്ഥാപനങ്ങളുടെ ആർക്കൈവ്സ്, വർത്തമാന പത്രങ്ങളുടെ ആർക്കൈവ്സ് തുടങ്ങിയവ ഉപയോഗിക്കും. രേഖകൾ അതേപടി നൽകുന്നതിനൊപ്പം പഴയ സഭകളെയും സമ്മേളനങ്ങളെയും കുറിച്ചുള്ള പ്രത്യേക പരിപാടികളിലാവും ശ്രദ്ധപതിപ്പിക്കുക. നിയമസഭാ നടപടിക്രമങ്ങളുടെ ഭാഗമായിട്ടുള്ള ചർച്ചകൾ, ചോദ്യോത്തരവേള, ശൂന്യവേള തുടങ്ങിയവയെല്ലാം ഇതിന്റെ ഭാഗമായി ഉൾപ്പെടുത്തും.

നിർമ്മിതബുദ്ധിയുടെ സാദ്ധ്യത ഉപയോഗപ്പെടുത്തി കീവേഡ് ഉപയോഗിച്ച് തിരയാൻ സാധിക്കുന്ന രീതിയിൽ രൂപകൽപ്പന ചെയ്യുന്നതുമൂലം പ്രേക്ഷകരുടെ ഇഷ്ടാനുസരണമുള്ള വിഷയങ്ങൾ തിരഞ്ഞ് അതുമായി ബന്ധപ്പെട്ട വീഡിയോ, ചർച്ചകൾ, രേഖകൾ എന്നിവ പരിശോധിക്കാൻ സാധിക്കും.

ഓരോ സഭയും പ്രത്യേക പ്രോഗ്രാമായാണ് ഉൾപ്പെടുത്തുന്നത്. ഓരോ സമ്മേളനവും ഓരോ സീസൺ ആയും സീസണുകളെ എപ്പിസോഡുകൾ ആയും ക്രമീകരിക്കും. സർവ്വകലാശാലകളിൽ രാഷ്ട്രമീമാംസ, പൊതുഭരണം, നയരൂപീകരണം, അന്താരാഷ്ട്രബന്ധങ്ങൾ, ഗാന്ധിയൻ സ്റ്റഡീസ്, ചരിത്രം, ധനതത്വശാസ്ത്രം തുടങ്ങിയ മേഖലകളിൽ പരിചയസമ്പന്നരായ അദ്ധ്യാപകരോ ദീർഘകാലത്തെ നിയമസഭാ റിപ്പോർട്ടിംഗിൽ പരിചയമുള്ള മുതിർന്ന പത്രപ്രവർത്തകരോ ആകും പ്രോഗ്രാമുകളുടെ ക്യുറേറ്റർമാർ.

ആമുഖത്തിൽ ആരംഭിച്ച് അംഗങ്ങളുടെ സത്യപ്രതിജ്ഞ, സ്പീക്കറുടെ തെരഞ്ഞെടുപ്പ്, ഗവർണ്ണറുടെ പ്രസംഗം, ചരമോപചാരം തുടങ്ങി എല്ലാ പ്രധാന സഭാനടപടികളും ആർക്കൈവിംഗ് പദ്ധതി വഴി ഒ.ടി.ടി. പ്ലാറ്റ്ഫോമിൽ ലഭിക്കുന്നതാണ്.

സഭാ ടി.വി.യുടെ പ്രോഗ്രാമുകൾ ഇൻസൈറ്റ് മീഡിയ 24, ജയ്ഹിന്ദ്, കൈരളി ന്യൂസ്, ഏഷ്യാനെറ്റ് കേബിൾ വിഷൻ, കേരള വിഷൻ, മീഡിയ വൺ, ഏഷ്യാനെറ്റ് ന്യൂസ്, റിപ്പോർട്ടർ, കൗമുദി ടി.വി., കൈറ്റ് വിക്ടേഴ്സ്, മാതൃഭൂമി ന്യൂസ്, ദൂരദർശൻ മലയാളം, ന്യൂസ് 18 കേരള എന്നീ ചാനലുകൾ മുഖേന സംപ്രേഷണം ചെയ്തുവരുന്നു.

### വിവിധ ചാനലുകളിൽ സഭാ ടി.വി. സംപ്രേഷണം ചെയ്തു വരുന്ന പരിപാടികളുടെ സമയക്രമം

| ദിവസം | ചാനൽ | സമയം | പുനസംപ്രേഷണം | പുനസംപ്രേഷണ സമയം |
|---|---|---|---|---|
| ഞായർ | 24 ന്യൂസ് | 4.00-4.30പി.എം | തിങ്കൾ | 12.00-00.30എ.എം |
| | ഏഷ്യാനെറ്റ് ന്യൂസ് | 4.30-5.00പി.എം | പുനസംപ്രേഷണം ഇല്ല | |
| | റിപ്പോർട്ടർ ടി.വി. | 6.30-7.00പി.എം | തിങ്കൾ | 02.30-03.00എ.എം |
| തിങ്കൾ | ജയ്ഹിന്ദ് | 8.30-9.00പി.എം | ബുധൻ | 11.30-12.00പി.എം |
| | കൗമുദി ടി.വി | 8.00-8.30പി.എം | പുനസംപ്രേഷണം ഇല്ല | |
| ചൊവ്വ | കൈരളി ന്യൂസ് | 4.30-5.00പി.എം | പുനസംപ്രേഷണം ഇല്ല | |
| | ഏഷ്യാനെറ്റ് കേബിൾ | 7.00-7.30പി.എം | ഞായർ | 1.00-1.30പി.എം |
| | വിക്ടേഴ്സ് | 9.30-10.00പി.എം | വെള്ളി | 9.30-10.00പി.എം |
| ബുധൻ | മാതൃഭൂമി | 4.30-5.00പി.എം | വ്യാഴം | 12.00-00.30എ.എം |
| വ്യാഴം | ദൂരദർശൻ | 8.30-9.00പി.എം | വെള്ളി | 8.30-9.00എ.എം |
| | കേരള വിഷൻ | 8.00-8.30പി.എം | വെള്ളി | 8.00-8.30പി.എം |
| വെള്ളി | ന്യൂസ് 18 | 4.30-5.00പി.എം | പുനസംപ്രേഷണം ഇല്ല | |
| ശനി | മീഡിയ വൺ | 8.30-9.00പി.എം | ഞായർ | 02.30-03.00പി.എം |

അറിവോരം
കേരള നിയമസഭയുടെ ഔദ്യോഗിക ന്യൂസ് ലെറ്റർ


സഭാ പ്രസംഗങ്ങളിലൂടെ...

# സേവനം ജനങ്ങളുടെ അവകാശമാണ്; ഔദാര്യമല്ല

**2012 ലെ കേരള സംസ്ഥാന സേവനാവകാശ ബിൽ സബ്ജക്ട് കമ്മിറ്റി XIV ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിച്ചുകൊണ്ട് 2012 ജൂലൈ 23 ന് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി നടത്തിയ പ്രസംഗം**

സർ, ഈ സഭ വളരെ പ്രധാനപ്പെട്ട നിയമങ്ങൾ പാസ്സാക്കിയിട്ടുള്ള സഭയാണ്. അതിലേറെ പ്രാധാന്യമുള്ള ഒരു നിയമം സഭ പാസ്സാക്കിത്തരണം. ആദ്യം സബ്ജക്ട് കമ്മിറ്റിക്ക് അയച്ച് അത് തിരിച്ചുവരത്തക്കവിധത്തിൽ എല്ലാ ഭാഗത്തുനിന്നുമുള്ള സഹകരണം അഭ്യർത്ഥിച്ചുകൊണ്ട് ഈ പ്രമേയം അവതരിപ്പിക്കുന്നു.ഈ നിയമത്തിന്റെ പ്രാധാന്യം പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ട് ഇതിന്റെ ഒരു ബാക്ക് ഗ്രൗണ്ട് മെറ്റീരിയൽ തയ്യാറാക്കി എല്ലാ അംഗങ്ങൾക്കും ഈ ബിൽ സർക്കുലേറ്റ് ചെയ്യുന്ന സമയത്തുതന്നെ ലഭ്യമാക്കി എന്നുള്ള കാര്യത്തിൽ ഞാൻ അങ്ങയെ പ്രത്യേകമായി അഭിനന്ദിക്കുന്നു. അതിനുവേണ്ടി നല്ല രീതിയിൽ പ്രവർത്തിച്ച നിയമസഭാ സെക്രട്ടേറിയറ്റിന്റെ കാര്യവും പ്രത്യേകം എടുത്തു പറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ഗവൺമെന്റിൽ നിന്നും ജനങ്ങൾക്ക് ലഭിക്കേണ്ട സേവനം ഒരു ഔദാര്യമായിട്ടാണ് പലരും കാണുന്നത്. അത് ജനങ്ങളുടെ അവകാശമാണ്. ജനങ്ങളുടെ അവകാശമാണെന്ന് പറഞ്ഞാൽ പോര, ജനങ്ങളുടെ അവകാശമാക്കി മാറ്റണം. അത് അവകാശമാണെന്ന് തിരിച്ചറിയാൻ കഴിയാത്തവരെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരികയും വേണം. അധികാരത്തിലിരിക്കുന്ന ഗവൺമെന്റുകളോട്, അധികാരം കൈകാര്യം ചെയ്യുന്ന ഗവൺമെന്റുദ്യോഗസ്ഥരോട് ജനങ്ങൾക്ക് അടുപ്പമല്ല, അകലം കൂടുകയാണ്. അധികാരമുള്ളവർ ജനങ്ങൾക്കുവേണ്ടി, നാടിനുവേണ്ടി എല്ലാ കാര്യവും ചെയ്യാൻ അവകാശമുള്ളവർ, അവസരമുള്ളവർ; പക്ഷേ ജനങ്ങൾ അവരിൽ നിന്ന് അകലുന്ന ചിത്രമാണ് കാണാൻ കഴിയുന്നത്. ജനങ്ങൾ ആഗ്രഹിക്കുന്ന സേവനം ജനങ്ങൾക്ക് കിട്ടിയേ മതിയാകൂ. ആ സേവനം സമയത്ത് കാര്യക്ഷമമായി ലഭിക്കുന്നില്ല. അതിന് അവർ ചെലവഴിക്കേണ്ട സമയം വളരെ വലുതാണ്.

പഴയതുപോലെ ഒരു കാര്യത്തിനുവേണ്ടി ഒരു ദിവസം മുഴുവൻ കാത്തുകെട്ടികിടക്കാൻ ജനങ്ങൾ തയ്യാറല്ല. ദിവസങ്ങളോളം പോകാനും തയ്യാറല്ല. അതിനുവേണ്ടി ഒരാളെ നിയോഗിക്കാൻ ഒരു കുടുംബത്തിനും സാധിക്കുന്നില്ല. ജനങ്ങൾക്ക് ലഭിക്കേണ്ട സേവനം യഥാസമയം അവർക്ക് ലഭ്യമാകണം. ജനാധിപത്യവ്യവസ്ഥിതിയിൽ ജനങ്ങൾക്കുള്ള വിശ്വാസം കാത്തുസൂക്ഷിക്കാൻ ഇത് ആവശ്യമാണ്. ഇത് എനിക്ക് വേണ്ടിയുള്ള ഒരു സംവിധാനമല്ല; എനിക്കുള്ള അവസരങ്ങൾ നിഷേധിക്കാനുള്ള ഒരു സംവിധാനമാണെന്ന് ഒരാൾക്ക് തോന്നിയാൽ എങ്ങനെ അത് ജനാധിപത്യത്തിന് കരുത്താകും? ജനാധിപത്യമെന്ന് പറയുന്നത് എല്ലാപേർക്കുമുള്ളതാണ്.



അല്ലാതെ തെരഞ്ഞെടുക്കപ്പെടുന്ന, അധികാരത്തിലിരിക്കുന്ന കുറച്ച് മന്ത്രിമാരുടേയോ, ജനപ്രതിനിധികളുടേയോ, കുറേ ഉദ്യോഗസ്ഥന്മാരുടേയോ മാത്രമല്ല. ജനാധിപത്യത്തിന്റെ സ്വാദ് അനുഭവിക്കാൻ അവസരമുണ്ടാകണമെങ്കിൽ അത് ജനങ്ങൾക്കും കൂടി പങ്കാളിത്തമുള്ളതാകണം. ഈ ഗവൺമെന്റ് എനിക്ക് വേണ്ടിയാണ് എന്നൊരു ധാരണയുണ്ടാകണം. അതിന് ഏറ്റവും ആവശ്യമായിട്ടുള്ളത് ജനങ്ങൾ ആഗ്രഹിക്കുന്ന, ജനങ്ങൾക്ക് ലഭിക്കുന്ന സേവനം യഥാസമയം കാര്യക്ഷമതയോടെ എത്തിച്ചുകൊടുക്കുകയെന്നുള്ളതാണ്. 12 സംസ്ഥാനങ്ങളിൽ ഇത് നടപ്പിലാക്കിയിട്ടുണ്ട്. മദ്ധ്യപ്രദേശ് ഉൾപ്പെടെ ചുരുക്കം ചില സംസ്ഥാനങ്ങളിലാണ് അതിന്റെ പ്രവർത്തനങ്ങൾ പ്രായോഗികതലത്തിൽ കൊണ്ടുവന്നിട്ടുള്ളത്.ബാക്കിയുള്ള സംസ്ഥാനങ്ങളിൽ ബിൽ അവതരിപ്പിക്കുകയും പാസ്സാക്കുകയും നടപ്പിലാക്കുകയും ചെയ്യുന്ന നടപടികൾ പല സ്റ്റേജുകളിലാണ്. നടപ്പിലാക്കിയ സംസ്ഥാനങ്ങളിലെ കാര്യങ്ങളും പരിശോധിച്ചാണ് ബിൽ തയ്യാറാക്കിയിട്ടുള്ളത്. ഈ നിയമത്തിൽ ഓരോ ഡിപ്പാർട്ടുമെന്റും ഏതൊക്കെ സേവനങ്ങൾ, ഏതെല്ലാം വിധത്തിൽ, എപ്പോൾ, എത്ര സമയത്തിനുള്ളിൽ എന്നൊക്കെയുള്ളത് നോട്ടിഫിക്കേഷനിലാണ് വരുന്നത്. ഈ നിയമം പാസ്സാക്കിക്കഴിഞ്ഞാലുടൻ അവരെക്കൂടി വിശ്വാസത്തിലെടുത്തുകൊണ്ട്, അവരുടെയും സഹകരണം തേടിക്കൊണ്ട് എല്ലാ സർവ്വീസ് സംഘടനകളുമായി സംസാരിക്കുന്നതാണ്. ഇത് അടിച്ചേൽപ്പിക്കാനല്ല; മറിച്ച് സ്വയം ഉൾക്കൊണ്ടുകൊണ്ട് മന്ത്രിമാർക്കാണെങ്കിലും ജനപ്രതിനിധികൾക്കാണെങ്കിലും ഉദ്യോഗസ്ഥർക്കാണെങ്കിലും എന്റെയും കൂടി കടമയാണെന്ന ബോദ്ധ്യത്തോടുകൂടി, ഈ അവകാശം ജനങ്ങളുടെ കയ്യിലെത്തിക്കണം.

അത് അടിച്ചേൽപ്പിക്കലല്ല, മറിച്ച് സ്വയം ഉൾക്കൊണ്ടുകൊണ്ട് ഈ സേവനം കൊടുക്കാൻ ബാദ്ധ്യസ്ഥരാണെന്ന് ബോദ്ധ്യപ്പെട്ട് സേവനം നൽകുകയെന്നുള്ളതാണ് ഗവൺമെന്റിന്റെ സമീപനം. ഇത് വളരെ നിസ്സാരമായ ഒരു കാര്യമാണ്. ഇപ്പോൾ ഒരു ജനന-മരണ സർട്ടിഫിക്കറ്റ് രണ്ടും മൂന്നും കൊല്ലമായിട്ടും കിട്ടാത്ത കാര്യം ജനപ്രതിനിധികളായ നമുക്കൊക്കെ അറിയാവുന്ന കാര്യമാണ്. ചിലപ്പോൾ അപേക്ഷകന്റെ ഭാഗത്തുവന്നൊരു വീഴ്ചയായിരിക്കാം; ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുമുള്ള വീഴ്ചയായിരിക്കാം;, ഓഫീസ് റിക്കോർഡുകളിൽ വന്നിട്ടുള്ള തെറ്റായ എഴുത്തുകളായിരിക്കാം; അതിനൊരു പരിഹാരമുണ്ടായേ മതിയാകൂ. ജനങ്ങൾക്ക് വളരെയേറെ ബുദ്ധിമുട്ടുള്ള സാഹചര്യമാണുണ്ടാകുന്നത്. അതിനുവേണ്ടി കൊണ്ടുവന്നിട്ടുള്ള നിയമമാണ് ഈ ബിൽ. സഭയുടെ എല്ലാ ഭാഗത്തുനിന്നും പിന്തുണയും സഹകരണവും കിട്ടുമെന്ന് എനിക്ക് പൂർണ്ണ ഉറപ്പുണ്ട്. ബിസിനസ്സ് അഡ്വൈസറി കമ്മിറ്റി മീറ്റിംഗിൽ ഈ നിർദ്ദേശം വച്ചപ്പോൾ എല്ലാപേരും അംഗീകരിച്ചതും ഇത് അവതരിപ്പിക്കാനും പാസ്സാക്കാനുമുള്ള തീരുമാനമുണ്ടായതും അതുകൊണ്ടാണ്. അതിന് പ്രത്യേകമായ നന്ദിയുണ്ട്. ഈ ബിൽ ഏറ്റവും വേഗത്തിൽ പാസ്സാക്കണം. അതോടൊപ്പം ഈ ബില്ലിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് തുടർന്നുള്ള കാര്യങ്ങളിലും സഹകരണത്തോടെ മുന്നോട്ടു പോകണം. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് ജീവനക്കാരുടെ ഭാഗത്തുനിന്നുമുള്ള സഹകരണമാണ്. ആ സഹകരണം ഉണ്ടാകുമെന്ന് എനിക്ക് പൂർണ്ണവിശ്വാസമുണ്ട്. അവരുടെ സഹായവും അഭ്യർത്ഥിക്കാൻ ഈ അവസരം വിനിയോഗിക്കുകയാണ്. കാരണം ജനപ്രതിനിധികളും സിവിൽ സർവ്വീസിലെ അംഗങ്ങളുമെല്ലാം ജനങ്ങൾക്ക് സേവനം എത്തിച്ചുകൊടുക്കാൻ വേണ്ടിയുള്ളതാണ്. ആ കാര്യത്തിൽ അർപ്പണബോധത്തോടെ, കാര്യക്ഷമതയോടെ, കൃത്യനിഷ്ഠയോടെ സമയബന്ധിതമായി പ്രവർത്തിക്കുന്നതിന് ഒരു അടുക്കും ചിട്ടയുമുണ്ടാക്കുക എന്നതുമാത്രമാണ് ഈ നിയമം കൊണ്ട് ഉദ്ദേശിക്കുന്നത്. അതിന് ഒരു വ്യക്തമായ വ്യവസ്ഥിതി വേണം. ആ ചട്ടക്കൂടിൽ നിന്ന് പുറത്തേയ്ക്കാരും ചാടിപ്പോകാത്ത വിധത്തിൽ ജനങ്ങൾ ചെയ്യേണ്ട കാര്യങ്ങൾ സമയബന്ധിതമായി ചെയ്യുന്നതിനുവേണ്ടിയുള്ള ശ്രമത്തിന് എല്ലാവരുടേയും സഹകരണമുണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ പ്രമേയം അവതരിപ്പിക്കുന്നു. (എഡിറ്റ് ചെയ്തത്)

(രണ്ടു തവണ കേരള മുഖ്യമന്ത്രിയായും പ്രതിപക്ഷ നേതാവായും വിവിധ വകുപ്പുകളുടെ മന്ത്രിയായും പ്രവർത്തിച്ചിട്ടുള്ള ഉമ്മൻ ചാണ്ടി നാലാം കേരള നിയമസഭ മുതൽ പുതുപ്പള്ളി നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്നു.)

# 'സംഘ' - ഭൂപടത്തിലില്ലാത്ത നിയമസഭാ മണ്ഡലം

സംസ്ഥാനങ്ങളിലെ എല്ലാ നിയമസഭാ നിയോജകമണ്ഡലങ്ങൾക്കും അതത് മണ്ഡലത്തിന്റെ പ്രാദേശിക അധികാരപരിധിയുണ്ട് (ടെറിട്ടോറിയൽ ജൂറിസ്ഡിക്ഷൻ). ലോക്സഭാ മണ്ഡലങ്ങൾക്കും സ്ഥിതി അതേ പ്രകാരമാണ്. നോമിനേറ്റഡ് അംഗങ്ങൾക്ക് പ്രത്യേകിച്ച് നിയോജകമണ്ഡലമില്ല. ഉദാഹരണത്തിന്, കേരള നിയമസഭയിലെ നോമിനേറ്റഡ് അംഗമായ ആംഗ്ലോ ഇന്ത്യൻ പ്രതിനിധി. ഓരോ നിയോജകമണ്ഡലത്തിന്റേയും ഭൂപ്രദേശത്തിലുള്ള വോട്ടർമാർക്ക് പ്രസ്തുത മണ്ഡലത്തിലേക്കുള്ള തെരഞ്ഞെടുപ്പിൽ വോട്ടു ചെയ്യാൻ കഴിയുന്നു.അപ്രകാരമുള്ള കുറച്ച് നിയോജകമണ്ഡലങ്ങൾ (ഏകദേശം 7 നിയമസഭാ മണ്ഡലങ്ങൾ) ചേർന്ന് ഒരു ലോക്സഭാ മണ്ഡലമാകുന്നു.

സിക്കിം സംസ്ഥാനത്തിലെ 'സംഘ' എന്ന നിയമസഭാ നിയോജകമണ്ഡലത്തിന് പ്രാദേശിക അധികാരപരിധിയില്ല. പ്രസ്തുത സംസ്ഥാനത്തിലെ ബുദ്ധമത സന്യാസീമഠങ്ങളിലെ, സന്യാസി- സന്യാസിനിമാരാണ് 'സംഘ' എന്ന നിയോജകമണ്ഡലത്തിലെ വോട്ടർമാർ. സിക്കിമിലെ വിവിധ മണ്ഡലങ്ങളിൽ സ്ഥിതി ചെയ്യുന്ന നൂറോളം ബുദ്ധമത സന്യാസമഠങ്ങളിലെ രജിസ്ട്രേഡ് ലാമമാർ ഒരു സ്ഥാനാർത്ഥിയെ തെരഞ്ഞെടുത്ത് നിയമസഭയിലെ അംഗമാക്കുന്നു. തെരഞ്ഞെടുക്കപ്പെട്ട ഒരു നിയമസഭാംഗത്തിന് ലഭിക്കുന്ന എല്ലാ അവകാശങ്ങളും 'സംഘ' എം.എൽ.എ.ക്കുണ്ട്.

സിക്കിം എന്ന ഹിമാലയൻ സാനുക്കളിലെ ചെറുരാജ്യം ഇന്ത്യയുടെ ഇരുപത്തിരണ്ടാമത് സംസ്ഥാനമായി മാറിയത് 1975 മേയ് 16-ാം തീയതിയാണ്. ഇന്ത്യൻ ഭരണഘടനയുടെ 36-ാം ഭേദഗതിയെത്തുടർന്നാണിത്.



സോനം ലാമ

അതിനുമുമ്പും പ്രൊട്ടക്റ്ററേറ്റ് എന്ന രീതിയിൽ രാജ്യരക്ഷ ഉൾപ്പെടെയുള്ള കാര്യങ്ങളിൽ സിക്കിമിനെ ഇന്ത്യ സഹായിച്ചിരുന്നു. ഇന്ത്യൻ ഭരണഘടനയുടെ 371 എഫ് എന്ന അനുച്ഛേദത്തിൽ സിക്കിമിനെ സംബന്ധിച്ച് പ്രത്യേക വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിരിക്കുന്നു. ഇന്ത്യയുടെ ഭാഗമായതിനുശേഷം എല്ലാ തെരഞ്ഞെടുപ്പിലും 'സംഘ' മണ്ഡലത്തിൽ നിന്ന് അംഗമുണ്ടായിട്ടുണ്ട്.

കേവലം ഏഴു ലക്ഷത്തിൽ താഴെ ജനസംഖ്യയുള്ള സിക്കിം സംസ്ഥാനത്തിലെ നിയമസഭയിൽ 32 അംഗങ്ങളാണുള്ളത്. 12 സീറ്റുകൾ പട്ടികവർഗ്ഗത്തിനും 2 സീറ്റുകൾ പട്ടികജാതിക്കും സംവരണം ചെയ്തിരിക്കുന്നു. 2019 ഏപ്രിലിലാണ് നിലവിലുള്ള സിക്കിം നിയമസഭയിലേക്കുള്ള തെരഞ്ഞെടുപ്പ് നടന്നത്. 45 സന്യാസിനിമാർ ഉൾപ്പെടെ ഏകദേശം 3300 വോട്ടർമാരാണ് 'സംഘ' മണ്ഡലത്തിലെ വോട്ടർമാരായിരുന്നത്. നൂറോളം മൊണാസ്ട്രികളിൽ (സന്യാസിമഠം) നിന്നാണ് ഈ വോട്ടർമാർ വോട്ട് ചെയ്തത്. 'സംഘ' മണ്ഡലത്തിലെ വോട്ടർമാർക്കായി പോളിങ് സ്റ്റേഷനിൽ പ്രത്യേകം ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ സജ്ജമാക്കിയിരുന്നു. സംസ്ഥാനത്ത് ഒരു ലോക്സഭാ മണ്ഡലം മാത്രമേ ഉള്ളൂ. 'സംഘ' നിയമസഭാ നിയോജകമണ്ഡലത്തിലെ വോട്ടർമാർ സിക്കിം ലോക്സഭാ മണ്ഡലത്തിലെ വോട്ടർമാരാണ്.

സിക്കിം ക്രാന്തികാരി മോർച്ച എന്ന ഭരണപക്ഷ പാർട്ടിയെ പ്രതിനിധീകരിക്കുന്ന സോനം ലാമയാണ് നിലവിൽ 'സംഘ' മണ്ഡലത്തിനെ പ്രതിനിധീകരിക്കുന്നത്. പ്രേംസിങ് തമാങ് സിക്കിമിലെ മുഖ്യമന്ത്രിയും ലാൽ ബഹദൂർ ദാസ് നിയമസഭാ സ്പീക്കറുമാണ്.

ഇന്ത്യയുടെ ഭാഗമാകുന്നതിനുമുൻപ് മുന്നൂറ് വർഷത്തിലേറെ സിക്കിമിനെ ഭരിച്ചിരുന്നത് നംഗ്യാൽ രാജവംശമാണ്. ചോഗ്യാൽ എന്ന പേരിലാണ് മഹാരാജാവിനെ വിശേഷിപ്പിച്ചിരുന്നത്. അക്കാലമത്രയും രാജ്യത്തിന്റെ സാമൂഹ്യ സാംസ്ക്കാരിക വ്യവസ്ഥയിൽ മോണാസ്ട്രികൾക്കും സന്യാസിസമൂഹത്തിനും ഉന്നതസ്ഥാനമുണ്ടായിരുന്നു. ഇന്ത്യയുടെ ഭാഗമായിത്തീർന്നതിനു ശേഷവും ആ സാംസ്ക്കാരിക പാരമ്പര്യം തുടരാനുള്ള അവസരമാണ് തെരഞ്ഞെടുപ്പ് രംഗത്ത് 'സംഘ' എന്ന വ്യവസ്ഥ എന്നതിലൂടെ സാധിതമാകുന്നത്. ഇതു സംബന്ധിച്ചുണ്ടായ കേസിലെ വിധിയിൽ സുപ്രീം കോടതിയും ഇപ്രകാരം നിരീക്ഷിച്ചിട്ടുണ്ട്.

തയ്യാറാക്കിയത്
**ആർ.കിഷോർ കുമാർ**
സ്പെഷ്യൽ സെക്രട്ടറി

നിയമസഭാ സമുച്ചയത്തിലെ പരിപാടികൾ

# കേരളപ്പിറവി ദിനാഘോഷവും ഓൺലൈൻ പുസ്തകപ്രകാശനവും

കേരളപ്പിറവി ദിനാഘോഷം പ്രമാണിച്ച് 2020 നവംബർ 2 ന് നിയമസഭയിലെ ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ ഓൺലൈൻ പുസ്തക പ്രദർശനവും, 'ഉണരുന്ന വായന വളരുന്ന മലയാളം'എന്ന വിഷയത്തിൽ വെബിനാറും സംഘടിപ്പിച്ചു. മുഖ്യമന്ത്രി പിണറായി വിജയൻ വീഡിയോ കോൺഫറൻസ് വഴി പരിപാടി ഉദ്ഘാടനം ചെയ്തു.

നിയമസഭാ സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ സാംസ്കാരിക വകുപ്പമന്ത്രി എ.കെ. ബാലൻ ആശംസകളർപ്പിച്ച് സംസാരിച്ചു. പ്രശസ്ത സാഹിത്യകാരനും വയലാർ അവാർഡ് ജേതാവുമായ ഏഴാച്ചേരി രാമചന്ദ്രൻ പ്രഭാഷണം നടത്തി. സാമാജികർ ഓൺലൈനായി പരിപാടിയിൽ പങ്കെടുക്കുകയുണ്ടായി.

കുട്ടികൾക്ക് മാതൃഭാഷാ പഠനം ഉറപ്പുവരുത്തുന്നതിനാണ് 2017 ൽ മലയാള ഭാഷാ പഠനനിയമം പാസ്സാക്കാൻ സർക്കാർ മുൻകൈയെടുത്തതെന്ന് മുഖ്യമന്ത്രി ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. മലയാളം ഒരു ഭാഷയായി രൂപാന്തരപ്പെടുന്നതിൽ നവോത്ഥാനത്തിന്റെയും ഭാഷാപരമായ വിമോചന പോരാട്ടങ്ങളുടെയും വലിയ ചരിത്രമുണ്ടെന്ന് സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ അധ്യക്ഷപ്രസംഗത്തിൽ പറഞ്ഞു. മലയാളഭാഷയെയും സംസ്കാരത്തെയും കുറിച്ച് വികാരത്തോടെ ഓർക്കുന്ന അവസരമാണ് കേരളപ്പിറവി ദിനമെന്ന് ആശംസാ പ്രസംഗത്തിൽ മന്ത്രി എ.കെ. ബാലൻ പറഞ്ഞു. മലയാളികളുടെ ഹൃദയഭാഷ മലയാളമാകണമെന്നും വായനയുടെ വസന്തകാലത്തേക്ക് മടങ്ങിപ്പോകേണ്ടത് ആവശ്യമാണെന്നും മാതൃകുലത്തിന്റെ വായന ശക്തമാകണമെന്നും കവി ഏഴാച്ചേരി രാമചന്ദ്രൻ പ്രസ്താവിച്ചു. പുതിയൊരു വായനാസംസ്കാരം സംസ്ഥാനത്ത് കൊണ്ടുവരുന്നതിൽ നിയമസഭാലൈബ്രറിയുൾപ്പെടെ ഗ്രന്ഥശാലാ പ്രസ്ഥാനത്തിന് സാധിച്ചുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഏഴാച്ചേരി രാമചന്ദ്രന് നിയമസഭയുടെ ഉപഹാരം സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ നൽകി. ചടങ്ങിൽ ലൈബ്രറി അഡ്വൈസറി കമ്മിറ്റി ചെയർമാൻ മാണി സി. കാപ്പൻ എം.എൽ.എ. സ്വാഗതവും നിയമസഭാ സെക്രട്ടറി എസ്. വി. ഉണ്ണികൃഷ്ണൻ നായർ കൃതജ്ഞതയും രേഖപ്പെടുത്തി. നിയമസഭാ സെക്രട്ടേറിയറ്റ് തയ്യാറാക്കിയ 'കേരളം പാസാക്കിയ നിയമങ്ങൾ -പ്രഭാവപഠനങ്ങൾ' എന്ന ഗ്രന്ഥം നിയമസഭാ സ്പീക്കർ, മന്ത്രി എ.കെ. ബാലന് നൽകിക്കൊണ്ടും 'പതിമൂന്നാം കേരള നിയമസഭ-ഒരു അവലോകനം' എന്ന ഗ്രന്ഥം മുഹമ്മദ് മുഹസ്സിൻ എം.എൽ.എ. യ്ക്ക് നൽകിക്കൊണ്ടും 'നാഷണൽ സ്റ്റുഡന്റ്സ് പാർലമെന്റ് കേരളം - 2019 സുവനീറുകൾ' ഏഴാച്ചേരി രാമചന്ദ്രന് നൽകിക്കൊണ്ടും പ്രകാശനകർമ്മം നിർവ്വഹിച്ചു. നിയമസഭാ സെക്രട്ടേറിയറ്റിലെ ഔദ്യോഗിക ഭാഷാ വകുപ്പുതല സമിതിയുടെ ആഭിമുഖ്യത്തിൽ ജീവനക്കാർക്കായി ഏർപ്പെടുത്തിയ 2019 ലെ ഭരണഭാഷാ സേവന പുരസ്ക്കാരവും 2020 ലെ വായനാദിനത്തോടനുബന്ധിച്ച് നടത്തിയ വായനാകുറിപ്പ് മൽസരത്തിലെ വിജയികൾക്കുള്ള സമ്മാനദാനവും നിർവ്വഹിക്കുകയുണ്ടായി. ഭരണഭാഷാ പ്രതിജ്ഞ, ഓൺലൈൻ പുസ്തക പ്രദർശനം, കവിതാശകലങ്ങൾ കോർത്തിണക്കിയ 'കാവ്യമാല' എന്നിവയും സംഘടിപ്പിച്ചു.



# ഭരണഭാഷാ സേവന പുരസ്കാരങ്ങൾ സമ്മാനിച്ചു

കേരള നിയമസഭാ സെക്രട്ടേറിയറ്റ് ജീവനക്കാരുടെ ഭരണഭാഷാ പ്രയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി ഔദ്യോഗിക ഭാഷ വകുപ്പുതല സമിതിയുടെ ആഭിമുഖ്യത്തിൽ ഏർപ്പെടുത്തിയ ഭരണഭാഷാ സേവന പുരസ്കാരവും ഭരണഭാഷാ സാഹിത്യ പുരസ്കാരവും നവംബർ 2 ന് ആർ. ശങ്കരനാരായണൻ തമ്പി മെംബേഴ്സ് ലോഞ്ചിൽ നടന്ന ചടങ്ങിൽ നിയമസഭാ സ്പീക്കർ സമ്മാനിച്ചു.

ഭരണഭാഷാ സേവന പുരസ്ക്കാര വിഭാഗത്തിൽ എഡിറ്റിംഗ് (ക്ലാസ്സ് II ) വിഭാഗത്തിലെ ഒന്നും രണ്ടും സ്ഥാനങ്ങൾ എഡിറ്റർ ഓഫ് ഡിബേറ്റുമാരായ സുനിത എൽ., എസ്. സത്യ എന്നിവർക്കും അസിസ്റ്റന്റ് വിഭാഗത്തിലെ ഒന്നാം സ്ഥാനം അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ ബി. ശ്രീകുമാറിനും, രണ്ടാം സ്ഥാനം സീനിയർ ഗ്രേഡ് അസിസ്റ്റന്റ് ദിവ്യ ആർ.സി.നായർക്കും, എഡിറ്റിംഗ് (ക്ലാസ്സ് III ) വിഭാഗത്തിലെ ഒന്നാം സ്ഥാനം ലക്ഷ്മി വി., സെലക്ഷൻ ഗ്രേഡ് റിപ്പോർട്ടർ, രണ്ടാം സ്ഥാനം കെ. ശ്രീലത, റിപ്പോർട്ടർ ഗ്രേഡ് I എന്നിവർക്കും കാറ്റലോഗ് അസിസ്റ്റന്റ് വിഭാഗത്തിൽ ഒന്നാം സ്ഥാനം ഡെന്നി എം.എക്സ്., കാറ്റലോഗ് അസിസ്റ്റന്റ്, രണ്ടാം സ്ഥാനം മേരി ജോസഫ് ഇ, അസിസ്റ്റന്റ് ലൈബ്രേറിയൻ എന്നിവർക്കും സമ്മാനിച്ചു.

ഭരണഭാഷാ സാഹിത്യ പുരസ്ക്കാരം കവിതാ വിഭാഗത്തിൽ വിനോദ്കുമാർ എം.കെ., സെക്ഷൻ ഓഫീസർ ഒന്നാം സ്ഥാനവും, ലിഫ്റ്റ് ഓപ്പറേറ്റർ രാജീവ് സി. രണ്ടാം സ്ഥാനവും അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ, ശ്രീവിദ്യ എസ്. മൂന്നാം സ്ഥാനവും നേടി. കഥ വിഭാഗത്തിൽ യഥാക്രമം എം.കെ. രാജൻ, ഇൻഫർമേഷൻ അസിസ്റ്റന്റ്, ശ്രീവിദ്യ എസ്, അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ എന്നിവർ ഒന്നും രണ്ടും സ്ഥാനത്തെത്തി പുരസ്കാരത്തിന് അർഹരായി. ലേഖന വിഭാഗത്തിലെ പുരസ്കാരം വിക്രമൻ സി., ബയന്റർ ഗ്രേഡ് II ന് സമ്മാനിച്ചു.

ഭരണഭാഷാ സേവന പുരസ്ക്കാരം ലഭിച്ച ക്ലാസ്സ് II, ക്ലാസ്സ് III വിഭാഗം ഉദ്യോഗസ്ഥർക്ക് ഒന്നാം സമ്മാനമായി 2,000/- രൂപയും സത്സേവന രേഖയും ഫലകവും രണ്ടാം സമ്മാനമായി 1,000/- രൂപയും സത്സേവന രേഖയും ഫലകവും സമ്മാനിച്ചു. ഭരണഭാഷാ സാഹിത്യ പുരസ്ക്കാരം കഥ, കവിത, ഉപന്യാസം എന്നിവയ്ക്ക് ഓരോന്നിനും യഥാക്രമം ഒന്നാം സ്ഥാനത്തിന് 2,000/- രൂപയും സത്സേവന രേഖയും ഫലകവും രണ്ടാം സ്ഥാനത്തിന് 1,500/- രൂപയും സത്സേവന രേഖയും ഫലകവും മൂന്നാം സ്ഥാനത്തിന് 1,000/- രൂപയും സത്സേവന രേഖയും ഫലകവും സമ്മാനിച്ചു.

# നിയമസഭാ ഹോസ്റ്റലിൽ പവർ ലോൺട്രി സ്ഥാപിച്ചു



നിയമസഭാ ഹോസ്റ്റലിൽ 15 കിലോഗ്രാം ശേഷിയുള്ള ഇൻഡസ്ട്രിയൽ ടൈപ്പ് പവർ ലോൺട്രി മെഷീൻ സ്ഥാപിച്ചു. ഐ.എഫ്. ബി.റാംസൺസ് കമ്പനിയുടെ പവർ ലോൺട്രി മെഷീൻ നിയമസഭാ ഹോസ്റ്റലിലെ ചന്ദ്രഗിരി ബ്ലോക്കിലാണ് സ്ഥാപിച്ചത്.

പവർ ലോൺട്രിയുടെ ഉദ്ഘാടനവും സ്വിച്ച് ഓൺ കർമ്മവും 2020 ഒക്ടോബർ 7 ന് ഹൗസ് കമ്മിറ്റി ചെയർമാൻ കോവൂർ കുഞ്ഞുമോൻ എം.എൽ.എ. നിർവ്വഹിച്ചു. ചടങ്ങിൽ കെ.സി. ജോസഫ് എം.എൽ.എ., മോൻസ് ജോസഫ് എം.എൽ.എ., നിയമസഭാ സെക്രട്ടറി എസ്. വി.ഉണ്ണികൃഷ്ണൻ നായർ, സ്പീക്കറുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി രാമദാസൻ പോറ്റി എന്നിവർ പങ്കെടുത്തു.

അറിവോരം
കേരള നിയമസഭയുടെ ഔദ്യോഗിക ന്യൂസ് ലെറ്റർ



# ഒരു തെരഞ്ഞെടുപ്പ്; രണ്ടു വിജയികൾ

1960 ഫെബ്രുവരി 1 ന് രണ്ടാം കേരള നിയമസഭയിലേക്ക നടന്ന പൊതു തെരഞ്ഞെടുപ്പിൽ തലശ്ശേരി നിയോജകമണ്ഡലത്തിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ടത് ഐക്യ മുന്നണി സ്ഥാനാർത്ഥിയും കോൺഗ്രസുകാരനുമായ പി.കുഞ്ഞിരാമനായിരുന്നു. കമ്മ്യൂണിസ്റ്റ് പാർട്ടി പിന്തുണച്ച സ്വതന്ത്ര സ്ഥാനാർത്ഥി വി.ആർ. കൃഷ്ണയ്യരായിരുന്നു എതിരാളി. പി.കുഞ്ഞിരാമൻ വിജയിച്ചത് 23 വോട്ടിന്റെ ഭൂരിപക്ഷത്തിൽ. പി.കുഞ്ഞിരാമന് 28,380 വോട്ട് ലഭിച്ചപ്പോൾ വി.ആർ.കൃഷ്ണയ്യർക്ക് ലഭിച്ചത് 28,357 വോട്ടുകൾ. പി.കുഞ്ഞിരാമൻ 1960 മാർച്ച് 12 ന് നിയമസഭാംഗമായി സത്യപ്രതിജ്ഞ ചെയ്തു.

പി.കുഞ്ഞിരാമന്റെ തെരഞ്ഞെടുപ്പിന്റെ സാധുത ചോദ്യം ചെയ്തുകൊണ്ട് 1960 മാർച്ച് 15 ന് വി.ആർ.കൃഷ്ണയ്യർ തലശ്ശേരി ഇലക്ഷൻ ട്രിബ്യൂണലിൽ 9/60 നമ്പർ പെറ്റീഷൻ ഫയൽ ചെയ്തു. നടപടിക്രമത്തിലെ അഴിമതി, വോട്ടെണ്ണലിലെ അപാകത, വോട്ടർ പട്ടികയിൽ ഒരു വോട്ടർക്ക് രണ്ടിടത്ത് പേരു വന്നപ്പോൾ രണ്ടു തവണ പി.കുഞ്ഞിരാമനു വേണ്ടി വോട്ടു ചെയ്തത്, വി.ആർ.കൃഷ്ണയ്യർക്ക് ലഭിച്ച വോട്ടുകൾ 'ടെൻഡേർഡ്' ആക്കി മാറ്റി വച്ചത്, ആൾമാറാട്ടം നടത്തി കള്ളവോട്ട് ചെയ്തത്, പ്രായപൂർത്തിയാകാത്തവരെക്കൊണ്ട് വോട്ടു ചെയ്യിച്ചത് തുടങ്ങിയ ക്രമക്കേടുകൾ തെരഞ്ഞെടുപ്പു പ്രക്രിയയിൽ നടന്നിട്ടുള്ളതിനാൽ പി.കുഞ്ഞിരാമന്റെ തെരഞ്ഞെടുപ്പ് അസാധുവാക്കണമെന്നും തന്നെ വിജയിയായി പ്രഖ്യാപിക്കണമെന്നുമായിരുന്നു വി.ആർ. കൃഷ്ണയ്യരുടെ ആവശ്യം. നിയമസാധുതയുള്ള വോട്ടുകളുടെ ഭൂരിപക്ഷം തനിക്കു ലഭിച്ചിട്ടുണ്ടെന്നും അസംബ്ലി തെരഞ്ഞെടുപ്പിലൂടെ സീറ്റ് ലഭിക്കേണ്ടത് തനിക്കാണെന്നും വി.ആർ.കൃഷ്ണയ്യർ വാദിച്ചു.

എന്നാൽ ഇതിനെതിരെ 1960 ജൂണിൽ പി.കുഞ്ഞിരാമൻ 1957 ലെ ജനപ്രാതിനിധ്യ നിയമത്തിലെ വകുപ്പ് 97(1) പ്രകാരം നോട്ടീസ് നൽകുകയുണ്ടായി. പ്രത്യാരോപണ സ്റ്റേറ്റ്മെന്റ് സഹിതമാണ് നോട്ടീസ് നൽകിയത്. വോട്ടെണ്ണൽ വീണ്ടും നടത്തണമെന്നാവശ്യപ്പെട്ട് 1960 ആഗസ്റ്റ് 11 ന് വി.ആർ.കൃഷ്ണയ്യർ പരാതി നൽകി. ഇതിനെ പി.കുഞ്ഞിരാമൻ എതിർത്തെങ്കിലും ഒക്ടോബർ 18 ന് വീണ്ടും വോട്ടെണ്ണുന്നതിന് ഇലക്ഷൻ ട്രിബ്യൂണൽ ഉത്തരവ് നൽകി. ഇലക്ഷൻ ട്രിബ്യൂണലിന്റെ ഉത്തരവ് റദ്ദാക്കണമെന്ന ആവശ്യവുമായി പി.കുഞ്ഞിരാമൻ ഹൈക്കോടതിയെ സമീപിച്ചെങ്കിലും നവംബർ 14 ന് പുറപ്പെടുവിച്ച വിധിയിലൂടെ ആവശ്യം ഹൈക്കോടതി തള്ളി. ഇതിനെ തുടർന്ന് നവംബർ 28 മുതൽ ഡിസംബർ 2 വരെ ട്രിബ്യൂണൽ ബാലറ്റുകളുടെ സൂക്ഷ്മ പരിശോധന നടത്തുകയും വീണ്ടും വോട്ടെണ്ണൽ നടത്തുകയും ചെയ്തു. ഒക്ടോബർ 18 ലെ ഉത്തരവ് പ്രകാരം റിട്ടേണിംഗ് ഓഫീസർ നിരസിച്ച ബാലറ്റ് പേപ്പറുകൾ ഒഴിവാക്കിക്കൊണ്ടായിരുന്നു സൂക്ഷ്മ പരിശോധന. പരിശോധന നടത്തിയതിൽ 8 ബാലറ്റുകൾ ട്രിബ്യൂണൽ തള്ളി. ബാക്കിയുള്ള ബാലറ്റുകൾ വീണ്ടും എണ്ണിയപ്പോൾ പി.കുഞ്ഞിരാമന് 28,369 വോട്ടുകളും വി.ആർ.കൃഷ്ണയ്യർക്ക് 28,360 വോട്ടുകളും ലഭിച്ചു. അപ്രകാരം പി.കുഞ്ഞിരാമന്റെ ഭൂരിപക്ഷം 23 ൽ നിന്ന് 9 ആയി കുറഞ്ഞു.

തെരഞ്ഞെടുപ്പ് പ്രക്രിയയിലെ അഴിമതി സംബന്ധിച്ച ഇരുകക്ഷികളുടെയും ആരോപണങ്ങൾ ട്രിബ്യൂണൽ തള്ളിക്കളഞ്ഞു.


വി.ആർ.കൃഷ്ണയ്യർ


പി.കുഞ്ഞിരാമൻ

ഇരട്ട വോട്ടുകളെ സംബന്ധിച്ച പരിശോധനയിൽ വോട്ടർ പട്ടികയിൽ തെറ്റായി രണ്ടു സ്ഥലത്ത് പേരു വന്നത് മുതലെടുത്ത് ഒരേ വോട്ടർ രണ്ടിടത്ത് വോട്ട് ചെയ്ത നാലു കേസുകൾ കണ്ടെത്തി. ഇവ പി.കുഞ്ഞിരാമന് അനുകൂലമായുള്ള വോട്ടുകളായിരുന്നു. അത്തരം വോട്ടുകൾ വി.ആർ.കൃഷ്ണയ്യർക്ക് അനുകൂലമായി ചെയ്തതായി ട്രൈബ്യൂണലിന് കണ്ടെത്താനായില്ല. ഇരട്ട വോട്ടുകളുടെ കാര്യത്തിൽ പി.കുഞ്ഞിരാമന് അനുകൂലമായ നാല് വോട്ടുകളും കോടതി തള്ളിക്കളഞ്ഞു. വി.ആർ.കൃഷ്ണയ്യർക്ക് അനുകൂലമായ ഒരു ടെൻഡേർഡ് വോട്ട് കോടതി അനുവദിച്ചു. ആ വോട്ട് പി.കുഞ്ഞിരാമന് ലഭിച്ച വ്യാജവോട്ടായി കണക്കാക്കി ഒരു വോട്ട് അദ്ദേഹത്തിന്റെ ആകെ വോട്ടുകളിൽ നിന്ന് കുറവു ചെയ്തു. മറ്റൊരു ടെൻഡേർഡ് വോട്ട് പി.കുഞ്ഞിരാമന് അനുകൂലമായി നൽകിയെങ്കിലും അതേ വോട്ടു തന്നെ വ്യാജവോട്ടായി അദ്ദേഹത്തിന് ലഭിച്ചതായി കണ്ടെത്തി കുറവു ചെയ്തു. ഒന്നു നൽകി ഒന്നു കുറവു ചെയ്തപ്പോൾ ആകെ വോട്ടിൽ വ്യത്യാസമുണ്ടായില്ല. പ്രായപൂർത്തിയാകാത്തവരുടെ വോട്ട് സംബന്ധിച്ച പരിശോധനയിൽ പി.കുഞ്ഞിരാമന് അത്തരത്തിലുള്ള 17 വോട്ടുകൾ ലഭിച്ചതായി കണ്ടെത്തി. ആ 17 വോട്ടുകളും കുറവു ചെയ്തു. പ്രായപൂർത്തിയാകാത്തവർ ചെയ്ത 4 വോട്ടുകൾ വി.ആർ.കൃഷ്ണയ്യരുടെ ആകെ വോട്ടിൽ നിന്ന് ട്രിബ്യൂണൽ കുറവു വരുത്തി. അന്തിമഘട്ടത്തിൽ വി.ആർ.കൃഷ്ണയ്യരുടെ വോട്ടുനില 28,357 ഉം പി.കുഞ്ഞിരാമന്റേത് 28,347 ഉം ആയി. വി.ആർ. കൃഷ്ണയ്യർക്ക് 10 വോട്ടിന്റെ ഭൂരിപക്ഷമുണ്ടെന്ന് ട്രിബ്യൂണൽ കണ്ടെത്തി. 1961 സെപ്റ്റംബർ 7 ന് വി.ആർ.കൃഷ്ണയ്യർ തെരഞ്ഞെടുക്കപ്പെട്ടതായി പ്രഖ്യാപിക്കപ്പെട്ടു. ഒന്നര വർഷത്തെ പോരാട്ടത്തിനു ശേഷം വി.ആർ.കൃഷ്ണയ്യർ 1961 നവംബർ 13 ന് സഭാംഗമായി സത്യപ്രതിജ്ഞ ചെയ്തു.

ട്രിബ്യൂണലിന്റെ വിധിക്കെതിരെ പി.കുഞ്ഞിരാമൻ സമർപ്പിച്ച പരാതി ഹൈക്കോടതി 1961 ഡിസംബർ 7 ന് തള്ളുകയുണ്ടായി. പ്രായപൂർത്തിയാകാത്തവരുടെ വോട്ടിന്റെ കാര്യത്തിൽ ഒരു ഫുൾ ബെഞ്ചിന്റെ അഭിപ്രായം കൂടി തേടിയശേഷമാണ് ഈ കേസിൽ ജസ്റ്റിസുമാരായ പി.ടി.രാമൻ നായരും എസ്.വേലുപ്പിള്ളയുമടങ്ങിയ ബെഞ്ച് വിധി പറഞ്ഞത്. വോട്ടർ പട്ടികയിൽ പേരുള്ള ഒരാളുടെ കാര്യത്തിൽ അയാൾ പ്രായപൂർത്തിയായിട്ടില്ലാത്തതിനാൽ വോട്ടിന് അർഹനാണോ എന്ന് പരിശോധിക്കാൻ ഇലക്ഷൻ ട്രിബ്യൂണലിന് അധികാരമുണ്ടോ എന്ന വിഷയമാണ് ഫുൾബെഞ്ചിന്റെ പരിഗണനയ്ക്ക് വിട്ടത്. ഇക്കാര്യം ട്രിബ്യൂണലിന് പരിശോധിക്കാമെന്നും പ്രായപൂർത്തിയായിട്ടില്ലെന്ന് ബോധ്യമാകുന്ന വോട്ടറുടെ കാര്യത്തിൽ അയാളുടെ വോട്ട് സാധുവായ വോട്ടുകളിൽ നിന്നും ഒഴിവാക്കാവുന്നതാണെന്നുമായിരുന്നു ഫുൾ ബെഞ്ചിന്റെ തീരുമാനം. ബാലറ്റ് പേപ്പറുകൾ എണ്ണാനുള്ള അവകാശം റിട്ടേണിംഗ് ആഫീസർക്ക് മാത്രമാണെന്നും ഇലക്ഷൻ ട്രിബ്യൂണലിന് ഇതിന് അധികാരമില്ലെന്നുമുള്ള പി.കുഞ്ഞിരാമന്റെ വാദം കോടതി അംഗീകരിച്ചില്ല. ഭൂരിപക്ഷം വോട്ടുകൾ തനിക്കാണ് ലഭിച്ചതെന്നും തന്നെ വിജയിയായി പ്രഖ്യാപിക്കണമെന്നുമുള്ള പരാതി ട്രിബ്യൂണലിന് ലഭിച്ചാൽ അത് പരിശോധിക്കാൻ വോട്ടുകൾ വീണ്ടും എണ്ണുകയല്ലാതെ മറ്റു മാർഗ്ഗങ്ങളില്ലെന്ന് കോടതി വ്യക്തമാക്കി. ട്രിബ്യൂണലിന് വോട്ടുകൾ എണ്ണാൻ നിയമത്തിൽ വിലക്കുകളില്ലെന്നും കോടതി നിരീക്ഷിച്ചു. വോട്ടുകൾ വീണ്ടും എണ്ണണമെന്ന ആവശ്യം കൃഷ്ണയ്യരുടെ പരാതിയിൽ ഇല്ലെന്ന വാദവും കോടതി അംഗീകരിച്ചില്ല. സാധുവായ വോട്ടുകളുടെ ഭൂരിപക്ഷം തീരുമാനിക്കാനുള്ള ഏക മാർഗ്ഗമാണ് വോട്ടുകൾ എണ്ണുകയെന്നത്. വോട്ടുകൾ വീണ്ടും എണ്ണണമെന്ന കൃഷ്ണയ്യരുടെ പരാതി റിട്ടേണിംഗ് ഓഫീസർ നിരസിച്ചിരുന്നു. വോട്ടുകൾ വീണ്ടും എണ്ണുന്നതിനുള്ള കാരണങ്ങൾ ട്രിബ്യൂണലിന്റെ വിധിയിൽ വ്യക്തമായി പറഞ്ഞിട്ടുണ്ടെന്നും കോടതി ചൂണ്ടിക്കാട്ടി.

തയ്യാറാക്കിയത്
**ഷീല ടൈറ്റസ്**
അണ്ടർ സെക്രട്ടറി

## എം.എൽ.എ.മാരെക്കുറിച്ചുള്ള ഗ്രന്ഥത്തിൽ ഇനി പി.കുഞ്ഞിരാമനും

രണ്ടാം കേരള നിയമസഭയിലേക്ക് തലശ്ശേരിയിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട പി.കുഞ്ഞിരാമൻ, ഇലക്ഷൻ ട്രിബ്യൂണലിന്റെ വിധിയെ തുടർന്ന് എം.എൽ.എ. അല്ലാതാകുകയും പകരം വി.ആർ.കൃഷ്ണയ്യർ തലശ്ശേരിയെ പ്രതിനിധീകരിച്ച് നിയമസഭയിലെത്തുകയും ചെയ്ത സാഹചര്യമുണ്ടായി. തെരഞ്ഞെടുപ്പ് നിയമപരമായി റദ്ദാക്കിയതിനാൽ പി.കുഞ്ഞിരാമനെ മുൻ നിയമസഭാംഗമായി കണക്കാക്കാൻ കഴിയില്ലെന്ന നിലപാടിൽ നിയമസഭാ പ്രസിദ്ധീകരണമായ 'ലെജിസ്ലേറ്റേഴ്സ് ഓഫ് കേരള' എന്ന ഗ്രന്ഥത്തിൽ അദ്ദേഹത്തിന്റെ പേര് ഉൾപ്പെടുത്തിയിരുന്നില്ല. തെരഞ്ഞെടുപ്പ് കഴിഞ്ഞ് ട്രിബ്യൂണൽ വിധി പുറപ്പെടുവിക്കുന്നതുവരെയുള്ള ഒന്നരവർഷം അദ്ദേഹം സാമാജികനായി സഭയിലുണ്ടായിരുന്നു. ചർച്ചകളിൽ പങ്കെടുത്ത് സംസാരിക്കുകയും ചോദ്യങ്ങൾ ഉന്നയിക്കുകയും ചെയ്തു. സഭാ രേഖകളിലും ഈ വിവരങ്ങൾ ഉൾപ്പെട്ടതിയത് ചരിത്രത്തിന്റെ ഭാഗമായതാണ്. ഈ സാഹചര്യത്തിൽ പി.കുഞ്ഞിരാമനെക്കുറിച്ചുള്ള വിവരങ്ങൾ നിയമസഭാ സെക്രട്ടേറിയറ്റിന്റെ പുസ്തകത്തിൽ പരാമർശിക്കുന്നതിന്റെ പ്രസക്തി വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ അവ പ്രത്യേകമായി ഉൾപ്പെടുത്തുന്നതിന് സ്പീക്കർ പി.ശ്രീരാമകൃഷ്ണൻ ഉത്തരവിട്ടു.

മദ്രാസ് പ്രവിശ്യയിൽ നിന്ന് 1946-52 കാലത്ത് ഭരണഘടനാ നിയമനിർമ്മാണസഭയിലും ഇടക്കാല പാർലമെന്റിലും പി.കുഞ്ഞിരാമൻ അംഗമായിരുന്നു. ഒന്നരവർഷത്തിലധികം സഭാ സാമാജികനായിരുന്ന പി.കുഞ്ഞിരാമൻ രാജ്യസഭാ തെരഞ്ഞെടുപ്പിലും പങ്കെടുത്തിട്ടുണ്ട്.

ഒന്നാം കേരള നിയമസഭ മുതലുള്ള എല്ലാ നിയമസഭാ സാമാജികരുടെയും വിവരങ്ങൾ ഉൾപ്പെടുത്തി പ്രസിദ്ധീകരിച്ചിരുന്ന ഗ്രന്ഥമാണ് 'ലെജിസ്ലേറ്റേഴ്സ് ഓഫ് കേരള'. ഇംഗ്ലീഷിലുള്ള രണ്ടു പതിപ്പുകൾ ഇതിനകം പ്രസിദ്ധീകരിച്ചു കഴിഞ്ഞു. അടുത്ത് പ്രസിദ്ധീകരിക്കുവാൻ തയ്യാറാക്കുന്ന മലയാളം പതിപ്പിലാണ് പി.കുഞ്ഞിരാമന്റെ പേര് ഉൾപ്പെടുത്തുന്നത്.

പി.കുഞ്ഞിരാമന്റെ മകൾ പ്രഭാ ചന്ദ്രൻ, മലയാള മനോരമ എഡിറ്റോറിയൽ സീനിയർ റിസർച്ചർ വർഗ്ഗീസ് ജോൺ എന്നിവരാണ് പി.കുഞ്ഞിരാമന്റെ പേര് നിയമസഭാ ചരിത്രത്തിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം സ്പീക്കറുടെ ശ്രദ്ധയിൽപ്പെടുത്തിയത്.

ഇതരസഭാ വാർത്തകൾ

# കോവിഡിനോട് പൊരുതി അതീവ ജാഗ്രതയോടെ സഭാ സമ്മേളനങ്ങൾ

### മധ്യപ്രദേശ്

മധ്യപ്രദേശ് അസംബ്ലിയുടെ 90 മിനിറ്റ് മാത്രം ദൈർഘ്യമുണ്ടായിരുന്ന മൺസൂൺ സമ്മേളനം സെപ്റ്റംബർ 21 ന് കോവിഡ് പ്രോട്ടോകോൾ പാലിച്ച് ചേർന്നു. സമ്മേളനത്തിൽ ധനവിനിയോഗ ബിൽ ഉൾപ്പെടെ 7 ബില്ലുകൾ സഭ പാസാക്കി. 62 എം.എൽ.എ. മാർ നേരിട്ടും 23 പേർ വീഡിയോ കോൺഫറൻസ് മുഖേനയുമാണ് സമ്മേളനത്തിൽ പങ്കെടുത്തത്. ചർച്ച കൂടാതെയാണ് ബില്ലുകൾ പാസായത്. ഇതു സംബന്ധിച്ച് പ്രതിപക്ഷം സഭയിൽ പ്രതിഷേധിക്കുകയുണ്ടായി.

### മഹാരാഷ്ട്ര

മഹാരാഷ്ട്ര നിയമസഭയുടെ മൺസൂൺ സമ്മേളനം സെപ്റ്റംബർ 7 ന് കോവിഡ് നിയന്ത്രണങ്ങൾ പാലിച്ച് ആരംഭിച്ചു. രണ്ടു ദിവസത്തെ സമ്മേളനത്തിൽ എല്ലാ എം.എൽ.എ. മാർക്കും ഫേസ് ഷീൽഡ്, മാസ്ക്, കയ്യുറ, സാനിറ്റൈസർ എന്നിവ ഉൾപ്പെട്ട



കോവിഡ്19 കിറ്റ് നൽകി. ശാരീരിക അകലം പാലിക്കുന്നതിനായി ഇരിപ്പിട സംവിധാനം ക്രമീകരിച്ചു.

കോവിഡ്-19 നെഗറ്റീവ് സർട്ടിഫിക്കറ്റുമായി വരുന്നവരെ മാത്രമേ വിധാൻസഭ സമുച്ചയത്തിനകത്ത് പ്രവേശിപ്പിച്ചുള്ളൂ. പ്രവേശന കവാടത്തിൽ അംഗങ്ങളുടെ ബാഗുകൾ യു.വി. സ്കാനർ ഉപയോഗിച്ച് പരിശോധിച്ചു.

സമ്മേളനത്തിൽ ആകെ 288 അംഗങ്ങളിൽ 190 പേർ ഹാജരായി. സമ്മേളനം ആരംഭിക്കുന്നതിന് രണ്ടു ദിവസം മുൻപ് സ്പീക്കർക്ക് കോവിഡ് ബാധിച്ചിരുന്നതിനാൽ ഡെപ്യൂട്ടി സ്പീക്കറാണ് സഭ നിയന്ത്രിച്ചത്. സാമൂഹിക അകലം പാലിക്കുന്നതിന്റെ ഭാഗമായി അറുപത് സാമാജികർക്ക് ഒന്നാം നിലയിലെ സന്ദർശക ഗാലറിയിൽ ഇരിപ്പിടം ഒരുക്കി. സമ്മേളനത്തിൽ 12 ബില്ലുകൾ പാസാക്കി. 29,000 കോടി രൂപയുടെ ഉപധനാഭ്യർത്ഥനയും സഭ പാസാക്കി.

### മണിപ്പൂർ

മണിപ്പൂർ അസംബ്ലി ആഗസ്റ്റ് 10 ന് സമ്മേളിച്ചു. അന്തരിച്ച മുൻ ഗവർണർ വേദ് പ്രകാശ് മാർവ്വയ്ക്കും രണ്ടു എം.എൽ.എ.മാർക്കും സഭ ചരമോപചാരം അർപ്പിച്ചു. ഒരു ദിവസത്തെ സമ്മേളനത്തിൽ ബി.ജെ.പി. നേതൃത്വ മന്ത്രിസഭയുടെ വിശ്വാസപ്രമേയം മുഖ്യമന്ത്രി അവതരിപ്പിച്ചു. പ്രമേയം ശബ്ദവോട്ടോടെ പാസാക്കി. അസംബ്ലി നടപടികളുടെ തത്സമയ സംപ്രേഷണം നിരോധിച്ചതിൽ കോൺഗ്രസ് എം.എൽ.എ. മാർ പ്രതിഷേധിച്ചു.

### മിസോറാം

മിസോറാമിൽ മൂന്നു ദിവസത്തെ സമ്മേളനം സെപ്റ്റംബർ 1 ന് ആരംഭിച്ചു. അന്തരിച്ച മുൻ രാഷ്ട്രപതി പ്രണബ് മുഖർജിക്ക് സഭ ചരമോപചാരം അർപ്പിച്ചു. 2020 ലെ മിസോറാം (കണ്ടെയ്ൻമെന്റ് ആന്റ് പ്രിവൻഷൻ ഓഫ് കോവിഡ് 19) ബിൽ ഉൾപ്പെടെ എട്ട് ബില്ലുകൾ സഭയിൽ അവതരിപ്പിച്ചു.

### നാഗാലാൻഡ്

നാഗാലാൻഡ് അസംബ്ലിയുടെ ആറാം സമ്മേളനം ആഗസ്റ്റ് 13 ന് കൊഹിമയിലുള്ള അസംബ്ലി ഹാളിൽ ചേർന്നു. ഒരു ദിവസത്തെ സമ്മേളനത്തിൽ ഭരണകക്ഷിയിൽപ്പെട്ട 22 അംഗങ്ങളാണ് ഹാജരായത്. പ്രതിപക്ഷം സഭ ബഹിഷ്കരിച്ചു. അന്തരിച്ച എം.എൽ.എ.മാർക്ക് സഭ ചരമോപചാരം അർപ്പിച്ചു. പ്രതിപക്ഷത്തിന്റെ അഭാവത്തിൽ അവർ ഉന്നയിക്കേണ്ടിയിരുന്ന 12 ചോദ്യങ്ങളുടെ മറുപടി സഭയുടെ മേശപ്പുറത്തു വച്ചു. മുഖ്യമന്ത്രി അവതരിപ്പിച്ച 2020 ലെ നാഗാലാൻഡ് ജി.എസ്.ടി. (ഭേദഗതി) ബിൽ സഭ ശബ്ദവോട്ടോടെ പാസാക്കി. ജൂലൈ 30 ന് ചേരുവാൻ നിശ്ചയിച്ചിരുന്ന സമ്മേളനമാണ് ആഗസ്റ്റ് 13 ലേക്ക് മാറ്റിയത്.

### ഒഡിഷ

പതിനാറാമത് ഒഡിഷ ലെജിസ്ലേറ്റീവ് അസംബ്ലിയുടെ നാലാം സമ്മേളനം സെപ്റ്റംബർ 29 ന് ആരംഭിച്ചു. ഭുവനേശ്വർ മുനിസിപ്പൽ കോർപ്പറേഷന്റെ സഹകരണത്തോടെ കോവിഡ് പരിശോധനയ്ക്കാവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ സമ്മേളനം ആരംഭിക്കുന്നതിന് മൂന്നു ദിവസം മുമ്പു തന്നെ തയ്യാറാക്കി. മുഖ്യമന്ത്രി വീഡിയോ കോൺഫറൻസിലൂടെ പങ്കെടുത്തു. പല മന്ത്രിമാരും സെക്രട്ടേറിയറ്റിലെ കോൺഫറൻസ് ഹാളിൽ നിന്നും ജില്ലാ ആസ്ഥാനങ്ങളിൽ നിന്നുമാണ് സമ്മേളനത്തിൽ പങ്കെടുത്തത്. ഓർഡിനൻസിനു പകരമുള്ള 12 ബില്ലുകൾ സഭ ചർച്ച ചെയ്തു.

### പഞ്ചാബ്

കോവിഡ് നിയന്ത്രണങ്ങൾക്കിടയിലും പഞ്ചാബ് വിധാൻസഭയുടെ പന്ത്രണ്ടാമത് സമ്മേളനം ആഗസ്റ്റ് 28 ന് ചേർന്നു. പകർച്ചവ്യാധിയുടെ ജാഗ്രതയിൽ ഒരു ദിവസത്തെ സമ്മേളനമാണ് ചേർന്നത്.

2020 ലെ പഞ്ചാബ് ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജിസ്ട്രേഷനും റെഗുലേഷനും) ബിൽ, ഗുരു തേജ് ബഹാദൂർ ലാ യൂണിവേഴ്സിറ്റി സ്ഥാപന ബിൽ എന്നിവ ഉൾപ്പെടെ ഏഴു ബില്ലുകൾ 30 മിനിറ്റുകൊണ്ട് സഭ പാസ്സാക്കി.

### രാജസ്ഥാൻ

പതിനഞ്ചാം രാജസ്ഥാൻ ലെജിസ്ലേറ്റീവ് അസംബ്ലിയുടെ അഞ്ചാം സമ്മേളനം ആഗസ്റ്റ് 14 മുതൽ 24 വരെ ചേർന്നു. കോവിഡ്19 സുരക്ഷാ മാനദണ്ഡങ്ങൾ കർശനമായി പാലിക്കുന്നതിന് നോഡൽ ഓഫീസറെ നിയോഗിച്ചിരുന്നു.

200 അംഗങ്ങളുള്ള നിയമനിർമ്മാണസഭയിൽ സാമൂഹികാകലം പാലിക്കുന്നതിന് 315 പേർക്കിരിക്കാവുന്ന വിധത്തിൽ അധിക ഇരിപ്പിടങ്ങൾ ക്രമീകരിച്ചിരുന്നു. 13 ബില്ലുകൾ സഭ പാസ്സാക്കി.

### സിക്കിം

സിക്കിം നിയമസഭയുടെ ഒരു ദിവസത്തെ സമ്മേളനം സെപ്റ്റംബർ 21 ന് ചേർന്നു. സമ്മേളനത്തിൽ ഒമ്പത് ബില്ലുകൾ സഭ പാസാക്കി. അതിൽ, സംസ്ഥാനത്തിന്റെ വടക്കു കിഴക്കൻ പ്രദേശത്ത് ബുദ്ധമതക്കാർക്കായി ഒരു യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതു സംബന്ധിക്കുന്ന ബിൽ ഉൾപ്പെടുന്നു. ഉപധനാഭ്യർത്ഥന സഭ പാസാക്കി. കോവിഡ് കാലത്തെ സുരക്ഷാ ക്രമീകരണത്തിന്റെ ഭാഗമായി മാധ്യമപ്രവർത്തകർക്ക് പ്രവേശനാനുമതി നൽകിയിരുന്നില്ല. അന്തരിച്ച ആദ്യ വനിതാസാമാജിക ഉൾപ്പെടെയുള്ളവർക്ക് സഭ ചരമോപചാരം അർപ്പിച്ചു.

### തമിഴ്നാട്

തമിഴ്നാട് അസംബ്ലിയിൽ സമീപകാല ദശകങ്ങളിൽ ആദ്യമായി ചരിത്ര പ്രസിദ്ധമായ ഫോർട്ട് സെന്റ് ജോർജ് കാമ്പസിലെ



അസംബ്ലിഹാളിൽ നിന്നു മാറി വല്ലാജശാലയിലെ കലൈവനാർ അരംഗം ഹോട്ടലിൽ സഭ സമ്മേളിച്ചു. സെപ്റ്റംബർ 14 ന് ആരംഭിച്ച മൂന്നു ദിവസത്തെ സമ്മേളനത്തിൽ കോവിഡ് മാനദണ്ഡങ്ങൾ നിർബന്ധമാക്കിയിരുന്നു.

സർക്കാർ സ്കൂളുകളിൽ പഠിച്ച വിദ്യാർത്ഥികൾക്ക് മെഡിക്കൽ പഠനത്തിന് 7.5% പ്രത്യേക സംവരണം ഏർപ്പെടുത്തിക്കൊണ്ടുള്ള ബിൽ തമിഴ്നാട് നിയമസഭ ഐകകണ്ഠ്യേന പാസാക്കി. നീറ്റ് നടപ്പിലാക്കിയതിനെത്തുടർന്ന് സർക്കാർ സ്കൂളുകളിൽ നിന്നുള്ളവരും ഗ്രാമീണ മേഖലയിൽ നിന്നുള്ളവരുമായ വിദ്യാർത്ഥികൾ പിന്നാക്കം പോയി എന്ന വിലയിരുത്തലിനെത്തുടർന്നാണ് സംവരണം ഏർപ്പെടുത്തിയത്.

### തെലങ്കാന

തെലങ്കാന നിയമസഭയുടെ വർഷകാല സമ്മേളനം കോവിഡ് മുൻകരുതലുകളുമായി സെപ്റ്റംബർ 7 ന് ആരംഭിച്ചു. സെപ്റ്റംബർ 28 വരെയാണ് യോഗം ചേരുവാൻ നിശ്ചയിച്ചിരുന്നതെങ്കിലും കോവിഡ് ജാഗ്രതയിൽ ദിവസങ്ങൾ കുറവുചെയ്ത് 16-ാം തീയതി അവസാനിപ്പിക്കുകയായിരുന്നു. 12 ബില്ലുകൾ സഭയിൽ അവതരിപ്പിച്ച് പാസ്സാക്കി.

### ത്രിപുര

സെപ്റ്റംബർ 21 ന് ത്രിപുര അസംബ്ലി ഒരു ദിവസത്തെ സമ്മേളനം ചേർന്നു. ചരമോപചാരം, റിപ്പോർട്ട് സമർപ്പണം തുടങ്ങിയ കാര്യപരിപാടികൾ നടത്തി. ചോദ്യോത്തരവേള, ചർച്ചയ്ക്കുള്ള സമയം എന്നിവ ഒഴിവാക്കിയതിൽ പ്രതിപക്ഷം പ്രതിഷേധിക്കുകയും സഭയിൽ നിന്ന് ഇറങ്ങിപ്പോകുകയും ചെയ്തു.

### ഉത്തർപ്രദേശ്

ഉത്തർപ്രദേശ് നിയമസഭയുടെ മൂന്നു ദിവസം നീണ്ടുനിന്ന സമ്മേളനം ആഗസ്റ്റ് 20 ന് ആരംഭിച്ചു. കോവിഡ് മാനദണ്ഡങ്ങൾക്കനുസൃതമായി ലോബിയിലും സന്ദർശക ഗാലറിയിലും ഉൾപ്പെടെ പ്രത്യേക ഇരിപ്പിട സംവിധാനം ഒരുക്കിയിരുന്നു.

അന്തരിച്ച മുൻ സഭാംഗങ്ങൾക്ക് സഭ ചരമോപചാരം അർപ്പിച്ചയുടനെ, കോവിഡ് വ്യാപന നിയന്ത്രണങ്ങൾക്ക് സംസ്ഥാനം കൈക്കൊണ്ട നടപടികളിലെ അപാകതകൾ ചൂണ്ടിക്കാട്ടി പ്രതിപക്ഷം നടുത്തളത്തിലിറങ്ങി. പ്രതിപക്ഷ ബഹളത്തിനിടയിൽ ഉത്തർപ്രദേശ് റിക്കവറി ഓഫ് ഡാമേജസ് റ്റു പബ്ലിക് ആൻഡ് പ്രൈവറ്റ് പ്രോപ്പർട്ടീസ് ബിൽ ഉൾപ്പെടെയുള്ള ബില്ലുകൾ ചർച്ച കൂടാതെ സഭ പാസ്സാക്കി.

### ഉത്തരാഖണ്ഡ്


ഉത്തരാഖണ്ഡിൽ 14 ൽ കൂടുതൽ എം.എൽ.എ.മാർക്ക് കോവിഡ് സ്ഥിരീകരിച്ചിരുന്ന സാഹചര്യത്തിൽ 65 വയസ് കഴിഞ്ഞ എം.എൽ.എ. മാർ സഭയിൽ നേരിട്ടു ഹാജരാകേണ്ട എന്ന് സ്പീക്കർ അറിയിച്ചു. സെപ്റ്റംബർ 23 ന് ചേർന്ന ഏകദിന സമ്മേളനത്തോടനുബന്ധിച്ചായിരുന്നു സ്പീക്കറുടെ അറിയിപ്പ്. സമ്മേളനത്തിന് 2 ദിവസം മുമ്പ് സാമാജികർ പരിശോധനയ്ക്ക് വിധേയമാകണമെന്നും അദ്ദേഹം അറിയിച്ചിരുന്നു. പ്രധാനകവാടത്തിൽ തയ്യാറാക്കിയിരുന്ന റാപ്പിഡ് ആന്റിജൻ പരിശോധനയിലൂടെ സുരക്ഷിതത്വം ഉറപ്പാക്കാനും ക്രമീകരണം ചെയ്തിരുന്നു.

സമ്മേളനത്തിൽ പത്തൊമ്പത് ബില്ലുകൾ പാസാക്കി. എം.എൽ.എ.മാരുടെ ശമ്പളവും ആനുകൂല്യങ്ങളും കുറവു ചെയ്യുന്ന ബില്ലും അവയിൽ ഉൾപ്പെടുന്നു. വിധാൻസഭ ബിൽ പാസാക്കിയതിലൂടെ ശമ്പളവും ആനുകൂല്യങ്ങളും 30 ശതമാനം കുറവു വരുത്തി.

### പശ്ചിമ ബംഗാൾ

പശ്ചിമബംഗാളിൽ നിയമസഭാ സമ്മേളനം സെപ്റ്റംബർ 9 ന് ചേർന്നു. രണ്ടു ദിവസത്തെ സമ്മേളനമായിരുന്നു നിശ്ചയിച്ചിരുന്നതെങ്കിലും പിന്നീട് ഒരു ദിവസമായി കുറയ്ക്കുകയായിരുന്നു. കോവിഡ് മാനദണ്ഡങ്ങൾ വളരെ കരുതലോടെ പാലിക്കപ്പെട്ടു. സമ്മേളനത്തിൽ ചോദ്യോത്തരവേള ഒഴിവാക്കിയിരുന്നു.

# പഞ്ചായത്തി രാജ് കേരളത്തിൽ



*My idea of Gram Swaraj is that it is a complete republic, independent of its neighbours for its own vital wants and yet interdependent for many others in which dependence is necessary.*


*Mahatma Gandhi*

ഗാന്ധിജിയുടെ ഗ്രാമസ്വരാജ് എന്ന ആശയത്തിലൂന്നി സ്വയം പര്യാപ്ത ഗ്രാമങ്ങളും സ്വയംഭരണ അവകാശത്തിലൂടെ കൈവരുന്ന സാമൂഹിക പരിഷ്കരണവുമാണ് ആധുനിക പഞ്ചായത്തി രാജ് സങ്കൽപത്തിനാധാരം. ഇത് വെറുമൊരു ഭരണക്രമം മാത്രമായിരുന്നില്ല. മറിച്ച് ഗ്രാമങ്ങളിലൂടെ രാജ്യത്താകമാനം കൈവരേണ്ട ഒരു ക്ഷേമരാഷ്ട്ര സംവിധാനമാണ്. ഇന്ത്യയുടെ ഗ്രാമസ്വരാജിന്റെ ചരിത്രം ആർഷഭാരത സംസ്കാരവുമായി ഇഴുകിച്ചേർന്നതാണ്. രാജാക്കന്മാർപോലും മാനിച്ചു പോരുന്നതാണ് ഗ്രാമതലത്തിലെ തീരുമാനങ്ങൾ. പിൽക്കാലത്ത് കോളനിവാഴ്ചയുടെ ഹസ്തങ്ങളിൽ ഞെരിഞ്ഞില്ലാതായ പഞ്ചായത്ത് ഭരണം പുനരുജ്ജീവിപ്പിക്കേണ്ടതിന്റെ ആവശ്യകത മുന്നോട്ട് വച്ചത് മഹാത്മാഗാന്ധിയാണ്. ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളിലാണ് വസിക്കുന്നത് എന്ന ഗാന്ധി വാക്യം, അദ്ദേഹം ഗ്രാമസ്വരാജിന് നൽകിയ പ്രാധാന്യത്തിന്റെ തെളിവാണ്. 1916 ൽ മദ്രാസിൽ നടന്ന മിഷണറിമാരുടെ സമ്മേളനത്തിലാണ് ഗ്രാമസ്വരാജ് എന്ന ആശയം ഗാന്ധിജി ആദ്യമായി അവതരിപ്പിച്ചത്.

ബ്രിട്ടീഷ് വാഴ്ചയുടെ കാലത്ത് ഭാരതം പ്രവിശ്യകളായി വിഭജിക്കപ്പെടുകയും പ്രവിശ്യകളിൽ കേന്ദ്രീകൃതമായ ഭരണവ്യവസ്ഥ വേരുറപ്പിക്കുകയും ചെയ്തിരുന്നു. ഇത് ഗാന്ധിജിയുടെ വികേന്ദ്രീകൃത ഭരണ സങ്കൽപത്തിന് എതിരായിരുന്നു. ഇത്തരം ഭരണം ജനഹിതം പ്രതിഫലിപ്പിക്കുകയില്ല എന്ന കാര്യത്തിൽ അദ്ദേഹത്തിന് സംശയമില്ലായിരുന്നു. ഗാന്ധിജി വിഭാവനം ചെയ്ത ഗ്രാമസ്വരാജ് നടപ്പിലാക്കുന്നതിനായി പഞ്ചായത്തുകൾക്ക് ഭരണഘടനയുടെ പിൻബലം നൽകുകയാണ് പിന്നീട് ചെയ്തത്. ഭരണഘടനയുടെ നാലാം ഭാഗത്ത് നിർദ്ദേശകതത്വങ്ങളിൽ അനുച്ഛേദം 40 ൽ പഞ്ചായത്തുകളുടെ രൂപവൽക്കരണം ഉൾപ്പെടുത്തി. ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കുന്നതിനാവശ്യമായ നടപടികൾ സംസ്ഥാനങ്ങൾ എടുക്കേണ്ടതാണെന്നും സ്വയം ഭരണകൂടമായി പ്രവർത്തിക്കാൻ ആവശ്യമായ അധികാരശക്തിയും പ്രവർത്തനാധികാരങ്ങളും അവയ്ക്ക് നൽകേണ്ടതാണെന്നും ഭരണഘടന വ്യവസ്ഥ ചെയ്തു. ഭരണഘടനയുടെ ഏഴാമത് പട്ടികയിൽ സംസ്ഥാനങ്ങൾക്ക് നിയമനിർമ്മാണം നടത്താവുന്ന വിഷയങ്ങളിൽ ഇത് ഉൾപ്പെടുത്തുകയും ചെയ്തു. ഇതിനെത്തുടർന്ന് 1954 മാർച്ച് മാസത്തോടെ പല സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും പഞ്ചായത്തുകൾ രൂപം കൊണ്ടു. ആസൂത്രണ വിജയത്തിൽ ജനങ്ങളുടെ പങ്ക് ഉറപ്പിക്കാനായി ഇതിനെക്കുറിച്ച് പഠിച്ച് നിർദ്ദേശങ്ങൾ നൽകാനായി 1957 ജനുവരിയിൽ ബൽവന്ത് റായ് മേത്ത കമ്മീഷനെ കേന്ദ്രസർക്കാർ നിയമിച്ചു. ഇന്ത്യൻ അധികാര വികേന്ദ്രീകരണത്തിന്റെ മാർഗരേഖയായി ഈ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് മാറി.

## ബൽവന്ത്റായ് മേത്ത കമ്മിറ്റി

**1957 ജനുവരിയിൽ സാമൂഹ്യ വികസന പ്രോജക്ടുകളുടെയും ദേശീയ വ്യാപന സർവ്വീസുകളുടെയും പ്രവർത്തനങ്ങൾ സംബന്ധിച്ചും ജില്ലാ ഭരണത്തിന്റെ പുനഃസംഘടനയെക്കുറിച്ചും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ബൽവന്ത് റായ് മേത്ത അദ്ധ്യക്ഷനായും, ശങ്കർദയാൽ ശർമ്മ, ആർ.കെ. ത്രിവേദി, ജി.രാമചന്ദ്രൻ, ബി.ജി.റോയ്, സി.വി.സിംഗ് എന്നിവർ അംഗങ്ങളുമായുള്ള ഒരു സമിതിയെ നിയോഗിച്ചു. ജനഹിതം മനസ്സിലാക്കുന്നതുമായി ബന്ധപ്പെട്ട് വിശദ പഠനം അവശ്യമാണെന്ന് ദേശീയ വികസന സമിതിയോട് ആസൂത്രണ കമ്മീഷൻ അഭ്യർത്ഥിച്ചതിനെത്തുടർന്നായിരുന്നു ഇത്. 1958 ഡിസംബറിൽ കമ്മിറ്റി കേന്ദ്ര സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചു. സാമൂഹ്യ വികസനം ഫലപ്രദമാകാൻ ജനായത്ത വികേന്ദ്രീകരണം അനിവാര്യമാണെന്ന് റിപ്പോർട്ട് ചൂണ്ടിക്കാട്ടി. താഴെത്തട്ടിൽ ഗ്രാമപഞ്ചായത്തും ഇടത്തട്ടിൽ ബ്ലോക്ക് പഞ്ചായത്തും, മേൽത്തട്ടിൽ ജില്ലാ പരിഷത്തും അടങ്ങുന്ന ത്രിതല പഞ്ചായത്തിരാജ് സംവിധാനമാണ് സമിതി മുന്നോട്ടു വച്ചത്. ഗ്രാമവികസനത്തിന്റെ ചുമതലകൾ നിർവ്വഹിക്കുമ്പോൾ ആവശ്യമായ വിഭവങ്ങൾ നൽകണമെന്നും ഈ പ്രസ്ഥാനങ്ങൾ കാര്യക്ഷമതയുള്ള ജനകീയ സ്ഥാപനങ്ങൾ എന്ന നിലയിൽ പ്രവർത്തിക്കുന്നുവെന്ന് സർക്കാരിന് ബോധ്യപ്പെട്ടാൽ മാത്രമേ അവയ്ക്ക് അധികമായുള്ള കർത്തവ്യങ്ങളുടെയും ചുമതലകളുടെയും സാമ്പത്തിക വിഭവങ്ങളുടെയും അധികാരം ഏൽപ്പിക്കാൻ പാടുള്ളൂ എന്നും റിപ്പോർട്ട് വ്യക്തമാക്കിയിരുന്നു.**




ബൽവന്ത്റായ് മേത്ത

ഇന്ത്യയൊട്ടുക്കുമെന്നപോലെ കേരളത്തിലെയും ഗ്രാമസ്വരാജ് സംവിധാനത്തിന് ഏറെ പഴക്കമുണ്ട്. ചോള, ചേര രാജവംശങ്ങളുടെ ഭരണകാല ചരിത്രത്തിൽ നാട്ടുകൂട്ടങ്ങളെക്കുറിച്ച് വിശദമാക്കുന്നുണ്ട്. എ.ഡി. 1236 ലെ മണലിക്കര ശിലാശാസനം അക്കാലത്ത് നിലവിലിരുന്ന പ്രാദേശീയ സഭകളെക്കുറിച്ചും ക്ഷേത്രസഭകളെക്കുറിച്ചും വ്യക്തമാക്കുന്നതാണ്. ശ്രീമൂലം തിരുനാളിന്റെ ഭരണകാലത്ത് ലെജിസ്ലേറ്റീവ് കൗൺസിലുകൾ ഉണ്ടായിരുന്നു. താലൂക്ക്തലം മുതലുള്ള അംഗങ്ങൾ ഉൾപ്പെട്ടിരുന്ന ഈ കൗൺസിലുകളിലൂടെയായിരുന്നു അദ്ദേഹം ജനഹിതം മനസ്സിലാക്കിയത്. 1925 ജനുവരി 25 ന് തിരുവിതാംകൂർ സർക്കാർ വില്ലേജ് പഞ്ചായത്ത് ആക്ട് കൊണ്ടുവന്നു. ഭരണ സംവിധാനം ഗ്രാമതലത്തിലേക്ക് ഇറങ്ങിച്ചെല്ലണം എന്ന് വിഭാവനം ചെയ്തുകൊണ്ടാണ് ഈ നിയമം പസാക്കിയത്. 1937 ൽ തിരുവിതാംകൂർ വില്ലേജ് യൂണിയൻ IX ആക്ട് പാസാക്കി. ഇതിനെത്തുടർന്ന് 39 പഞ്ചായത്തുകൾ നിലവിൽ വന്നു. ഗ്രാമസഭ (Village Unions), അവയുടെ ഭരണപരമായ അധികാരങ്ങൾക്കും ചുമതലകൾക്കും പുറമേ പ്രത്യേക ഫണ്ട്, രജിസ്ട്രാറുകളെ ചുമതലപ്പെടുത്തൽ, അംഗങ്ങളുടെ ബാദ്ധ്യതകൾ, അംഗങ്ങൾക്കെതിരെയുള്ള നടപടികൾ എന്നിവയെല്ലാം ഇതിൽ വിശദമാക്കിയിരുന്നു. തിരു-കൊച്ചി സംയോജനത്തെത്തുടർന്ന് ഭരണഘടനാനുസൃതമായി 1950ൽ ഒരു പഞ്ചായത്ത് ആക്ട് നിലവിൽ വന്നു. ഇതനുസരിച്ച് തിരു-കൊച്ചി സംസ്ഥാനത്ത് 548 പഞ്ചായത്തുകൾ രൂപീകൃതമായി. ഇതിൽ 52 എണ്ണം മദ്രാസ് സംസ്ഥാനത്തിന്റെ ഭാഗമായിരുന്നു. മദ്രാസ് വില്ലേജ് പഞ്ചായത്ത് ആക്ട് 1950 ന്റെ ഭാഗമായി മലബാർ മേഖലയിൽ 150 പഞ്ചായത്തുകൾ മാത്രമേ നിലവിൽ വന്നുള്ളൂ. ബാക്കി ഭാഗങ്ങൾ മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ അധീനതയിലായിരുന്നു. എന്നാൽ 1956 ൽ ഐക്യകേരള രൂപീകരണത്തോടെ ആകെ പഞ്ചായത്തുകളുടെ എണ്ണം 893 ആയി ഉയർന്നു. വാർഷിക വരുമാനാടിസ്ഥാനത്തിലാണ് ആദ്യകാല പഞ്ചായത്തുകൾ നിലവിൽ വന്നത്. ഏഴംഗങ്ങളിൽ കൂടാത്ത ഒരു ഭരണസമിതിയാണ് രൂപീകൃതമായത്. ജനസംഖ്യയിൽ 5% പ്രാതിനിധ്യമുള്ളയിടങ്ങളിൽ ഒരു സീറ്റ് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സംവരണം ചെയ്തിരുന്നു. ഭരണസമിതിയുടെ കാലാവധി മൂന്നു വർഷമായിരുന്നു. തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളിൽ ഒരാൾ പ്രസിഡന്റായും ഒരാൾ വൈസ് പ്രസിഡന്റായും പ്രവർത്തിച്ചു. 1959 ലെ പഞ്ചായത്ത് അതിർത്തി പുനർനിർണ്ണയ കമ്മീഷൻ (Commission for delimitation of Panchayath Area) , 1965 ലെ വെള്ളോടം കമ്മിറ്റി (Admintsiration reorganisation and Economy Commttiee) എന്നിവയും പഞ്ചായത്തിരാജുമായി ബന്ധപ്പെട്ട് സുപ്രധാനമാണ്.

ഐക്യകേരള രൂപീകരണ വേളയിൽ പഞ്ചായത്തുകളെ സംബന്ധിച്ച് മലബാറിനും തിരു-കൊച്ചിക്കും വ്യത്യസ്ത നിയമങ്ങളാണ് നിലവിലിരുന്നത്. ഇവയെ ഏകീകരിക്കുന്നതിനും പരിഷ്ക്കരിക്കുന്നതിനുമുള്ള ശ്രമം 1958 ൽ ഇ.എം.എസ് ന്റെ നേതൃത്വത്തിലുള്ള ഭരണപരിഷ്കാര കമ്മീഷൻ കൈക്കൊണ്ടു. ഭരണപരിഷ്കാര കമ്മീഷൻ നിർദ്ദേശങ്ങളുടെയും, കേന്ദ്രസർക്കാർ രൂപീകരിച്ച ബൽവന്ത്റായ് മേത്ത കമ്മിറ്റി ശിപാർശകളുടെയും അടിസ്ഥാനത്തിലാണ് 1960 ലെ കേരള പഞ്ചായത്ത് ആക്ട് നിലവിൽ വരുന്നത്. 1962 ജനുവരി 1 ന് അത് നിയമമാകുകയും ചെയ്തു. ഈ നിയമപ്രകാരം സംസ്ഥാനത്തെ മുഴുവൻ ഗ്രാമപ്രദേശങ്ങളെയും ഉൾപ്പെടുത്തി 922 ഗ്രാമപഞ്ചായത്തുകൾ രൂപീകരിച്ചു. 1964 ജനുവരി ഒന്ന് പ്രാബല്യത്തിൽ ഈ പഞ്ചായത്തുകളിൽ പുതിയ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതികൾ അധികാരമേറ്റു.

ജില്ലാതലത്തിലേക്കും താഴേത്തട്ടിലേക്കും ഭരണം വികേന്ദ്രീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി 1987 മാർച്ചിൽ ഒരു ഏകാംഗ കമ്മീഷനെ ചുമതലപ്പെടുത്തി. ഒരു ത്രിതല സംവിധാനം പഞ്ചായത്തിൽ നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശം ഈ കമ്മീഷൻ സമർപ്പിച്ചു. പഞ്ചായത്തിനും ജില്ലാ കൗൺസിലിനുമിടയിൽ താലൂക്ക് തലത്തിലുള്ള ഒരു നാമനിർദ്ദേശക സമിതി കൂടി വേണമെന്നായിരുന്നു നിർദ്ദേശം. കൂടാതെ പഞ്ചായത്ത് ഇലക്ഷനുകൾ നിയന്ത്രിക്കാൻ ഇലക്ഷൻ കമ്മീഷൻ രൂപീകരിക്കാനും നിർദ്ദേശിച്ചു. പഞ്ചായത്തുകളുടെ ഭരണത്തലവൻ (excecutive authortiy) പഞ്ചായത്ത് പ്രസിഡന്റായിരിക്കണം എന്ന് ഈ കമ്മീഷൻ നിർദ്ദേശിച്ചു. ഗ്രാമപഞ്ചായത്തുകൾക്ക് മേൽ, മറ്റ് നിയന്ത്രണങ്ങൾ ഉണ്ടാകാതെ സർക്കാരിനു കീഴിൽ നേരിട്ട് അവയ്ക്ക് ഭരണനിർവ്വഹണാധികാരം പ്രദാനം ചെയ്യണമെന്നും ഈ കമ്മീഷൻ നിർദ്ദേശിച്ചു. 1971 ൽ 'The Kerala Dtsirict Admintsiration Bill അവതരിപ്പിക്കപ്പെട്ടെങ്കിലും അത് ഫലവത്താകാൻ 1991 വരെ കാത്തിരിക്കേണ്ടി വന്നു. 1987 ൽ അധികാരത്തിൽ വന്ന ഇ.കെ.നായനാർ മന്ത്രിസഭയുടെ തെരഞ്ഞെടുപ്പ് പ്രകടന പത്രികയിലെ



പ്രധാന ഇനം കൂടിയായിരുന്നു ഇത്. എന്നാൽ ഇന്ന് കാണുന്ന രീതിയിലുള്ള ത്രിതല പഞ്ചായത്ത് സംവിധാനം നിലവിൽ വന്നത് 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലൂടെയാണ്.

ആസൂത്രിത ഗ്രാമവികസനത്തിനും തദ്ദേശഭരണത്തിൽ വർദ്ധിച്ച തോതിലുള്ള ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും ഉദ്ദേശിച്ചുകൊണ്ട് ഇന്ത്യൻ ഭരണഘടനയുടെ 73-ാം ഭേദഗതി പ്രകാരം നിർമ്മിക്കപ്പെട്ടതാണ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം. 1995 ൽ ഈ നിയമത്തിന് ചില ഭേദഗതികൾ വരുത്തുകയുണ്ടായി. 1999 ൽ അധികാര വികേന്ദ്രീകരണ കമ്മിറ്റിയുടെയും ഒന്നാം സംസ്ഥാന ധനകാര്യ കമ്മീഷന്റെയും തെരഞ്ഞെടുപ്പ് കമ്മീഷന്റെയും ശിപാർശകളുടെ അടിസ്ഥാനത്തിൽ ആകെയുള്ള 285 വകുപ്പുകളിൽ 105-ഓളം എണ്ണത്തിൽ സമഗ്രമായ ഭേദഗതികൾ വരുത്തി. ഈ ഭേദഗതിയോടെ സർക്കാരിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ മേലുണ്ടായിരുന്ന ഒട്ടുമിക്ക നിയന്ത്രണങ്ങളും ഇല്ലാതായി. 2000 ൽ പഞ്ചായത്ത് രാജ് നിയമം വീണ്ടും ഭേദഗതി ചെയ്ത് സർക്കാരിൽ നിക്ഷിപ്തമായിരുന്ന വാർഡ് വിഭജനം, സംവരണ നിർണ്ണയം തുടങ്ങിയ അധികാരങ്ങൾ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന് നൽകുകയുണ്ടായി. കൂടാതെ 35 അനുബന്ധ നിയമങ്ങളിലും ഭേദഗതി വരുത്തിക്കൊണ്ട് അധികാര വികേന്ദ്രീകരണം പൂർണ്ണമായി നടപ്പിലാക്കി. 2001 ൽ വരുത്തിയ ഭേദഗതിയിൽ ഏഴംഗ പഞ്ചായത്ത് ഓംബുഡ്സ്മാൻ എന്നത് ഒരു ഓംബുഡ്സ്മാൻ എന്ന് വ്യവസ്ഥ ചെയ്തു. ഇന്ന് കാണുന്ന സ്വതന്ത്രമായി പ്രവർത്തിക്കാനാകുന്ന ത്രിതല പഞ്ചായത്ത് ഘടന-ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് - 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലൂടെയാണ് യാഥാർത്ഥ്യമായത്. 'ജനാധിപത്യം' എന്ന വാക്കിന് പൂർണാർത്ഥം നൽകുന്ന 'ഗ്രാമസഭ' എന്ന സ്ഥിരം സംവിധാനത്തിനും ഈ ആക്ട് അടിത്തറ പാകി.

**ഭരണഘടന നൽകുന്ന തുല്യത എല്ലാവർക്കുമെത്തണമെങ്കിൽ അധികാരം ഭരണത്തിനു കീഴിൽ കേന്ദ്രീകരിച്ചാൽ പോരെന്നും അത് വികേന്ദ്രീകരിച്ച് അതിന്റെ യഥാർത്ഥ അവകാശികൾക്ക് കൈമാറുകയാണ് വേണ്ടതെന്നുമുള്ള ചിന്തയാണ് പഞ്ചായത്തി രാജ് പൂർണ്ണമായി നടപ്പാക്കപ്പെട്ടതോടെ യാഥാർത്ഥ്യമായത്.** സമൂഹം നേരിടുന്ന വെല്ലുവിളികൾ കൃത്യമായി മനസ്സിലാക്കാനും ശരിയായ ആസൂത്രണത്തിലൂടെ അത് തരണം ചെയ്യാനും ഭരണവികേന്ദ്രീകൃത സംവിധാനത്തിലൂടെ മാത്രമേ കഴിയൂ. അത്തരം വികേന്ദ്രീകരണത്തിലൂടെ മാത്രമേ സ്വയംപര്യാപ്തമായ ഇന്ത്യ കെട്ടിപ്പടുക്കാനുമാകൂ.

## 73-ാം ഭരണഘടനാ ഭേദഗതി

**പഞ്ചായത്തി രാജിൽ അടിമുടി മാറ്റം വരുത്തിയ ഒന്നാണ് 73-ാം ഭരണഘടനാ ഭേദഗതി ആക്ട് 1992. ഭരണഘടനയിൽ 16 അനുച്ഛേദങ്ങൾ ഉൾക്കൊള്ളുന്ന പുതിയൊരു ഭാഗവും പതിനൊന്നാം ഷെഡ്യൂളും എഴുതിച്ചേർക്കപ്പെട്ടത് ഈ ഭരണഘടനാ ഭേദഗതിയിലൂടെയാണ്. ഇന്നു കാണുന്ന ത്രിതല പഞ്ചായത്ത് സംവിധാനം 73-ാം ഭരണഘടനാഭേദഗതിയിലൂടെയാണ് യാഥാർത്ഥ്യമായത്. പഞ്ചായത്തുകളെ സംബന്ധിച്ച അനുച്ഛേദം 243A യിൽ നിയമസഭ അധികാരം നൽകിയാൽ മാത്രം കാര്യങ്ങൾ ചെയ്യാൻ കഴിയുമായിരുന്ന അവസ്ഥയിൽ നിന്ന്, പഞ്ചായത്തുകൾ ഭരണത്തിന്റെ അടിസ്ഥാന ശിലയായി മാറി എന്നതാണ് 73-ാം ഭരണഘടനാ ഭേദഗതിയുടെ പ്രത്യേകത. ഗ്രാമസഭകളുടെ പ്രാധാന്യവും അനിവാര്യതയും ഭരണഘടനാബന്ധമാക്കിയ ഈ ഭേദഗതി പഞ്ചായത്തി രാജ് സംവിധാനത്തിൽ ഗ്രാമസഭകൾ സ്ഥിരം സംവിധാനമെന്ന് അർദ്ധശങ്കയ്ക്കിടയില്ലാത്ത വിധം വ്യക്തമാക്കി.**

തയ്യാറാക്കിയത്
**മഞ്ജു യു**
അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ

# തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും അവയിലേക്കുള്ള തെരഞ്ഞെടുപ്പുകളും

എഴുപത്തിമൂന്നാം ഭരണഘടനാ ഭേദഗതിയെത്തുടർന്ന് പഞ്ചായത്തി രാജിന് ദേശവ്യാപകമായി ഒരു ഐക്യരൂപം വന്നുകഴിഞ്ഞിട്ടുണ്ട്. ത്രിതല പഞ്ചായത്തുകളുടെ അധികാരങ്ങളിലും അവകാശങ്ങളിലും ഉത്തരവാദിത്തങ്ങളിലുമൊക്കെ സാമാന്യവത്ക്കരണത്തിലുള്ള ചില സമീപനങ്ങൾ ഭരണഘടനാ ഭേദഗതിയിൽ കാണാം. എന്നാൽ അതിന് മുമ്പുള്ള പഞ്ചായത്തി രാജ് സ്ഥാപനങ്ങളുടെ സ്ഥിതി ഇങ്ങനെയൊന്നുമായിരുന്നില്ലെന്ന് നമുക്കറിയാം.

ഭാരതത്തിലെ ജനാധിപത്യഭരണരീതികൾക്ക് ചരിത്രമേറെയുണ്ട്. 'പഞ്ച' എന്ന സംസ്കൃത വാക്കിൽ നിന്നാണ് പഞ്ചായത്ത് എന്ന പദം ആവിർഭവിച്ചത്. പഞ്ച എന്നാൽ അഞ്ച് എന്നർത്ഥം. ഗ്രാമജീവിതത്തിന്റെ പഞ്ചേന്ദ്രിയങ്ങളായി (കണ്ണ്, മൂക്ക്, നാക്ക്, ചെവി, ത്വക്ക്) പഞ്ചായത്തുകളെ കണക്കാക്കിപ്പോന്നു. ഗ്രാമത്തലവൻ ഗ്രാമത്തിന്റെ തലച്ചോറായും കരുതപ്പെട്ടിരുന്നു. രാജഭരണകാലഘട്ടത്തിൽ പോലും ഗ്രാമങ്ങളിൽ ജനങ്ങളുടെ നേതൃത്വത്തിൽ ഭരണസംവിധാനങ്ങൾ നിലനിന്നിരുന്നതായി കാണാം. അന്ന് ഗ്രാമ ഭരണകൂടങ്ങളെ ജ്യേഷ്ഠം, കനിഷ്ഠം, മധ്യമം എന്നിങ്ങനെ പല തട്ടുകളായി തിരിച്ചിരുന്നു.

## കേരളത്തിലെ ഗ്രാമ ഭരണം

കേരളത്തിലെ പുരാതന ഗ്രാമഭരണം 'തറ' (കര) കൂട്ടത്തിൽ തുടങ്ങുന്നു. കുറേ 'തറ' കൾ ചേർന്ന് 'ദേശവും' ദേശങ്ങൾ ചേർന്ന് നാടും നാടുവാഴിയും ഉണ്ടായി. ന്യായാധിപനും സമാധാന പരിപാലകനും റവന്യൂ അധികാരിയും എല്ലാം നാടുവാഴിയായിരുന്നു. മുന്നൂറ്റവർ, അറുന്നൂറ്റവർ, എഴുന്നൂറ്റവർ, ആയിരത്തവർ എന്നിങ്ങനെ പടയാളികളുടെ എണ്ണത്തെ സൂചിപ്പിക്കുന്ന പേരുകളുള്ള പട്ടാളവും ഇവർക്കുണ്ടായിരുന്നു.

## മലബാർ

ബ്രിട്ടീഷ് ആധിപത്യത്തിലായിരുന്ന മലബാറിൽ 1867 ൽ മദ്രാസ് ടൗൺ ഇംപ്രൂവ്മെന്റ് ആക്ടിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട്, തലശ്ശേരി, കണ്ണൂർ, പാലക്കാട് എന്നീ സ്ഥലങ്ങളിൽ മുനിസിപ്പാലിറ്റികൾ രൂപീകരിച്ചുകൊണ്ടാണ് തദ്ദേശഭരണ പ്രവർത്തനത്തിന് തുടക്കമിട്ടത്. മലബാറിൽ 1884-ലെ മദ്രാസ് ലോക്കൽ ബോഡീസ് ആക്ട് അനുസരിച്ച് ഡിസ്ട്രിക്ട് ബോർഡുകളും താലൂക്ക് ബോർഡുകളും നിലവിൽ വന്നു. 1930 ൽ എല്ലാ ഗ്രാമ സംവിധാനങ്ങളെയും മദ്രാസ് ലോക്കൽ ബോഡീസ് ആക്ടിന്റെ അധികാരപരിധിയിലാക്കി.

## കൊച്ചി രാജ്യത്തെ ഗ്രാമഭരണം

1762 ൽ 'കോവിലകത്തുവാതുക്കൽ' എന്നറിയപ്പെട്ടിരുന്ന പത്തു താലൂക്ക സംവിധാനങ്ങളാണ് കൊച്ചിയിൽ ഉണ്ടായിരുന്നത്. 'കാര്യക്കാർ' ആയിരുന്നു താലൂക്ക് ഭരണാധികാരി. ഓരോ താലൂക്കിനും മുപ്പത് 'പ്രവൃത്തികൾ' ഉണ്ടായിരുന്നു. 'പ്രവൃത്തി'യുടെ ചുമതലക്കാരൻ ഭരണക്കാരുടെ പാർശ്വവർത്തികളായിരുന്നു. 1914-ലെ കൊച്ചി വില്ലേജ് പഞ്ചായത്ത് ആക്ടിലൂടെയാണ് കൊച്ചി നാട്ടുരാജ്യത്തിൽ ഗ്രാമഭരണം തുടങ്ങിയത്. 1922-ൽ 'കൊച്ചിൻ പഞ്ചായത്ത് റെഗുലേഷൻ' നിലവിൽ വന്നു. 1935-ൽ പ്രായപൂർത്തി വോട്ടവകാശം വന്നു.

## തിരുവിതാംകൂർ രാജ്യത്തെ ഗ്രാമഭരണം

തിരുവിതാംകൂറിൽ 1925 ലാണ് പഞ്ചായത്ത് ആക്ട് നിലവിൽ വന്നത്. പ്രജാസഭ പാസ്സാക്കിയ വില്ലേജ് പഞ്ചായത്ത് ആക്ട് പ്രകാരം പരീക്ഷണാർത്ഥം ആറു പഞ്ചായത്തുകൾ രൂപീകരിക്കപ്പെട്ടു. തുടർന്ന് 1940 ലെ 'ട്രാവൻകൂർ വില്ലേജ് യൂണിയൻ' ആക്ടിന്റെ ഫലമായി വില്ലേജ് യൂണിയൻ എന്ന പേരിൽ 26 പഞ്ചായത്തുകളും രൂപീകരിച്ചു. 1921 ലാണ് നികുതിദായകർക്ക് അനൗദ്യോഗികാംഗങ്ങളെ തെരഞ്ഞെടുക്കാനുള്ള അവകാശം അനുവദിച്ചു കിട്ടിയത്.

1949 ജൂലൈ 1 നാണ് തിരു-കൊച്ചി സംസ്ഥാനം നിലവിൽ വന്നത്. 1950 ൽ 'തിരുവിതാംകൂർ കൊച്ചി പഞ്ചായത്ത് ആക്ട് ഉണ്ടായി ഇതിന്റെ ഫലമായി പഞ്ചായത്ത് ഡീലിമിറ്റേഷൻ കമ്മിറ്റികൾ നിലവിൽ വന്നു. ഇവയുടെ ശിപാർശകൾ പ്രകാരം 542 പഞ്ചായത്തുകൾക്ക് രൂപം നൽകി. അങ്ങനെ 1950 ആഗസ്റ്റ് 15 മുതൽ തിരു-കൊച്ചിയിൽ വ്യവസ്ഥാപിത രീതിയിൽ 'പഞ്ചായത്തുകൾ' നിലവിൽ വന്നു. പ്രായപൂർത്തി വോട്ടവകാശത്തിന്റെയും രഹസ്യ ബാലറ്റ് സമ്പ്രദായത്തിന്റെയും അടിസ്ഥാനത്തിൽ നേരിട്ടുള്ള തെരഞ്ഞെടുപ്പിലൂടെയാണ് ഇത് നടപ്പാക്കിയത്.

## തദ്ദേശ സ്വയംഭരണം - സംസ്ഥാന രൂപീകരണത്തിന് ശേഷം

അധികാര വികേന്ദ്രീകരണം സംബന്ധിച്ച് ദേശീയമായി അംഗീകരിക്കപ്പെട്ട ബൽവന്തറായ് മേത്ത കമ്മിറ്റിയുടെ ശിപാർശകൾ കൂടി പരിഗണിച്ചു കൊണ്ടും നിലവിലിരുന്ന തിരുകൊച്ചി-മലബാർ പ്രദേശത്തെ നിയമ വ്യവസ്ഥകൾ ഏകോപിപ്പിച്ചു കൊണ്ടുമുള്ള സമഗ്രമായ കേരള പഞ്ചായത്ത് നിയമം 1960ലാണ് കേരള നിയമസഭ പാസ്സാക്കിയത്. ഈ നിയമം 1962 ജനുവരി ഒന്നു മുതൽ നടപ്പിലാക്കിത്തുടങ്ങി.

പഞ്ചായത്തുകളുടെ ഭരണച്ചുമതല പഞ്ചായത്തു സമിതികൾക്കാണ്. പ്രാദേശിക വാർഡുകളിൽ നിന്നും ജനങ്ങൾ നേരിട്ടു തെരെഞ്ഞെടുത്ത അംഗങ്ങളടങ്ങുന്ന പഞ്ചായത്തു സമിതികളിൽ പട്ടികജാതി-പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർക്കും വനിതകൾക്കും സംവരണമേർപ്പെടുത്തിയിട്ടുണ്ട്. സമിതിയുടെ ഔദ്യോഗിക കാലാവധി സാധാരണയായി അഞ്ചു വർഷമാണ്. ചില പ്രത്യേക സാഹചര്യങ്ങളിൽ സമിതികളുടെ കാലാവധി നീട്ടിവയ്ക്കുന്നതിനോ, ആവശ്യമെങ്കിൽ നിലവിലുള്ള സമിതിയെ പിരിച്ചു വിടുന്നതിനോ സംസ്ഥാന ഗവൺമെന്റിന് അധികാരമുണ്ട്. ജനസംഖ്യാനുപാതികമായി ഓരോ പഞ്ചായത്തു സമിതിയും അഞ്ചിനു മുകളിൽ പരമാവധി 15 അംഗങ്ങൾ വരെ ഉണ്ടായിരിക്കാവുന്നതാണ്.

## തെരഞ്ഞെടുപ്പുകൾ

ജനാധിപത്യ ഭരണ സംവിധാനത്തിന്റെ അടിസ്ഥാനഘടകങ്ങളായ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജനഹിതം പ്രതിഫലിപ്പിക്കുംവിധം നിശ്ചിത കാലാവധിയനുസരിച്ച് തെരഞ്ഞെടുപ്പുകൾ നടത്തേണ്ടതാണ്. എന്നാൽ സ്വാതന്ത്ര്യലബ്ധിക്കു ശേഷം 1953, 1963, 1979 എന്നീ വർഷങ്ങളിലാണ് പഞ്ചായത്ത് തെരഞ്ഞെടുപ്പുകൾ നടന്നത്. 18 വയസ്സ് പൂർത്തിയായവർക്ക് ആദ്യമായി വോട്ടവകാശം കേരളത്തിൽ ലഭിച്ചത് 1979 ലെ തെരഞ്ഞെടുപ്പിനോട് അനുബന്ധിച്ചാണ്. കേരളത്തിലെ ഇത്തരം തെരഞ്ഞെടുപ്പുകളിലെല്ലാം തന്നെ വ്യക്തമായി രാഷ്ട്രീയ പാർട്ടികളുടെ സ്വാധീനമുണ്ടായിരുന്നു.

എഴുപതുകളുടെ ആരംഭത്തിൽ കേരളത്തിൽ 962 പഞ്ചായത്തുകൾ ഉണ്ടായിരുന്നു. ഇവയിൽ 29 എണ്ണം സ്പെഷ്യൽഗ്രേഡ് പഞ്ചായത്തുകളും 129 എണ്ണം ഒന്നാം ഗ്രേഡിൽപ്പെട്ട പഞ്ചായത്തുകളും 554 എണ്ണം രണ്ടാം ഗ്രേഡ് പഞ്ചായത്തുകളും 250 എണ്ണം മൂന്നാം ഗ്രേഡ് പഞ്ചായത്തുകളുമായിരുന്നു.

കേരളത്തിൽ അധികാര വികേന്ദ്രീകൃത ജനകീയാസൂത്രണം വിഭാവനം ചെയ്യുന്നതാണ് 1994 ഏപ്രിൽ 23 നു നിലവിൽ വന്ന കേരള പഞ്ചായത്ത് രാജ് നിയമം. കേരള പഞ്ചായത്ത് രാജ് നിയമം പ്രാബല്യത്തിൽ വന്ന ശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് അഞ്ച് തെരഞ്ഞെടുപ്പുകളാണ് നടന്നിട്ടുള്ളത്. 1995 സെപ്റ്റംബർ 23, 25 തീയതികളിലായി തെരെഞ്ഞെടുപ്പ് നടക്കുകയും ഒക്ടോബർ 2 ന് പുതിയ ഭരണ സമിതി അധികാരത്തിൽ വരുകയും ചെയ്തതാണ് ആദ്യത്തേത്. 2000 ലെ ഇലക്ഷൻ മൂന്നു ഘട്ടങ്ങളിലായാണ് നടന്നത്. ഒന്നാം ഘട്ടം 2000 സെപ്റ്റംബർ 25, 27 തീയതികളിലും രണ്ടാം ഘട്ടം നവംബർ 25 നും മൂന്നാം ഘട്ടം 2001 ജനുവരി 29 നും നടന്നു. 2005-ൽ നടന്ന മൂന്നാമത്തെ തെരഞ്ഞെടുപ്പ് സെപ്റ്റംബർ 24, 26 തീയതികളിലായി നടക്കുകയും ഒക്ടോബർ 2ന് പുതിയ ഭരണസമിതി അധികാരമേൽക്കുകയും ചെയ്യുകയുണ്ടായി. 2010 ഒക്ടോബർ 23, 25 തീയതികളിൽ തെരഞ്ഞെടുപ്പ് നടക്കുകയും നവംബർ ഒന്നിന് പുതിയ ഭരണസമിതി നിലവിൽവരികയും ചെയ്തതാണ് നാലാമത്തെ തെരഞ്ഞെടുപ്പ്. 2015 നവംബർ 2, 3 തീയതികളിലായാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള അഞ്ചാമത്തെ തെരഞ്ഞെടുപ്പ് നടന്നത്.

വരാനിരിക്കുന്ന ആറാമത്തെ തെരഞ്ഞടുപ്പിന്റെ വോട്ടിംഗ് സമയം വൈകുന്നേരം ഒരു മണിക്കൂർ ദീർഘിപ്പിച്ചു. രാവിലെ 7 മണിക്കാരംഭിക്കുന്ന പോളിംഗ് വൈകുന്നേരം 6 മണിക്ക് അവസാനിക്കും. അതുപോലെ കോവിഡ് രോഗം ബാധിച്ചവർക്കും ആയതുമായി ബന്ധപ്പെട്ട് ക്വാറന്റീനിലിരിക്കുന്നവർക്കും തപാൽ വഴി വോട്ടു ചെയ്യുന്നതിനുള്ള അവസരമുണ്ടായിരിക്കും. ഇപ്രകാരം വ്യവസ്ഥ ചെയ്യുന്നതിനായി പഞ്ചായത്ത്, മുനിസിപ്പൽ, നിയമങ്ങളിൽ ഭേദഗതി ചെയ്തു കൊണ്ടുള്ള ഓർഡിനൻസുകൾ കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയിട്ടുണ്ട്.

## 2020 ലെ തെരെഞ്ഞെടുപ്പ്

2020 ലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് വിജ്ഞാപനം നവംബർ 12 ാം തീയതി കേരള സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ പുറത്തിറക്കി. അതനുസരിച്ച് മൂന്നു ഘട്ടങ്ങളിലായാണ് തെരഞ്ഞെടുപ്പ് നടക്കുന്നത്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി എന്നിവിടങ്ങളിൽ 2020 ഡിസംബർ മാസം 8 ാം തീയതി ചൊവ്വാഴ്ചയും, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, വയനാട് എന്നീ ജില്ലകളിൽ 2020 ഡിസംബർ 10 ാം തീയതി വ്യാഴാഴ്ചയും മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നിവിടങ്ങളിൽ 2020 ഡിസംബർ 14ാം തീയതി തിങ്കളാഴ്ചയുമായിരിക്കും തെരഞ്ഞെടുപ്പ് നടക്കുന്നത്. കേരളത്തിൽ നിലവിൽ 1200 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണുള്ളത്. 941 ഗ്രാമപഞ്ചായത്തുകൾ, 152 ബ്ലോക്ക് പഞ്ചായത്തുകൾ, 14 ജില്ലാ പഞ്ചായത്തുകൾ, 87 മുനിസിപ്പാലിറ്റികൾ 6 മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവയാണ് നിലവിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ.

2020 നവംബർ 12 ലെ തെരഞ്ഞെടുപ്പ് വിജ്ഞാപന പ്രകാരം നവംബർ 19 നാമനിർദ്ദേശപത്രിക സമർപ്പിക്കേണ്ട അവസാന തീയതിയും നവംബർ 20 നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന നടത്തുന്നതിനുള്ള തീയതിയും നവംബർ 23 സ്ഥാനാർത്ഥിത്വം പിൻവലിക്കുന്നതിനുള്ള അവസാന തീയതിയും ഡിസംബർ 23 ാം തീയതി തെരഞ്ഞെടുപ്പ് പൂർത്തിയാക്കേണ്ട തീയതിയുമാണ്. തെരഞ്ഞെടുപ്പ് സമയം രാവിലെ 7 മണി മുതൽ വൈകുന്നേരം 6 മണിവരെയാക്കി ക്രമീകരിച്ചിട്ടുണ്ട്. അപ്രകാരം ഒരു മണിക്കൂർ തെരഞ്ഞെടുപ്പ് സമയം നീട്ടുന്നതിനുള്ള ഓർഡിനൻസ് ഇറക്കിയിട്ടുണ്ട്. തെരഞ്ഞെടുപ്പ് ദിവസമോ അതിനു രണ്ടു ദിവസം മുമ്പോ കോവിഡ് ഉൾപ്പെടെയുള്ള സാംക്രമിക രോഗ ബാധിതരാകുന്നവർക്കും സമ്പർക്ക വിലക്ക് നിർദ്ദേശിക്കുന്നവർക്കും വൈകുന്നേരം അഞ്ചുമണിമുതൽ ആറുമണിവരെ വോട്ടു ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനും ഓർഡിനൻസ് ഇറക്കിയിട്ടുണ്ട്.

തദ്ദേശ ജനപ്രതിനിധികളായി തെരഞ്ഞെടുക്കുന്നവരുടെ ഓണറേറിയം എത്രയായിരിക്കുമെന്ന് പലപ്പോഴും പലർക്കും ഉണ്ടാകുന്ന ഒരു സംശയമാണ്. അവരുടെ പ്രതിമാസ ഓണറ്റേറിയം ഇപ്രകാരമാണ്.

| | ജില്ലാ പഞ്ചായത്ത് | ബ്ലോക്ക് പഞ്ചായത്ത് | ഗ്രാമ പഞ്ചായത്ത് |
|---|---|---|---|
| പ്രസിഡന്റ് | 15,800/- | 14,600/- | 13,200/- |
| വൈസ് പ്രസിഡന്റ് | 13,200 | 12,000/- | 10,600/- |
| സ്ഥിരം സമിതി | | | |
| അദ്ധ്യക്ഷൻ | 9,400/- | 8,800/- | 8,200/- |
| അംഗങ്ങൾ | 8,800/- | 7,600/- | 7,000/- |

| മുനിസിപ്പാലിറ്റി | |
|---|---|
| ചെയർമാൻ/ചെയർപേഴ്സൺ | - 14,600/- |
| വൈസ് ചെയർമാൻ/ചെയർപേഴ്സൺ | - 12,000/- |
| സ്ഥിരം സമിതി അദ്ധ്യക്ഷൻ | - 8,800/- |
| കൗൺസിലർ | - 7,600/- |

തദ്ദേശ തെരഞ്ഞെടുപ്പ് യോഗ്യതാ മാനദണ്ഡങ്ങളിൽ 2A ഫോറത്തിൽ സ്ഥാനാർത്ഥിയുടെ ഫോൺനമ്പർ, ഇ-മെയിൽ വിവരം, സോഷ്യൽ മീഡിയ അക്കൗണ്ട് നമ്പർ, പാൻ നമ്പർ തുടങ്ങിയ വിവരങ്ങൾ പുതുതായി നൽകേണ്ടതുണ്ട്.

സ്ഥാനാർത്ഥികളുടെ യോഗ്യതയും അയോഗ്യതയും സംബന്ധിച്ച് തെരഞ്ഞെടുപ്പ് കമ്മീഷണർ വി. ഭാസ്കരൻ വിശദമായ മാർഗ്ഗനിർദ്ദേശം പുറത്തിറക്കി.

കേന്ദ്ര സംസ്ഥാന സർക്കാരുകളിലെയോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയോ അവ നിയന്ത്രിക്കുന്ന കോർപ്പറേഷനുകളിലെയോ ഉദ്യോഗസ്ഥരും ജീവനക്കാരും കേന്ദ്ര സംസ്ഥാന സർക്കാരുകൾക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും 51 ശതമാനത്തിൽ കുറയാതെ ഓഹരിയുള്ള കമ്പനികളിലും സഹകരണ സംഘങ്ങളിലുള്ള ജീവനക്കാർക്കും എം.പാനൽകാർ ഉൾപ്പെടെയുള്ള കെ.എസ്.ആർ.ടി.സി. ജീവനക്കാർക്കും തദ്ദേശ തെരഞ്ഞെടുപ്പിൽ മൽസരിക്കാനാകില്ല. എന്നാൽ കുടുംബശ്രീക്കാർക്കും, അങ്കണവാടി ജീവനക്കാർക്കും ബാലവാടി ജീവനക്കാർക്കും ആശാവർക്കർമാർക്കും പ്രാഥമിക സഹകരണ സർവ്വീസ് സംഘങ്ങളിലെ ജീവനക്കാർക്കും മത്സരിക്കാം. സാക്ഷരതാ പ്രേരകർക്ക് പഞ്ചായത്തുകളിൽ മാത്രമേ മത്സരിക്കാൻ യോഗ്യതയുള്ളൂ.

**അവലംബം:**
1) പഞ്ചായത്ത് പൊതുഭരണം
Published by KILA.
2) ഇലക്ഷൻ റിപ്പോർട്ട് - 2015
Published by State Election Commission Kerala.
3) കേരളം 2000
Published by Kerala Bhasha Institute.

തയ്യാറാക്കിയത്
**എം. ആർ. ഇന്ദു**
ഡെപ്യൂട്ടി ലൈബ്രേറിയൻ

സഭാ നേതാവിന്റെ പേജ്

# വികസനത്തിന് താങ്ങായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ

പിണറായി വിജയൻ മുഖ്യമന്ത്രി

അറിവോരത്തിന്റെ ഈ ലക്കം പുറത്തിറങ്ങുന്നത് കേരളം തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പുകളിലേക്ക് കടക്കുന്ന ഘട്ടത്തിലാണ്. പ്രാദേശിക വികസന രംഗത്ത് വലിയ മുന്നേറ്റങ്ങൾ സൃഷ്ടിച്ച നാലര വർഷങ്ങളാണ് ഈ സർക്കാരിന്റെ ഇതുവരെയുള്ള ഭരണകാലം. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ അവസാന വർഷത്തിലാണ് ഈ സർക്കാർ അധികാരത്തിൽ വരുന്നത്. 2017 മുതൽ പതിമൂന്നാം പദ്ധതി ആരംഭിച്ചു. ജനകീയാസൂത്രണത്തിന്റെ രണ്ടാം ഘട്ടമായിട്ടാണ് പതിമൂന്നാം പഞ്ചവത്സര പദ്ധതിയെ നമ്മൾ വിഭാവനം ചെയ്തത്. പരിസ്ഥിതി സുരക്ഷ ഉറപ്പാക്കുന്ന, സാമൂഹ്യ നീതി മുറകെപ്പിടിക്കുന്ന, സാമ്പത്തിക വളർച്ചയുടെ ഉയർന്ന തലങ്ങളിലേക്ക് കേരളത്തെ എത്തിക്കുക എന്നതായിരുന്നു പതിമൂന്നാം പദ്ധതിയുടെ ലക്ഷ്യമായി നിശ്ചയിച്ചത്.



നവകേരള നിർമ്മാണത്തിന്റെ ദിശയും മുൻഗണനകളും രൂപപ്പെടുത്തുവാനും സുസ്ഥിര, ജനപക്ഷ വികസന കാഴ്ചപ്പാട് പ്രായോഗികമാക്കുവാനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പ്രാപ്തരാക്കാനും ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ഇതിനനുസൃതമായ നയപരവും ഭരണപരവുമായ തീരുമാനങ്ങൾ കൈക്കൊണ്ടുകൊണ്ടാണ് സർക്കാർ മുന്നോട്ടു പോയത്. 2018, 2019 വർഷങ്ങളിലുണ്ടായ പ്രളയവും 2020 ൽ പദ്ധതിയുടെ അവസാന മാസമായ മാർച്ചിലുണ്ടായ ലോക്ക്ഡൗണും പദ്ധതി പ്രവർത്തനങ്ങളിൽ വലിയ വെല്ലുവിളിയാണ് സൃഷ്ടിച്ചത്. ഇത്തരം വെല്ലുവിളികളെ സധൈര്യം നേരിട്ടാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ വലിയ വികസന മുന്നേറ്റങ്ങൾ സൃഷ്ടിച്ചത്.

പദ്ധതിപ്രവർത്തനങ്ങളെ കൂടുതൽ ജനകീയമാക്കുക, ആസൂത്രണത്തിന്റെയും നിർവ്വഹണത്തിന്റെയും ഗതിവേഗം വർദ്ധിപ്പിക്കുക, ബഹുതല ആസൂത്രണം സാധ്യമാക്കുക എന്നീ ലക്ഷ്യങ്ങൾ നേടുന്നതിന് നയപരവും ഭരണപരവുമായ ഒട്ടേറെ നടപടികൾ ആവശ്യമായിരുന്നു.

### വികസന ഫണ്ട് വിഹിതം 25 ശതമാനമായി ഉയർത്തി

ഈ സർക്കാർ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഇതുവരെ 53,000 കോടിയിലേറെ രൂപ അനുവദിച്ചിട്ടുണ്ട്. തദ്ദേശ സ്ഥാപനങ്ങൾക്കുള്ള വികസന ഫണ്ടിനത്തിൽ കഴിഞ്ഞ നാലു വർഷം കൊണ്ട് 25850.69 കോടി രൂപയാണ് അനുവദിച്ചത്. കഴിഞ്ഞ സർക്കാർ അഞ്ചു വർഷം കൊണ്ട് അനുവദിച്ചത് കേവലം 23729.02 കോടി രൂപ മാത്രമായിരുന്നു. നടപ്പു സാമ്പത്തിക വർഷം വികസന ഫണ്ടിനത്തിൽ 7531 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതുകൂടി കണക്കാക്കുമ്പോൾ ഈ സർക്കാരിന്റെ കാലത്ത് വികസന ഫണ്ട് വിഹിതം 33,381.69 കോടിയായി ഉയരും.

'ജനറൽ പർപ്പസ് ഗ്രാന്റ് ഇനത്തിൽ 7323.91 കോടി രൂപയും മെയിന്റനൻസ് ഗ്രാന്റ് ഇനത്തിൽ 11951.51 കോടി രൂപയും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്. മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിലുൾപ്പെടുത്തി 961.26 കോടി രൂപയും റീബിൽഡ് കേരള പദ്ധതി പ്രകാരം റോഡ് വികസനത്തിനായി 250 കോടി രൂപയും പ്രത്യേകമായി അനുവദിച്ചിട്ടുണ്ട്.

### പദ്ധതി നിർവ്വഹണത്തിനു 12 മാസം

ആസൂത്രണവും നിർവ്വഹണവും സമയബന്ധിതമാക്കുക എന്നതിനായിരുന്നു പതിമൂന്നാം പദ്ധതിയിൽ ആദ്യ രണ്ടു വർഷങ്ങളിൽ ഊന്നൽ നൽകിയത്. ഇതുപ്രകാരം എല്ലാ വർഷവും ജനുവരി, ഫെബ്രുവരി മാസത്തിൽ തന്നെ ആസൂത്രണ ഗ്രാമ/ വാർഡ് സഭകൾ നടത്തി മാർച്ച് രണ്ടാം വാരം തന്നെ പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങുന്ന സ്ഥിതിവിശേഷം ഉണ്ടായി. ഇതോടുകൂടി ഏപ്രിൽ ഒന്നിനു തന്നെ പദ്ധതി നിർവ്വഹണം ആരംഭിക്കാൻ കഴിഞ്ഞു. പദ്ധതി പ്രവർത്തനങ്ങൾക്ക് 12 മാസവും ലഭിക്കുന്ന സാഹചര്യമാണ് ഇതോടെ സംജാതമായത്. മുൻപ് പദ്ധതി അംഗീകാരം ലഭിച്ചാൽ അഞ്ചോ ആറോ മാസം മാത്രമായിരുന്നു പലപ്പോഴും പദ്ധതി നിർവ്വഹണത്തിന് ലഭിച്ചിരുന്നത്.

### മേഖലാ മാനദണ്ഡങ്ങളിലെ മാറ്റം

ഉല്പാദന വർദ്ധനവ് ലക്ഷ്യമിട്ടു കൊണ്ട് പദ്ധതി തുക ചെലവഴിക്കുന്നതിൽ മാറ്റങ്ങൾ വരുത്തി. ഇതുപ്രകാരം ത്രിതല പഞ്ചായത്തുകൾ പൊതു വിഭാഗത്തിൽ സാധാരണ വിഹിതത്തിന്റെ 30 ശതമാനം തുകയും നഗര തദ്ദേശഭരണ സ്ഥാപനങ്ങൾ 10 ശതമാനം തുകയും ഉല്പാദന മേഖലാ പ്രോജക്ടുകൾക്ക് നീക്കിവക്കണമെന്ന് നിർദ്ദേശിച്ചത് ഈ സർക്കാരാണ്. ഇതു കൂടാതെ പട്ടികജാതി/ പട്ടികവർഗ്ഗ ഉപപദ്ധതി ഫണ്ട്, പൊതു വിഭാഗത്തിലെ സാധാരണ വിഹിതം എന്നിവയുടെ 5 ശതമാനം തുക വൈകല്യമുള്ളവർക്കും കുട്ടികൾക്കുമായും 5 ശതമാനം തുക വൃദ്ധർക്കും പാലിയേറ്റീവ് കെയർ പദ്ധതികൾക്കുമായും 10 ശതമാനം തുക വനിതാഘടക പദ്ധതിക്കായും മാറ്റി വയ്ക്കാൻ തീരുമാനിച്ചിട്ടുണ്ട്.

### ജില്ലാ പദ്ധതി

ജില്ലകളുടെ സമഗ്ര വികസന പരിപ്രേക്ഷ്യം രൂപീകരിക്കുക, ബഹുതല ആസൂത്രണത്തെ പ്രോത്സാഹിപ്പിക്കുക, വിവിധ തലങ്ങളിലുള്ള തദ്ദേശസ്ഥാപനങ്ങളുടെ വികസനാവശ്യങ്ങളും മുൻഗണനകളും നിശ്ചയിക്കുക, വിവിധ സർക്കാർ വകുപ്പുകളുടെ പ്രവർത്തനത്തെ ആസൂത്രണ പ്രക്രിയയുമായി ബന്ധിപ്പിക്കുക ഇവയെല്ലാം ജില്ലാപദ്ധതിയുടെ ലക്ഷ്യങ്ങളായിരുന്നു. ജില്ലാ പദ്ധതിയുടെ ഭാഗമായി ഉയർന്നു വന്നിട്ടുള്ള വൻകിട പദ്ധതികളുടെ നിർവ്വഹണത്തിനായി പ്രത്യേക തുക സംസ്ഥാന ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ജില്ലാപദ്ധതിയുടെ ഭാഗമായ സംയോജിത പദ്ധതികൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കുന്നതിനുള്ള ശ്രമം തദ്ദേശഭരണ സ്ഥാപനങ്ങൾ തുടങ്ങിയിട്ടുണ്ട്.

### ബഹുതല പദ്ധതി ആസൂത്രണത്തിന് പ്രാധാന്യം നൽകി

പല പ്രശ്നങ്ങൾക്കും പ്രാദേശിക പരിഹാരം സാധ്യമല്ല. പ്രദേശത്തിനപ്പുറം ജില്ലാ സംസ്ഥാന തലത്തിൽ പരിഹാരം കാണേണ്ട പ്രശ്നങ്ങൾ ഉണ്ടാകാം. ഇതിന് ബഹുതല ആസൂത്രണം അനിവാര്യമാണ്. ഇതിനു സഹായകമായ രീതിയിൽ പദ്ധതി മാർഗ്ഗരേഖ പരിഷ്കരിക്കാൻ സാധിച്ചു എന്നത് അധികാരവികേന്ദ്രീകരണത്തെ ശക്തിപ്പെടുത്തുന്ന കാര്യത്തിൽ ഈ സർക്കാർ കൈവരിച്ച മികച്ച നേട്ടമാണ്.

### ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ്

വിവിധ തട്ടുകളിയായി പ്രവർത്തിക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും ഏകോപിതമാക്കുന്നതിനുമായി ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് രൂപീകരിച്ചു എന്നത് എടുത്തുപറയേണ്ട വസ്തുതയാണ്. ഏകീകൃത വകുപ്പിനായി 2008 മുതൽ തുടങ്ങിയ ശ്ര മങ്ങളാണ് ഇപ്പോൾ പരിസമാപ്തിയിലേക്ക് എത്തിയിരിക്കുന്നത്. പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, എഞ്ചിനീയറിംഗ്, നഗരഗ്രാമാസൂത്രണം എന്നിങ്ങനെ അഞ്ചു വ്യത്യസ്ത വകുപ്പുകളായിട്ടാണ് നിലവിൽ തദ്ദേശഭരണ വകുപ്പിന്റെ പ്രവർത്തനം നടന്നു വന്നിരുന്നത്. കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമാക്കുന്നതിന് ജില്ലാ, ബ്ലോക്ക്, ഗ്രാമ പഞ്ചായത്തുകൾ തമ്മിലും മുനിസിപ്പാലിറ്റികളും പഞ്ചായത്തുകളും തമ്മിലും യോജിച്ച പ്രവർത്തനം ആവശ്യമാണ്. വിവിധ തട്ടുകളിലായി നടക്കുന്ന പ്രാദേശിക ആസൂത്രണ വികസന പ്രവർത്തനങ്ങളുടെ ഏകോപനത്തിനും മികച്ച പ്രാദേശിക ഭരണത്തിനും, പദ്ധതി നിർവ്വഹണത്തിനും തദ്ദേശസ്ഥാപനങ്ങൾക്ക് മാത്രമായി ഒരു ഏകീകൃത ഉദ്യോഗസ്ഥ സംവിധാനം അനിവാര്യമാണ്. ഈ സാഹചര്യത്തിലാണ് ഏകീകൃത വകുപ്പ് രൂപീകരണത്തിനു സർക്കാർ തീരുമാനിച്ചത്. ഇതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ വകുപ്പിനു കീഴിലുള്ള അഞ്ചു വകുപ്പുകളെ ഏകീകരിച്ചുകൊണ്ട് പ്രിൻസിപ്പൽ ഡയറക്ടറേറ്റ് രൂപീകരിച്ചിട്ടുണ്ട്.

(ശേഷം പേജ് 20 ൽ)



# ബിഹാർ നിയമസഭാ തെരഞ്ഞെടുപ്പ്: നിതീഷ് കുമാർ വീണ്ടും മുഖ്യമന്ത്രി

ബീഹാർ നിയമസഭയിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ ബി.ജെ.പി. നേതൃത്വം നൽകുന്ന ദേശീയ ജനാധിപത്യ സഖ്യം (എൻ.ഡി.എ) ഭരണം നിലനിർത്തി. ആകെയുള്ള 243 നിയമസഭാ മണ്ഡലങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിൽ 125 സീറ്റുകൾ നേടിയാണ് എൻ.ഡി.എ. അധികാരമുറപ്പിച്ചത്. ഇതോടെ തുടർച്ചയായ നാലാം പ്രാവശ്യവും ജെ.ഡി(യു) അംഗമായ നിതീഷ് കുമാർ ബീഹാറിന്റെ മുഖ്യമന്ത്രിയായി. മുൻ മുഖ്യമന്ത്രിയായ ലാലു പ്രസാദ് യാദവിന്റെ മകൻ തേജസ്വി യാദവ് നേതൃത്വം നൽകിയ മഹാസഖ്യമായിരുന്നു എൻ.ഡി.എ.യുടെ മുഖ്യ എതിരാളി. ശക്തമായ മത്സരം കാഴ്ചവച്ചെങ്കിലും മഹാസഖ്യത്തിന് 110 സീറ്റുകൾ മാത്രമേ നേടാനായുള്ളൂ.

പതിനേഴാം ബീഹാർ നിയമസഭയിലേക്കുള്ള തെരഞ്ഞെടുപ്പ് മൂന്നു ഘട്ടങ്ങളിലായി ഒക്ടോബർ, നവംബർ മാസങ്ങളിലായിരുന്നു നടന്നത്. നവംബർ 16 ന് വൈകുന്നേരം രാജ് ഭവനിൽ നടന്ന ചടങ്ങിൽ ഗവർണർ ഭാഗു ചഹൻ മുൻപാകെ നിതീഷ് കുമാർ മുഖ്യമന്ത്രിയായും തർകിഷോർ പ്രസാദ്, രേണു ദേവി എന്നിവർ ഉപമുഖ്യമന്ത്രിമാരായും സത്യപ്രതിജ്ഞ ചെയ്തു. പതിനാലംഗ മന്ത്രിസഭയും സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റെടുത്തു.

## സഭാ നേതാവിന്റെ പേജ്



(തുടർച്ച പേജ് 19)

### പുതിയ വർക്കിംഗ് ഗ്രൂപ്പ്  രൂപീകരണം

പുതിയ സാഹചര്യങ്ങൾക്കനുസരിച്ച് ആസൂത്രണ മാർഗ്ഗരേഖയിൽ മാറ്റങ്ങൾ അനിവാര്യമായിരുന്നു. പദ്ധതി കാലയളവിൽ ഉണ്ടായ പ്രകൃതിക്ഷോഭങ്ങളാണ് ഇത്തരമൊരു മാറ്റത്തിനാധാരമായത്. ഇതിന്റെ അടിസ്ഥാനത്തിൽ കാലാവസ്ഥാവ്യതിയാനത്തെ അതിജീവിക്കുന്ന ആസൂത്രണത്തിന് പ്രാധാന്യം നൽകേണ്ടതുണ്ട്. ഇതിനായി ജൈവ വൈവിധ്യ സംരക്ഷണം, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം എന്ന ഒരു പുതിയ വർക്കിംഗ് ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ട്.

### നൂതന പദ്ധതികൾ

സമയാസമയങ്ങളിൽ പുറപ്പെടുവിക്കുന്ന പദ്ധതി മാർഗ്ഗരേഖകൾക്കനുസൃതമായി പദ്ധതികൾ തയ്യാറാക്കുമ്പോൾ പ്രാദേശികമായി അനിവാര്യമായ ചില വികസന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയാത്ത സാഹചര്യം ഉണ്ടാകാം. ഇതു മറികടക്കുന്നതിനായി നൂതന പരിപാടികൾ എന്ന ഒരു വിഭാഗം ഉൾപ്പെടുത്തി. സബ്സിഡി മാർഗ്ഗരേഖ വഴി ഏറ്റെടുക്കാൻ സാധിക്കാത്ത അനിവാര്യമായ പദ്ധതികൾ ഇത് വഴി ഏറ്റെടുക്കാൻ തദ്ദേശ സ്ഥാപനങ്ങൾക്ക് കഴിഞ്ഞു.

### ജില്ല റിസോഴ്സ് സെന്ററുകളുടെ രൂപീകരണം

പദ്ധതി രൂപീകരണത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുക, പ്രാദേശിക പദ്ധതികളുടെ അറിവും ഉള്ളടക്കവും സാങ്കേതിക നിലവാരവും മെച്ചപ്പെടുത്തുക എന്ന ലക്ഷ്യങ്ങളോടു കൂടി 14 ജില്ലകളിലും ജില്ല റിസോഴ്സ് സെന്ററുകൾ രൂപീകരിച്ചു.

### മുനിസിപ്പൽ ജീവനക്കാരെ സർക്കാർ ജീവനക്കാരാക്കി

`കേരള മുനിസിപ്പാലിറ്റി ആക്ട് ഭേദഗതി ബിൽ പാസ്സാക്കിയതിലൂടെ മുനിസിപ്പൽ കോമൺ സർവ്വീസിലെ മുഴുവൻ ജീവനക്കാരെയും സർക്കാർ ജീവനക്കാരായി പരിവർത്തനപ്പെടുത്തുകയാണ് ഈ സർക്കാർ ചെയ്തത്. മുനിസിപ്പൽ ജീവനക്കാർ സർക്കാർ ജീവനക്കാരായി മാറിയതോടുകൂടി തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള എല്ലാ  ജീവനക്കാർക്കും ഏകീകൃത സ്വഭാവം കൈവന്നു. ഇങ്ങനെയൊരു നിയമ ഭേദഗതിയിലൂടെ ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ജനങ്ങൾക്ക് നൽകുന്ന സേവനത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനുമാണ് ലക്ഷ്യമിട്ടത്.

### ദുരന്തനിവാരണം

2017 ന്റെ അവസാനദിവസങ്ങളിൽ കേരളത്തിന്റെ തെക്കൻ തീരത്താഞ്ഞടിച്ച ഓഖി ചുഴലിക്കാറ്റ്, 2018 ൽ വടക്കൻ കേരളത്തിലുണ്ടായ നിപ വൈറസ് ബാധ, ആ വർഷത്തെ മഹാപ്രളയം, 2019 കാലവർഷക്കെടുതിയും ഉരുൾപ്പൊട്ടലും, 2020 ന്റെ തുടക്കം മുതൽ നാം പൊരുതിക്കൊണ്ടിരിക്കുന്ന കോവിഡ് 19 എന്ന മഹാമാരി, ഇക്കൊല്ലം ഇടുക്കിയിലും വയനാട്ടിലുമുണ്ടായ ഉരുൾപ്പൊട്ടലുകൾ എന്നിങ്ങനെ ദുരന്തങ്ങളുടെ ഒരു നീണ്ട നിര തന്നെ കഴിഞ്ഞ കുറച്ചു വർഷങ്ങളിൽ നമുക്ക് നേരിടേണ്ടി വന്നിട്ടുണ്ട്.

ഇത്തരം ദുരന്ത ഘട്ടങ്ങളിലെല്ലാം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്തിയത് നേതൃത്വപരവും മാതൃകാപരവുമായ പ്രവർത്തനങ്ങളാണ്. രക്ഷാപ്രവർത്തനങ്ങൾ, ദുരിതാശ്വാസ പ്രവർത്തനങ്ങൾ, താൽക്കാലിക പുനരധിവാസ പ്രവർത്തനങ്ങൾ, ശുചീകരണം തുടങ്ങിയവയിലെല്ലാം ജനങ്ങളെയാകെ സംഘടിപ്പിച്ച് ജനജീവിതം സാധാരണഗതിയിൽ പുനഃസ്ഥാപിക്കാൻ സംസ്ഥാന സർക്കാർ എടുത്ത മുൻകൈ ഫലപ്രദമാക്കും വിധത്തിൽ മുഖ്യ പങ്ക് വഹിച്ചു പ്രവർത്തിച്ചത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. അത്തരം പ്രവർത്തനങ്ങളിൽ മുഴുകിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സംസ്ഥാനത്തിന്റെ പൊതുവായ സഹായമെത്തിച്ചും ദുരന്തബാധിതമല്ലാത്ത ഇടങ്ങളിൽനിന്ന് പ്രത്യേകമായി സഹായമെത്തിച്ചും ദുരന്തങ്ങളെ അതിജീവിക്കുന്നതിന് പരസ്പര സഹായത്തിലൂന്നിയ അധികാര വികേന്ദ്രീകൃത മാതൃക നാം അവതരിപ്പിച്ചു.

പ്രാദേശിക സർക്കാരുകളെ ദുരന്ത നിവാരണത്തിനായി തയ്യാറെടുപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും ദുരന്ത നിവാരണ പദ്ധതി രൂപികരിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. രാജ്യത്ത് ആദ്യമായിട്ടാണ് ഒരു സംസ്ഥാനം ഇപ്രകാരം പ്രാദേശിക ദുരന്ത നിവാരണ പദ്ധതികൾ തയ്യാറാക്കുന്നത്. ബഹുഭൂരിപക്ഷം തദ്ദേശഭരണ സ്ഥാപനങ്ങളും ദുരന്തനിവാരണ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്.

### സന്നദ്ധ സേന

ദുരന്തങ്ങളെ അതിജീവിക്കുന്നതിന് സംസ്ഥാനാടി സ്ഥാനത്തിൽ നിന്നുകൊണ്ടുള്ള ഇടപെടൽ അത്യന്താപേക്ഷിതമാണ്. അതേസമയം ജനങ്ങളുമായി ദുരന്ത മധ്യത്തിൽ പോലും ഇടപഴകേണ്ടി വരുന്നതും ദൈനംദിന പ്രശ്നങ്ങൾക്ക് ഉടനടി പരിഹാരം കാണേണ്ടി വരുന്നതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. അതുകൊണ്ട് തന്നെ അവയെയും പ്രാദേശിക സമൂഹങ്ങളെയും ദുരന്തനിവാരണത്തെ നേരിടാൻ കെല്പുള്ള വിധം വളർത്തിയെടുക്കുക എന്നത് പ്രധാനപ്പെട്ട കാര്യമാണ്. പ്രകൃതി ദുരന്തങ്ങളിൽ സഹായമെത്തിക്കുക എന്നതിനുപരിയായി, ഏതൊരു പ്രാദേശിക പ്രതിസന്ധിയിലും സഹായത്തിനുതകുന്ന ഒരു സാമൂഹിക സംവിധാനം രൂപപ്പെടുത്തുക എന്നതും പ്രധാനമാണ്.

ഈ ലക്ഷ്യത്തോടെയാണ്, സംസ്ഥാനത്ത് 3,40,000 പേരുള്ള സാമൂഹിക സന്നദ്ധ സേന രൂപീകരിച്ചിരിക്കുന്നത്. അതായത്, സംസ്ഥാനത്തെ ഓരോ നൂറു പേർക്കും ഒരാളെന്ന നിലയ്ക്ക് സാമൂഹിക സന്നദ്ധ പ്രവർത്തകരെ ഒരുക്കിയിരിക്കുകയാണ് നാം. ഇവർക്ക് പ്രതിസന്ധി ഘട്ടങ്ങൾ നേരിടുന്നതിനുള്ള അടിസ്ഥാന പരിശീലനങ്ങൾ ലഭ്യമാക്കുകയും അവരുടെ സേവനം ഏതുസമയത്തും എളുപ്പത്തിൽ ലഭ്യമാക്കാവുന്ന സംവിധാനമൊരുക്കുകയും ചെയ്യുകയാണ്. ഇതിനുതകുന്ന സാങ്കേതികമായ സഹായങ്ങളും മറ്റും ലഭ്യമാക്കിയത് സംസ്ഥാന സർക്കാരിന്റെ തന്നെ നേരിട്ടുള്ള ഇടപെടലിലൂടെയാണ്. അങ്ങനെയാണ് ഫയർഫോഴ്സ് പോലുള്ള വിഭാഗങ്ങളുടെ സഹായം സന്നദ്ധ സേനയ്ക്ക് ലഭ്യമാക്കിയത്. ഓരോ പ്രദേശത്തെയും സാമൂഹിക സന്നദ്ധ സേനയുടെ രൂപീകരണത്തിലും പ്രവർത്തനത്തിലും സജീവവും ക്രിയാത്മകവുമായ നേതൃത്വമാണ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭാഗത്തുനിന്ന് ഉറപ്പുവരുത്തിയത്.

### കോവിഡ് പ്രതിരോധവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും

നാലുവർഷമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശാക്തീകരിക്കുകയും അങ്ങനെ അധികാര വികേന്ദ്രീകരണത്തെ കൂടുതൽ അർത്ഥവത്താക്കുകയും ചെയ്ത അനുഭവത്തിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോൾ നാമകപ്പെട്ടിരിക്കുന്ന കോവിഡ് 19 എന്ന മഹാമാരിക്കെതിരായ പോരാട്ടത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ കേന്ദ്ര സ്ഥാനത്ത് കേരളം പ്രതിഷ്ഠിച്ചത്. ആദ്യ ഘട്ടത്തിൽ ലോക്ക്ഡൗൺ കാലയളവിൽ സാമൂഹിക അടുക്കളകളിലൂടെ വിശക്കുന്നവർക്ക് ഭക്ഷണമെത്തിക്കുന്ന പ്രവർത്തനത്തിലാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശ്രദ്ധ കേന്ദ്രീകരിച്ചത്. അതിന്റെ ഗുണം പാവപ്പെട്ട കേരളീയർ മാത്രമല്ല, മറ്റു സംസ്ഥാനങ്ങളിൽ നിന്ന് നമ്മുടെ നാട്ടിലെത്തി പണിയെടുക്കുന്ന അതിഥി തൊഴിലാളികളും അനുഭവിച്ചു.

അതിന്റെ അടുത്ത ഘട്ടത്തിൽ വിദേശത്തു നിന്നും മറ്റിന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നും മടങ്ങിയെത്തുന്ന പ്രവാസികൾക്ക് ക്വാറന്റീൻ സൗകര്യമൊരുക്കുന്നതിലും ക്വാറന്റീനിൽ കഴിയുന്നവർക്ക് ഭക്ഷണം തയ്യാറാക്കിയെത്തിക്കുന്നതിലും, അവർക്ക് അടിയന്തര ആരോഗ്യ സേവനങ്ങൾ പ്രദാനം ചെയ്യുന്നതിലും, വാർഡ്തല സമിതികളിലൂടെ വീടുകളിൽ ക്വാറന്റീൻ സൗകര്യമുണ്ടോ എന്നു പരിശോധിക്കുന്നതിലും, വീടുകളിൽ ക്വാറന്റീനിലുള്ളവർ അതുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കുന്നുണ്ടോ എന്നും ഉറപ്പുവരുത്തുന്നതിലുമൊക്കെ നേതൃത്വപരമായ പങ്കാണ് നമ്മുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഹിച്ചത്. ഇപ്പോൾ കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകൾ എല്ലാ പ്രദേശങ്ങളിലും സജ്ജമാക്കുന്നതും അതാതിടങ്ങളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്.

ലോകമാകെ പൊരുതിക്കൊണ്ടിരിക്കുന്ന ഒരു മഹാമാരിയെ അധികാര വികേന്ദ്രീകരണത്തിലൂടെ എങ്ങനെ ഫലപ്രദമായി നേരിടാം എന്നതിന്റെ ഉത്തമദൃഷ്ടാന്തമാണ് കേരളം കഴിഞ്ഞ കുറച്ചു മാസങ്ങളായി ലോകത്തിനുമുമ്പാകെ അവതരിപ്പിക്കുന്നത്. ഇതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്ന നിലപാടാണ് എൽ.ഡി.എഫ്. സർക്കാർ കൈക്കൊണ്ടിട്ടുള്ളത്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി തനത് ഫണ്ടിൽ നിന്നു വിനിയോഗം നടത്താൻ അനുമതി നൽകിയും സംസ്ഥാന ദുരന്തനിവാരണ നിധിയിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുമൊക്കെ ആവശ്യമായ ഫണ്ടനുവദിച്ചും എഫ്.എൻ.റ്റി.സികളിലേക്കാവശ്യമായ അധിക ജീവനക്കാരെ നിയമിച്ചുമൊക്കെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മുകളിലുള്ള സാമ്പത്തിക ഭാരം ലഘൂകരിക്കുന്ന നടപടികളാണ് സംസ്ഥാന സർക്കാരിന്റെ ഭാഗത്തു നിന്നുണ്ടായിട്ടുള്ളത്.

ആദ്യ കേരള മന്ത്രിസഭ മുതലിങ്ങോട്ട് കാലാകാലങ്ങളായി അധികാര വികേന്ദ്രീകരണത്തിനായി സംസ്ഥാനത്തെ സർക്കാരുകൾ നടത്തിയിട്ടുള്ള ഇടപെടലുകളെ കൂടുതൽ ശക്തമായി മുന്നോട്ടു കൊണ്ടുപോകാനാണ് ഇപ്പോൾ അധികാരത്തിലുള്ള എൽഡിഎഫ് സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തിന്റേതായ തനത് വികസന പ്രശ്നങ്ങൾ പ്രത്യേകമായി പരിഹരിക്കാനുതകുന്ന വിധത്തിലാവിഷ്കരിച്ച നാലു മിഷനുകളുടെ നടത്തിപ്പിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സവിശേഷ അധികാരങ്ങളുറപ്പുവരുത്തിക്കൊണ്ട് കാലത്തിനനുയോജ്യമായ വിധത്തിൽ അധികാര വികേന്ദ്രീകരണ പ്രക്രിയയെ ശാക്തീകരിക്കുകയാണ് ഈ സർക്കാർ ചെയ്തത്.

ഹരിതകേരളം മിഷന്റെ ഭാഗമായി ജലാശയങ്ങൾ വീണ്ടെടുത്ത് നവീകരിച്ചതും കിണറുകൾ റീച്ചാർജ്ജ് ചെയ്തതും തരിശുനിലം കാർഷികയോഗ്യമാക്കിയതും അവിടങ്ങളിൽ കൃഷിയിറക്കിയതും മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ നടത്തിയതുമെല്ലാം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലാണ്. ഓരോ പ്രദേശങ്ങളിലും ഏതൊക്കെ പ്രവൃത്തികൾ എവിടെയൊക്കെ നടത്തണമെന്നു തീരുമാനിച്ചത് അതത് ഇടങ്ങളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്. ലൈഫ് മിഷന്റെ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതും പാർപ്പിട സമുച്ചയങ്ങൾക്ക് സ്ഥലം കണ്ടെത്തിയതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. ഓരോ വീടിനായനുവദിച്ച തുകയുടെ ഒരു വിഹിതം വഹിച്ചതും അവയാണ്. സമാനമായ രീതിയിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെയും ആർദ്രം മിഷന്റെയും ഭാഗമായ പ്രവൃത്തികളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തങ്ങളുടേതായ പങ്കു വഹിച്ചിട്ടുണ്ട്. അങ്ങനെ നാടിന്റെ പൊതുവികസനത്തിനനുഗുണമായ ഇടപെടലുകളിൽ അധികാര വികേന്ദ്രീകരണത്തിന്റെ സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തുകയും വിപുലീകരിക്കുകയുമാണ് ഈ സർക്കാർ ചെയ്തുകൊണ്ടിരിക്കുന്നത്. ഈ മാസം നടക്കുന്ന തദ്ദേശ തെരഞ്ഞെടുപ്പുകൾ അധികാരവികേന്ദ്രീകരണ പ്രക്രിയയെ കൂടുതൽ ശാക്തീകരിക്കുന്നതിനുള്ള ഉപാധിയാകുമെന്നാണ് കരുതുന്നത്.

കേരള നിയമസഭാ സെക്രട്ടേറിയറ്റിനു വേണ്ടി നിയമസഭാ സെക്രട്ടറി പ്രസിദ്ധീകരിക്കുന്നത്.
വിവരവിഭവ വികസന വിഭാഗം ഫോൺ : (0471) 2512493, 2512667, 2512353;  ഇ-മെയിൽ : kladrd@gmail.com  വെബ്സൈറ്റ് : www.niyamasabha.org